KNANAYADEEPAM

# ക്നാനായദീപം

Vol: 37 / Issue: 2 February 2026 ₹:20/-





# ആഗോള ക്നാനായ സമുദായ ദിനം

ആഗോള ക്നാനായ സമുദായ ദിനാഘോഷങ്ങളുടെ ഭാഗമായി ചിങ്ങവനം മോർ അപ്രേം സെമിനാരിയിൽ ക്നാനായ സമുദായത്തിന്റെ പതാക ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് ഉയർത്തുന്നു. സമുദായ സെക്രട്ടറി ശ്രീ.റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, സമുദായ ട്രസ്റ്റി ശ്രീ.റ്റി.സി. തോമസ് തോപ്പിൽ, വികാരി ജനറൽ ഫാ.വി.എ. ഏബ്രഹാം ഇളയശ്ശേരി, ഫാ. ജേക്കബ്കുട്ടി കല്ലുകുളം, ക്നാനായ സമുദായ കമ്മിറ്റി അംഗങ്ങൾ, വനിതാ സമാജം അംഗങ്ങൾ തുടങ്ങിയവർ സമീപം



ആഗോള ക്നാനായ സമുദായ ദിനത്തോടനുബന്ധിച്ച്, വിദേശരാജ്യങ്ങളിൽ നിന്നുള്ളവർ ഉൾപ്പെടെ പതിനായിരക്കണക്കിന് സമുദായ അംഗങ്ങൾ പങ്കെടുത്ത ദേവാലയങ്ങൾക്കും സംഘടനകൾക്കും വേണ്ടിയുള്ള അനുമോദന സമ്മേളനം ചിങ്ങവനം മോർ അപ്രേം സെമിനാരിയിൽ ആർച്ച് ബിഷപ്പ് കുറിയാക്കോസ് മാർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു. ഫാ. നോബിൻ തോമസ് ഇളകുറ്റൂർ, സജി താന്നിക്കൽ, ഫാ. എം.സി. സഖറിയ മധുരംക്കോട്ട്, സമുദായ ട്രസ്റ്റി ടി.സി. തോമസ് തോപ്പിൽ, സമുദായ സെക്രട്ടറി ടി.ഒ. ഏബ്രഹാം തോട്ടത്തിൽ, ഫാ. വി.എ. ഏബ്രഹാം ഇളയശ്ശേരി, തോമസ്കുട്ടി തേവരുമുറിയിൽ, ലിനു വരാത്തറ, സാബു കണ്ണാട്ടിപ്പുഴ, രഞ്ജു ചാക്കോ കോഴിമറ്റം തുടങ്ങിയവർ സമീപം.



2026 ജനുവരി 18–ന് ചിങ്ങവനത്ത് നടന്ന ക്നാനായ സമുദായ ദിനത്തിന്റെ മികച്ച സംഘാടനത്തിന് ക്നാനായ സമുദായ വലിയ മെത്രപ്പോലീത്ത ആർച്ച് ബിഷപ്പ് അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി സ്വാഗത സംഘം ചെയർമാൻ ഫാ. ജേക്കബ് കല്ലുകുളത്തെ പൊന്നാടയണിയിച്ച് ആദരിക്കുന്നു. ഫാ. വി.എ. ഏബ്രഹാം ഇളയശ്ശേരിൽ ക്നാനായ അസ്സോസിയേഷൻ പ്രസിഡന്റ്, ശ്രീ. റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ സമുദായ സെക്രട്ടറി, ശ്രീ. റ്റി.സി. തോമസ് തോപ്പിൽ സമുദായ ട്രസ്റ്റി, ക്നാനായ കമ്മിറ്റി അംഗങ്ങളായ സജി താന്നിക്കൽ, രഞ്ചു കോഴിമറ്റം, ഭദ്രാസന സെക്രട്ടറി ഫാ. നോബിൻ തോമസ് ഇളകുറ്റൂർ എന്നിവർ സമീപം.

# ക്നാനായ ദീപം

2026 ഫെബ്രുവരി പുസ്തകം 37 ലക്കം 2

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

കുർബ്ബാന വീഥിയിൽ 08
ഫാ. ജേക്കബ് കല്ലുകുളം

ആദാമിന് എന്തുപറ്റി എന്ന്... 09
സണ്ണി ജേക്കബ് കാട്ടുവേലിൽ

മാനസികവും വൈകാരികവുമായ.... 15
സുനിൽ ഡി. കുരുവിള

ജീവിത സായാഹ്നം... 17
ഫാ. സിജിൻ ജോസ് വിലങ്ങൻപാറ

സ്വർഗ്ഗീയ സ്നേഹം 18
തോമസുകുട്ടി കൊച്ചുമറ്റം

Rooted in Faith,... 19
Seema Shinto, Kanniyel

ഏവൻഗേലിയോൻ ദീപം 20
ഫാ. ചിക്കു ബേബി കാരിമറ്റത്തിൽ

ഇങ്ങനെയും ജീവിതം 22
ഫാ. ആൻഡ്രൂസ് കടപ്പനങ്ങാട്ട്

ദേഹം, ദേഹി, ആത്മാവ്... 23
പ്രൊഫ. എം.എ. ഏബ്രഹാം മണിമലേത്ത്

മലർവാടിക്കൂട്ടം, ബാലദീപം ക്വിസ് 26

40 മല്പാനോട് ചോദിക്കാം

41 കാല്പ്പാടുകൾ
എബി

42 സ്ലീബായെ വന്ദിക്കുന്നത്...
ഉണ്ണി ഏബ്രഹാം കൊറ്റുചാലിൽ

44 തീർത്ഥാടനത്തിന്റെ ലക്ഷ്യം
ഫാ. ഡാർലി എടപ്പങ്ങാട്ടിൽ

45 വചനത്തിലെ നിധി കണ്ടെത്തുവാൻ
ജയ്നമ്മ മർക്കോസ്, നടുവിലെപറമ്പിൽ

46 മാട്രിമോണിയൽ



SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യുആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.



**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**
**Chief Editor**
**V. Rev. Abraham Mathew (Roy Achan)**
**Cor Episcopa Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
Benny Mathew Kariyil
Biju Andrews Edasseril
Rupesh Baby, Perumpalliparampil
Sony Kunnumpurath
Thomaskutty A Kurian Appeecil

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
K.K. Chacko Koorkkakalayil
Kurian Abraham Kaippuzha
K.A. Mathew (Baby)
Komarathumparambil
Mathew Abraham (Wailskutty),
Parumalayil
Sabu Jacob Chirayil
Thampy Mathew Mukkattu
O.C. Yakoob, Oliyappurathu

**Ex-officio Members**
**T.C.Thomas Thoppil**
Lay Trustee
**T.O. Abraham Thottathil**
Samudaya Secretary

Visit www.
knanayadeepam.in



**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
**Ph: 0481-2430176, 0481-2961213**
**Mob. 85475 84440**
**Fr. Jacob Kallookulam 9447563240**
E-mail:
**kna.deepam@gmail.com**

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com



ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




**കർത്താവിൽ പ്രിയ ക്നാനായദീപം വായനക്കാർക്ക്**
**കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ**
**സ്നേഹവന്ദനം.**

കർത്താവിൽ പ്രിയരെ,

ആധുനിക ലോകം തങ്ങളുടെ വിവേകത്തിലും ലോകവഴികളിലും പൈശാചിക മാർഗ്ഗങ്ങളിലും മാത്രം ദൃഷ്ടി പതിക്കുകയാൽ അനേകർ നിരക്ഷരകക്ഷികളും ദരിദ്രരുമായി ഇന്നും കഴിയുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തു ജഢമെടുത്തു മനുഷ്യരക്ഷയ്ക്കായി വെളിപ്പെട്ടപ്പോൾ സ്ഥിതി മറിച്ചായിരുന്നില്ല. അങ്ങനെയുള്ള ഒരു ലോകത്തെ നോക്കിക്കൊണ്ടാണ് ഞാൻ എന്റെ സഭയെ പണിയും എന്നു പറഞ്ഞത്. ദൈവരാജ്യം യേശുക്രിസ്തു കെട്ടിപ്പണിയുകയായിരുന്നു. അരക്ഷിതരും, അവിശ്വാസികളും, സന്തോഷരഹിതരും, അടിമകളും, ദരിദ്രരുമായ മനുഷ്യവർഗ്ഗത്തിൽ നിന്നും സമാധാന സന്തോഷ സമ്പൂർണ്ണമായ ഒരു സഭയെ വേർതിരിക്കുകയായിരുന്നു. കർത്താവിന്റെ ആഗമന ഉദ്ദേശം. താൻ വിളിച്ചു വേർതിരിക്കപ്പെട്ടവരെ സഭയോടു ചേർത്തു. ആദ്യം അപ്പസ്തോലന്മാരെ അവൻ അതിനായി നിയോഗിച്ചു. “ക്രിസ്തുയേശു തന്നെ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പസ്തോലന്മാരും, പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു (എഫേ.2:20) യേശുക്രിസ്തു ഇപ്രകാരം സഭയെ പണിതുയർത്തിയിരിക്കുന്നു. കർത്താവ് മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗാരോഹണം ചെയ്തു സഭയുടെ തലയായി മഹാപുരോഹിതനായി പിതാവിന്റെ വലതുഭാഗത്ത് ഇരുന്നു. ഇന്നും സഭയുടെ തലയായി അവൻ ഇരിക്കുന്നു. തലമുറ തലമുറയായി മനുഷ്യവർഗ്ഗം ജനിക്കുകയും മരിക്കുകയും ചെയ്യുന്നു. അതിനെക്കുറിച്ച് അപ്പസ്തോലൻ പറയുന്നത് ഇപ്രകാരമാണ്. ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്ക് നിയമിച്ചിരിക്കുകയാൽ (എഫേ.9:27). ക്രിസ്തുവും നമ്മുടെ പാപങ്ങളെ ചുമപ്പാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു. തനിക്കായി കാത്തിരിക്കുന്നവരുടെ രക്ഷയ്ക്കായി യാഗമായിത്തീർന്ന അവൻ രണ്ടാമതും പ്രത്യക്ഷമാകും. ഈ വലിയ പ്രത്യാശയുള്ള ദൈവമക്കളുടെ ഐക്യം നഷ്ടപ്പെട്ടാൽ ആത്മീകതയുടെ അർത്ഥവും ശക്തിയും സാക്ഷ്യവും നഷ്ടമാകും. ഐക്യമത്യം മഹാബലം എന്ന ആപ്തവാക്യം നമുക്കെല്ലാവർക്കും പരിചിതമാണ്. വിശ്വാസികൾ തമ്മിലുള്ള മാനസിക പൊരുത്തക്കേടുകൾ പരിഹരിക്കാതെ നിർവ്വഹിക്കുന്ന ആത്മീയ കാര്യങ്ങളിൽ ദൈവം പ്രസാദിക്കുകയില്ലെന്ന് യേശു കർത്താവ് പഠിപ്പിച്ചിട്ടുണ്ട്. അങ്ങനെയെങ്കിൽ മെത്രാന്മാർ തമ്മിലുള്ള പൊരുത്തക്കേടുകൾ പരിഹരിക്കാതെ അവർ നിർവ്വഹിക്കുന്ന കുർബ്ബാനയിലും ആത്മീയ കാര്യങ്ങളിലും ദൈവം പ്രസാദിക്കുമോ? വായിക്കുന്നവർ ചിന്തിക്കുക. ഒരുവന്റെ സഹോദരന് തന്നോടെന്തെങ്കിലും പൊരുത്തക്കേടുണ്ടെന്ന് തോന്നിയാൽ അതു പരിഹരിച്ചശേഷം യാഗം കഴിച്ചാൽ മതി എന്നാണ് നമ്മുടെ കർത്താവ് കല്പ്പിച്ചത്. ഒരു കാര്യം വെളിപ്പെടുത്താം ഐക്യം എന്നു പറഞ്ഞാൽ ഒരു കാര്യത്തിനു വേണ്ടി ഒരുമിച്ച് പ്രവർത്തിക്കുക എന്നതാണ്. അവൻ ചെയ്യട്ടെ ഇവൻ ചെയ്യട്ടെ എന്നുള്ള ചിന്താഗതി അനൈക്യമാണ്, ഐക്യത്തിലാണ് ദൈവപ്രവൃത്തി വെളിപ്പെടുന്നത്. ഒരിക്കലും കലഹിക്കാത്ത പിതൃപുത്രപരിശുദ്ധാത്മാബന്ധമാണ് ദൈവജനം ഐക്യത്തിന് മാതൃകയായി സ്വീകരിക്കേണ്ടത്. ഐക്യം നിലനിൽക്കണമെങ്കിൽ അന്യോന്യം അംഗീകരിക്കുകയും മാനിക്കുകയും വേണം. ബന്ധങ്ങളെ അറുക്കാനും സ്നേഹത്തെ കവർന്നു കളയുവാനും ശത്രു ശ്രമിക്കുമ്പോൾ നാം സഭയുടെയും സമുദായത്തിന്റെയും നന്മയ്ക്കായി ഐക്യവും സാക്ഷ്യവും കാത്തുസൂക്ഷിക്കാൻ കടപ്പെട്ടവരാണ്.

നമ്മുടെ കർത്താവിന്റെ പീഢാനുഭവങ്ങളെ അനുസ്മരിച്ചുകൊണ്ട് ഉയിർപ്പു പെരുന്നാളിന് മുമ്പാണ് നോമ്പാചരിക്കുക എന്നത് ആദ്യ നൂറ്റാണ്ടു മുതൽ തന്നെ സഭയിൽ നിലനിന്നു വരുന്ന പാരമ്പര്യമാണ്. കർത്താവിന്റെ പീഢാനുഭവങ്ങളെപ്പറ്റിയുള്ള ചിന്ത സ്വാഭാവികമായും അവയുടെ കാരണമായ നമ്മുടെ പാപത്തെപ്പറ്റിയുള്ള ചിന്തയിലേക്ക് നയിക്കുകയും, പശ്ചാത്താപത്തിനും സ്വയം ശിക്ഷണത്തിനുള്ള അവസരമായിത്തീരുകയും വേണം. ജീവിതയാത്രയിൽ മുമ്പോട്ടും പിമ്പോട്ടും നോക്കുന്നതിനുള്ള ഒരവസരമാണ് നോമ്പ്. നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിനോടുള്ള സ്നേഹമാണ് നോമ്പിന്റെ ഹേതു. ദൈവത്തെ കൂടുതലായി സ്നേഹിക്കുന്നതിനും സേവിക്കുന്നതിനും നമ്മെ സഹായിക്കുക എന്നതാണ് നോമ്പിന്റെ ലക്ഷ്യം അതു നിമിത്തം സഹോദരങ്ങളെ സ്നേഹിക്കുകയും വേണം. സഹോദരനെ നിസ്സാരൻ എന്നു വിളിക്കുന്നവൻ ന്യായവിധിക്ക് കാരണക്കാരനാണെന്നു പഠിപ്പിച്ച കർത്താവ് ന്യായം വിധിക്കുമ്പോൾ കർത്താവിന്റെ മണവാട്ടിയായ സഭയുടെ മക്കളും കർത്താവിന്റെ പ്രധിനിധികളാണെന്ന് അവകാശപ്പെടുന്ന സഭയിലെ മേല്പ്പട്ടക്കാരും പട്ടക്കാരും ശെമ്മാശന്മാരും പരസ്പരം വാശിയോടുകൂടി കേസുകൾ നടത്തുകയും കള്ളസത്യം ചെയ്യുകയും കള്ളങ്ങൾ മാത്രം മാദ്ധ്യമങ്ങളിൽകൂടി പറയുകയും മന:സാക്ഷിക്ക് വിരുദ്ധമായി തെറ്റുകൾ ചെയ്യുകയും ചെയ്യുമ്പോൾ അങ്ങനെയുള്ളവരുടെ വിധി എന്താകും എന്ന് വിചാരിച്ച് സത്യഅനുതാപത്തോടും തിളയ്ക്കുന്ന വിശ്വാസത്തോടും കൂടി സത്യകുമ്പസാരം നടത്തി മോചനം പ്രാപിക്കുവാൻവേണ്ടി കേസുകൾ പിൻവലിച്ച് സഹോദരങ്ങളോടു നിരപ്പായി ദൈവത്തോട് ഐക്യതപ്പെടുക. അല്ലായെങ്കിൽ ന്യായവിധിയുടെ വാൾ നമ്മുടെ നേരെ നീങ്ങപ്പെടും. നോമ്പിന്റെ അവസാനം വിശ്വാസികൾ നിർബന്ധമായും ആണ്ടു കുമ്പസാരം നടത്തിയിരിക്കണം. ഇളകിയ ഒരു പല്ല് പറിക്കണമെങ്കിൽ ലോക്കൽ അനസ്തേഷ്യ എടുത്ത് അരമണിക്കൂർ രോഗി കുത്തിയിരിക്കണം. ആ സ്ഥിതിക്ക് ആഴത്തിൽ പോരാടിയ പാപസ്വഭാവത്തിന്റെ തായ്‌വേരുകൾ വളരെ നിസ്സാര കൈക്രിയയിലൂടെ നടക്കില്ലെന്നു മനസ്സിലാക്കണം. കുമ്പസാരിക്കാൻ വരുന്ന ആൾ സത്യ അനുതാപത്തോടെ പാപങ്ങളെ ഏറ്റുപറഞ്ഞ് സത്യകുമ്പസാരം നടത്തി വിശുദ്ധ കുർബ്ബാന കൈക്കൊണ്ട് പൂർണ്ണവിശുദ്ധരായി ജീവിക്കണം. നമ്മുടെ കർത്താവിന്റെ രണ്ടാമത്തെ വരവ് ആസന്നമായി. കർത്താവിനെ എതിരേല്പ്പാൻ നമുക്ക് ഒരുങ്ങാം.

**എന്ന്**
**നിങ്ങളുടെ പ്രിയ റോയി അച്ചൻ**

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



കർത്താവിൽ പ്രിയരെ,

2026 ലെ രണ്ടാം മാസത്തിലേക്ക് ദൈവം നമ്മെ കൈപിടിച്ച് നടത്തിയല്ലോ. ജീവിതത്തിൽ ഇന്നുവരെയും ലഭിച്ച എല്ലാ കൃപകൾക്കുമായി ദൈവത്തെ സ്തുതിക്കാം. ഫെബ്രുവരി മാസത്തിൽ, മഞ്ഞനിക്കരയിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധ മോർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ ബാവായുടെ ഓർമ്മ നാം കൊണ്ടാടുന്നു. സഭയെ നയിച്ച ഈ വിശുദ്ധ പിതാവ്, തന്റെ ജീവിതം മുഴുവൻ പ്രാർത്ഥനയ്ക്കും സമർപ്പണത്തിനും ത്യാഗത്തിനും സമർപ്പിച്ചവനായിരുന്നു. ദൈവജനങ്ങളുടെ ആത്മീയ ക്ഷേമത്തിനായി ജീവിച്ച മാതൃകാപുരുഷനാണ് അദ്ദേഹം. സഭയിൽ ഉണ്ടായിരുന്ന പ്രതിസന്ധികൾ പരിഹരിക്കാനും ഐക്യം ഉറപ്പാക്കാനും ഇന്ത്യയിലേക്കെത്തിയ ബാവായുടെ സ്നേഹവും വിനയവും ഇന്നും വിശ്വാസികളുടെ ഹൃദയങ്ങളിൽ പ്രകാശിക്കുന്നു. മഞ്ഞനിക്കര ബാവായുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത് ദൈവവിശ്വാസത്തിൽ ഉറച്ചു നിൽക്കുക, വിനയത്തോടെ സേവിക്കുക, സഭയെ സ്നേഹിക്കുക, കഷ്ടതകളിൽ പോലും പ്രാർത്ഥന ഉണ്ടായിരിക്കുക എന്നതാണ്. "പ്രാർത്ഥനയാണ് ശക്തി, വിശ്വാസമാണ് വിജയം" എന്ന സന്ദേശം അദ്ദേഹത്തിന്റെ ജീവിതം മുഴുവൻ മുഴങ്ങുന്നു. മഞ്ഞനിക്കര ബാവായുടെ പരിശുദ്ധ സ്മരണ നമ്മിൽ ആത്മീയ നവീകരണവും വിശ്വാസദൃഢതയും വളർത്തട്ടെ. അദ്ദേഹത്തിന്റെ മദ്ധ്യസ്ഥപ്രാർത്ഥനകൾ വഴി നമ്മുടെ കുടുംബങ്ങൾക്കും സഭയ്ക്കും സമാധാനവും അനുഗ്രഹവും ലഭിക്കട്ടെ.

ഫെബ്രുവരി 16 ന് സഭ വലിയ നോമ്പിലേക്ക് പ്രവേശിക്കുകയാണല്ലോ. വലിയ നോമ്പ് വിശ്വാസജീവിതത്തിന്റെ നവീകരണകാലമാണ്. ഇത് ഭക്ഷണം ഒഴിവാക്കുന്നതു മാത്രമല്ല, മറിച്ച് ആത്മാവിനെ ശുദ്ധീകരിക്കുകയും ദൈവസന്നിധിയിലേക്ക് കൂടുതൽ അടുക്കുകയും ചെയ്യുന്ന വിശുദ്ധ ആത്മീയ യാത്രയാണ്. യേശുക്രിസ്തു മരുഭൂമിയിൽ നാല്പത് ദിവസം ഉപവസിച്ചും പ്രാർത്ഥിച്ചും ആത്മീയമായി തയ്യാറായതുപോലെ, നാം ഓരോരുത്തരും നമ്മുടെ ജീവിതം പുതുക്കി ക്രിസ്തുവിനോടു കൂടുതൽ അടുപ്പം നേടേണ്ട സമയമാണിത്. അതുകൊണ്ട് ഈ നോമ്പുകാലത്ത് വിശ്വാസികളായ നാം പ്രാർത്ഥനയിൽ വളരേണ്ടതുണ്ട്. ദിവസേനയുള്ള വേദവായന, കുടുംബ പ്രാർത്ഥന, വ്യക്തിപരമായ ധ്യാനം, വിശുദ്ധ കുർബ്ബാനയിൽ പങ്കാളിത്തം എന്നിവ നമ്മുടെ ആത്മാവിനെ ശക്തിപ്പെടുത്തുന്നു. ഉപവാസവും സ്വയം നിയന്ത്രണവും അഭ്യസിക്കണം. പശ്ചാത്താപവും കുമ്പസാരവും അനിവാര്യമാണ്. നമ്മുടെ പാപങ്ങളെ തിരിച്ചറിഞ്ഞ് ദൈവസന്നിധിയിൽ സമ്മതിക്കുകയും തിരുത്തപ്പെടാൻ തയ്യാറാവുകയും വേണം. കുമ്പസാരം ആത്മാവിനെ ശുദ്ധീകരിച്ച് പുതിയ ജീവിതത്തിലേക്ക് നയിക്കുന്ന ഒരു അനുഗ്രഹവാതിലാണ്. ദാനധർമ്മവും സ്നേഹസേവനവും നടത്തണം. വിശപ്പുള്ളവരെ പോറ്റുക, രോഗികളെ സന്ദർശിക്കുക, ദരിദ്രരെ സഹായിക്കുക. ഇതെല്ലാം നോമ്പിന്റെ യഥാർത്ഥ ഫലങ്ങളാണ്. ക്രിസ്തുവിന്റെ കരുണയും സ്നേഹവും നമ്മുടെ പ്രവൃത്തികളിലൂടെ പ്രകടമാകണം. ആത്മപരിശോധനയും നവീകരണവും നടത്തണം."എന്റെ ജീവിതം ദൈവത്തിന് പ്രസാദകരമാണോ?" എന്ന ചോദ്യത്തോടെ ഓരോ ദിവസവും സ്വയം പരിശോധിക്കണം. ദോഷങ്ങളെ വിട്ട് നന്മയിൽ വളരാനും ക്രിസ്തുവിനെ അനുസരിക്കാനും തീരുമാനിക്കണം. ഇങ്ങനെ വലിയ നോമ്പ് ആചരിക്കുമ്പോൾ, ഈസ്റ്റർ ദിനത്തിൽ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ സന്തോഷം നമുക്കും അനുഭവിക്കാനാകും. വലിയ നോമ്പ് നമ്മുടെ ജീവിതത്തെ മാറ്റിമറിക്കുന്ന ദൈവാനുഗ്രഹകാലമായി മാറട്ടെയെന്ന് ആശംസിക്കുന്നു.

സുറിയാനി സഭയുടെ വിശുദ്ധ ആചാരങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് പാതി നോമ്പ്. നോമ്പിന്റെ ആദ്യപകുതിയിൽ നാം എത്രത്തോളം ആത്മീയമായി വളർന്നു, എത്രത്തോളം പാപങ്ങളെ വിട്ടുമാറി, ദൈവത്തോടു കൂടുതൽ അടുത്തു എന്നത് തിരിച്ചറിയാൻ പാതി നോമ്പ് നമ്മെ ക്ഷണിക്കുന്നു. അതിനാൽ ഇത് ഒരു ആചാരം മാത്രമല്ല; മറിച്ച് ആത്മാവിന്റെ ഉണർവിനുള്ള ദൈവിക വിളിയാണ്. ഈ കാലഘട്ടം നമ്മോട് ചോദിക്കുന്നു. "എന്റെ ഹൃദയം ക്രിസ്തുവിനായി തയ്യാറായിട്ടുണ്ടോ?" നമ്മുടെ ജീവിതത്തിലെ ദോഷങ്ങളെ വിട്ടുമാറി നന്മയിലേക്ക് തിരിയാനുള്ള സമയം ഇതാണ്. പാതി നോമ്പ് നമ്മെ വീണ്ടും ഉണർത്തി, വലിയ നോമ്പിന്റെ ശേഷിക്കുന്ന ദിവസങ്ങളെ കൂടുതൽ ആത്മാർത്ഥതയോടെ

*(ശേഷം പേജ് 10-ൽ)*

# സമുദായ വാർത്തകൾ



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പാരമ്പര്യത്തിന്റെ ജയഭേരി മുഴക്കി ചിങ്ങവനത്ത് ഒരു ചരിത്ര വിസ്മയം: ക്നാനായ മഹാസംഗമം 2026

പ്രിയപ്പെട്ട സമുദായ അംഗങ്ങളെ,

അത്യന്തം ആവേശത്തോടും സന്തോഷത്തോടും കൂടിയാണ് ഇത്തവണത്തെ 'ക്നാനായ ദീപം' വാർത്തകൾ നിങ്ങളിലേക്ക് എത്തിക്കുന്നത്. 2026 ജനുവരി 18 സമുദായ ചരിത്രത്തിലാദ്യമായി ഇത്രയേറെ ജനപങ്കാളിത്തത്തോടെ നടന്ന ഒരു സംഗമത്തിന് സാക്ഷ്യം വഹിക്കാൻ നമുക്ക് സാധിച്ചു. ജനുവരി 11-ാം തീയതി ഞായറാഴ്ച മലങ്കരയിലെ എല്ലാ ക്നാനായ ദൈവാലയങ്ങളിലും പതാക ഉയർത്തിക്കൊണ്ട് സമുദായ ദിനത്തെ നാം ഭക്തിപൂർവ്വം വരവേറ്റു. 18-ാം തീയതി ഉച്ചയ്ക്ക് ഒരു മണി മുതൽ മന്ദിരം ചാപ്പലിലേക്ക് വിശ്വാസസമൂഹം ഒഴുകിയെത്തിത്തുടങ്ങി. തുടർന്ന് 2.45 ന് പൈലറ്റ് വാഹനത്തിന്റെയും ആവേശം വിതറുന്ന വാദ്യമേളങ്ങളുടെയും അകമ്പടിയോടെ മഹാറാലി ചിങ്ങവനം പുത്തൻപള്ളിയിലേക്ക് നീങ്ങി. ഓരോ ഇടവകയും തങ്ങളുടെ ബാനറുകൾക്ക് പിന്നിൽ അണിനിരന്നപ്പോൾ, അത് ക്നാനായ പാരമ്പര്യത്തിന്റെ കരുത്തും ഐക്യവും വിളിച്ചോതുന്ന ചരിത്രപ്രവാഹമായി മാറി. ചിങ്ങവനത്തിന്റെ പുണ്യഭൂമിയിൽ 2026 ഫെബ്രുവരിയുടെ ഈ ദിനങ്ങളിൽ സാക്ഷ്യം വഹിച്ചത് വെറുമൊരു സംഗമത്തിനല്ല; മറിച്ച് 17 നൂറ്റാണ്ടുകളുടെ പാരമ്പര്യം പേറുന്ന ഒരു ജനതയുടെ അജയ്യമായ കരുത്തിന്റെ വിളംബരത്തിനാണ്. എ.ഡി.345 ൽ കൊടുങ്ങല്ലൂരിന്റെ തീരത്ത് നങ്കൂരമിട്ട ആ തനിമയുടെയും വംശശുദ്ധിയുടെയും പിൻതലമുറ, തങ്ങളുടെ സ്വത്തും അവകാശങ്ങളും സംരക്ഷിക്കപ്പെടുമെന്ന് ലോകത്തോട് ഉറക്കെ പ്രഖ്യാപിച്ച ചരിത്ര മുഹൂർത്തമായിരുന്നു ഇത്.

**വിശ്വാസത്തിന്റെ പടയോട്ടം:** രാജവീഥികളെ ധന്യമാക്കി മഹാറാലി മഹാസംഗമത്തിന്റെ തുടക്കം കുറിച്ച വർണ്ണാഭമായ റാലി അക്ഷരാർത്ഥത്തിൽ ഒരു ജനസാഗരമായി മാറി. അലങ്കരിച്ച വാഹനങ്ങളും, മുത്തുക്കുടകളും, ബാൻഡ് മേളങ്ങളും, ആവേശമുയർത്തുന്ന മുദ്രാവാക്യങ്ങളുമായി പതിനായിരങ്ങളാണ് ചിങ്ങവനത്തിന്റെ രാജവീഥികളിൽ അണിനിരന്നത്. ക്നാനായ സമുദായത്തിന്റെ പ്രഥമ ദൈവാലയമായ കോട്ടയം വലിയപള്ളി മുതൽ റാന്നി വലിയപള്ളി, കല്ലിശ്ശേരി പള്ളി എന്നിങ്ങനെ ഓരോ ഇടവകകളും തങ്ങളുടെ പൈതൃകത്തിന്റെ പതാകയേന്തി റാലിയിൽ പങ്കുചേർന്നു. മാരിവിൽ വർണ്ണങ്ങളിൽ പീലിവിരിച്ചാടുന്ന മയൂരങ്ങളെപ്പോലെ ക്നാനായ പെൺകൊടിമാരും യുവാക്കളും റാലിയുടെ ശോഭ വർദ്ധിപ്പിച്ചു. വിഘടനവാദികളുടെ കുപ്രചരണങ്ങളെ നിഷ്പ്രഭമാക്കിയ ഈ ജനമുന്നേറ്റം വംശശുദ്ധിയുടെയും ഐക്യത്തിന്റെയും പ്രതീകമായി മാറി.

**മുഖ്യമന്ത്രിയുടെ സാന്നിധ്യം; സമുദായത്തിന്റെ അംഗീകാരം:** കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ സാന്നിധ്യം സമ്മേളനത്തിന് മാറ്റുകൂട്ടി. ക്നാനായ സമുദായം കേരളത്തിന്റെ സാംസ്കാരിക ഭൂപടത്തിൽ വഹിക്കുന്ന അതുല്യമായ സ്ഥാനം അദ്ദേഹം തന്റെ ഉദ്ഘാടന പ്രസംഗത്തിൽ എടുത്തുപറഞ്ഞു. മാർഗ്ഗംകളിയുടെ താളത്തിനൊത്ത് പരമ്പരാഗത രീതിയിൽ നൽകിയ സ്വീകരണം മുഖ്യമന്ത്രിയെ ഏറെ ആകർഷിച്ചു. അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്തയോടും സമുദായ നേതാക്കളോടുമൊപ്പം വേദിപങ്കിട്ട അദ്ദേഹം, സമുദായത്തിന്റെ ആധുനിക കാഴ്ചപ്പാടുകളെയും തനിമ കാത്തുസൂക്ഷിക്കാനുള്ള താല്പര്യത്തെയും അഭിനന്ദിച്ചു. തുടർന്ന് സമുദായ ആസ്ഥാനമായ മോർ അപ്രേം സെമിനാരി അദ്ദേഹം സന്ദർശിച്ചത് സമുദായത്തോടുള്ള ഭരണകൂടത്തിന്റെ മതിപ്പിന് തെളിവായി.

**ആത്മീയ നേതൃത്വത്തിന്റെ കരുത്താർന്ന ചുവടുകൾ:** 22 വർഷമായി സമുദായത്തെ ഒരു തള്ളപ്പക്ഷിയെപ്പോലെ കാത്തുസൂക്ഷിക്കുന്ന അഭി. സമുദായ വലിയ മെത്രാപ്പോലീത്തയുടെ മെത്രാഭിഷേക വാർഷികാഘോഷം കൂടി ഇതിനോടനുബന്ധിച്ച് നടന്നു. ശത്രുക്കളുടെ ചതിക്കുഴികളിൽനിന്നും സമുദായ ഭരണഘടനയെയും ആചാരങ്ങളെയും സംരക്ഷിച്ചു നിർത്തിയ അദ്ദേഹത്തിന്റെ നേതൃത്വം ഓരോ ക്നാനായക്കാരനും വലിയ ആത്മവിശ്വാസമാണ് നൽകുന്നത്. ഉരുക്കുമുഷ്ടിയുള്ള നേതൃത്വം ഈ മഹാസമ്മേളനത്തിന്റെ വിജയശില്പി തന്നെയാണ്. എതിരാളികളുടെ കുതന്ത്രങ്ങളെ ചതുരംഗക്കളത്തിലെ കരുനീക്കങ്ങൾപോലെ പ്രതിരോധിക്കുവാൻ ഞങ്ങൾക്ക് സാധിച്ചു. നിശ്ചയദാർഢ്യം വിഘടനവാദികളുടെ നെഞ്ചിലെ പരാജയഭീതി വർദ്ധിപ്പിക്കുന്നുവെന്ന് നിസ്സംശയം പറയാം.

**പാരമ്പര്യം വാഴട്ടെ**

ചിങ്ങവനത്തെ ജനസാഗരം ഒരു സന്ദേശമാണ് നൽകുന്നത്. "ക്നാനായ സമുദായം ഏകമാണ്, അജയ്യമാണ്." പ്രവാസി മണ്ണിൽനിന്നും സ്വദേശത്തുനിന്നും ഒരേമനസ്സോടെ ഒഴുകിയെത്തിയ ആയിരങ്ങൾ തെളിയിക്കുന്നത്, നമ്മുടെ പാരമ്പര്യം വെറുമൊരു ഓർമ്മയല്ല, മറിച്ച് നമ്മുടെ നട്ടെല്ലിലെ തീയാണെന്നാണ്.വിജയഗാഥകളുടെ ഈ സുവർണ്ണ അദ്ധ്യായം വരുംതലമുറകൾക്ക് ആവേശം പകരുമെന്നതിൽ തർക്കമില്ല. ആവേശകരമായ പങ്കാളിത്തം ഉറപ്പുവരുത്തിയ പ്രവാസി ക്നാനായ സംഘടനകൾക്ക് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. ഗൾഫ് രാജ്യങ്ങളിൽനിന്നും അമേരിക്കയിൽ നിന്നുമുള്ള എൻ.എ.എം.കെ.സി (NAMKC) യൂറോപ്പിൽ നിന്നുള്ള ഇ.കെ.സി. (EKC) എന്നിവരുടെയും ഗ്ലോബൽ ക്നാനായ വിമൻസ് ഫോറത്തിന്റെയും സജീവസാന്നിധ്യം ഈ ആഘോഷത്തിന് മാറ്റുകൂട്ടി. സമുദായത്തോടുള്ള ഇവരുടെ സ്നേഹത്തിനും അർപ്പണബോധത്തിനും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ അർപ്പിക്കുന്നു."

സമുദായത്തെ തകർക്കാനും സമ്മേളനങ്ങളുടെ ശോഭ കെടുത്താനും ചില വിഘടിത വിഭാഗങ്ങൾ മുമ്പ് ശ്രമങ്ങൾ നടത്തിയിരുന്നു. ചിങ്ങവനത്ത് നടന്ന സമുദായദിന സമ്മേളനത്തിന് തൊട്ടുമുമ്പ് മോർ അപ്രേം സെമിനാരിക്ക് മുമ്പിൽ നൂറോളം പേരെ അണിനിരത്തി പ്രതിഷേധ നാടകങ്ങൾ സംഘടിപ്പിച്ചത് ഇത്തരം ഗൂഢലക്ഷ്യത്തോടെയായിരുന്നു. എന്നാൽ ആ വിഫലശ്രമങ്ങളെ അതിജീവിച്ച് പതിനായിരങ്ങൾ അണിനിരന്ന സമുദായ സംഗമം വൻവിജയമായത് ക്നാനായ ജനതയുടെ ഐക്യത്തിന്റെ വിളംബരമായി.

**വിജയഗാഥകൾക്ക് അംഗീകാരം: പുരസ്ക്കാര സമർപ്പണവും ജനപ്രതിനിധികളെ ആദരിക്കലും** സമുദായ റാലിയിൽ മികവ് തെളിയിച്ച ഇടവകകൾക്കുള്ള പുരസ്ക്കാര വിതരണം നടത്തി. ക്നാനായ സമുദായത്തിന്റെ ഐക്യവും കരുത്തും വിളിച്ചോതിയ റാലിയിൽ, ആവേശകരമായ മത്സരബുദ്ധിയോടെയും എന്നാൽ അതിലേറെ അച്ചടക്കത്തോടും കൂടി പങ്കെടുത്ത എല്ലാ ഇടവകകളും അഭിനന്ദനം അർഹിക്കുന്നു. റാലിയിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയ ഇടവകകൾക്കും, വിവിധ വിഭാഗങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെച്ച് പ്രത്യേക പുരസ്ക്കാരത്തിന് (Special Prize) അർഹരായ ഇടവകകൾക്കുമുള്ള സമ്മാനദാനം ഫെബ്രുവരി ഒന്നാം തീയതി ചടങ്ങിൽവെച്ച് നടന്നു. സമുദായത്തിന്റെ ആത്മീയ പിതാവ് അഭി. കുറിയാക്കോസ് മോർ സേവേറിയോസ് വലിയമെത്രാപ്പോലീത്ത വിജയികൾക്കുള്ള പുരസ്ക്കാരങ്ങൾ വിതരണം ചെയ്തു. ഈ വിജയം കേവലം ഒരു ഇടവകയുടെ മാത്രമല്ല, മറിച്ച് നമ്മുടെ സമുദായത്തിന്റെ കഠിനാദ്ധ്വാനത്തിന്റെയും കൂട്ടായ്മയുടെയും അടയാളമാണെന്ന് തിരുമേനി തന്റെ പ്രസംഗത്തിൽ ഓർമ്മിപ്പിച്ചു. തുടർന്ന് ത്രിതലപഞ്ചായത്ത് തെരഞ്ഞെടുപ്പുകളിൽ ഉജ്ജ്വല വിജയം കൈവരിച്ച സമുദായത്തിലെ പ്രിയ ജനപ്രതിനിധികളെയും അതേ വേദിയിൽവെച്ച് ആദരിച്ചു. രാഷ്ട്രീയത്തിനതീതമായി സത്യസന്ധതയോടും നീതിയോടും കൂടി പ്രവർത്തിക്കാനും, നാടിനും സമുദായത്തിനും അഭിമാനമായി മാറാനും അവർക്ക് സാധിക്കട്ടെ എന്ന് സമ്മേളനം ആശംസിച്ചു. വിജയികൾക്ക് ഈ അംഗീകാരം വരും കാലങ്ങളിൽ കൂടുതൽ ജനസേവന പ്രവർത്തനങ്ങൾ ചെയ്യാൻ ഊർജ്ജമാകട്ടെ എന്ന് ആശംസിച്ചുകൊണ്ട് ആവേശകരമായ ആ ചടങ്ങുകൾക്ക് തിരശ്ശീല വീണു.

ആലുംമൂട്ടിൽ ഡോ.എ. റ്റി. ഏബ്രഹാം കശ്ശീശായ്ക്ക് ആദരപൂർവ്വം 'കന്തീലാ ശുശ്രൂഷ' നൽകി ക്നാനായ സമുദായത്തിന് പുതുചൈതന്യം പകർന്നു നൽകിയ 2018 ലെ അസ്സോസിയേഷൻ പ്രസിഡന്റും ക്നാനായ മിഷൻ ഡയറക്ടറുമായ വന്ദ്യ ആലുംമൂട്ടിൽ ഡോ. എ. റ്റി. ഏബ്രഹാം കശ്ശീശായ്ക്ക് സമുദായം അർഹമായ ആദരവോടെ 'കന്തീലാശുശ്രൂഷ' നൽകി സമുദായ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ് തിരുമനസ്സിന്റെ മുഖ്യകാർമ്മികത്വത്തിൽ കല്ലിശ്ശേരി സെന്റ് മേരീസ് ക്നാനായ വലിയപള്ളിയിൽ വെച്ചാണ് വിശിഷ്ടമായ 'കന്തീലാ ശുശ്രൂഷ' നടന്നത്. സമുദായത്തിന്റെ വളർച്ചയിലും കെട്ടുറപ്പിലും നിർണ്ണായക പങ്കു വഹിച്ച ഒരു വൈദിക ശ്രേഷ്ഠന് സമുദായം നൽകിയ ഈ കന്തീലാ ശുശ്രൂഷ ചരിത്രപരമായ മുഹൂർത്തമായി മാറി.

**സമുദായത്തിന് തിരിച്ചടിയാകുന്ന വൈദിക ക്ഷാമവും അച്ചടക്കലംഘനവും:** ക്നാനായ സമുദായം ഇന്ന് നേരിടുന്ന ഗൗരവകരമായ ഒരു പ്രതിസന്ധിയാണ് വൈദികരുടെ കുറവ്. എന്നാൽ ഈ പരിമിതിക്കിടയിലും സമുദായത്തിനുവേണ്ടി പട്ടമേൽക്കുകയും സമുദായത്തിന്റെ ചെലവിൽ ദൈവശാസ്ത്രപഠനം (Theology) പൂർത്തിയാക്കുകയും ചെയ്ത പതിനൊന്നോളം വൈദികർ ഞായറാഴ്ചകളിൽ വി. കുർബ്ബാന അർപ്പിക്കാതെ വീടുകളിൽ ഒളിഞ്ഞിരിക്കുകയാണ് എന്നത് ഖേദകരമാണ്. സമുദായ മെത്രാപ്പോലീത്ത ഇടവകകൾക്ക് അനുവദിച്ച് വികാരിമാരായി നിയമനം നൽകിയിട്ടുള്ള ഇവർ, നിശ്ചയിക്കപ്പെട്ട ദൈവാലയങ്ങളിൽ പോകാതെ തങ്ങൾക്ക് താല്പ്പര്യമുള്ള ഇടങ്ങളിൽ മാത്രം പോകുന്നത് ഒരു തരത്തിലും അംഗീകരിക്കാനാവില്ല. ആത്മീയ ശുശ്രൂഷയ്ക്കായി പട്ടമേറ്റവർ വിശ്വാസികൾക്ക് ആ ശുശ്രൂഷ നിഷേധിച്ചുകൊണ്ട് നടത്തുന്ന ഇത്തരത്തിലുള്ള സമരമുറകൾ ഒരിക്കലും അനുവദിച്ചുകൊടുക്കാൻ സാധിക്കില്ല. ഇത് ഒട്ടും ദൈവികമായ പ്രവൃത്തിയല്ല. സമുദായത്തിന്റെ കെട്ടുറപ്പിനെയും അച്ചടക്കത്തെയും ഈ പ്രവണത സാരമായി ബാധിക്കും. കൂടാതെ പുരാതനകാലം മുതൽ യാക്കോബായ സഭയിൽ നിന്നുള്ള വൈദികർ ക്നാനായ ദൈവാലയങ്ങളിൽ ശുശ്രൂഷകൾ നടത്തിയിരുന്നു. എന്നാൽ ക്നാനായ സമുദായത്തിലെ സഹായമെത്രാൻമാർ യാക്കോബായ സഭയിലെ മെത്രാൻമാരെ വിളിച്ച് ഇത്തരത്തിൽ കുർബ്ബാന അർപ്പിക്കാൻ വൈദികരെ വിടരുത് എന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പലരും ഇപ്പോൾ എത്തുന്നില്ല. വി.കുർബ്ബാന മുടക്കുന്ന ഇത്തരത്തിലുള്ള പ്രവണതകളോട് ക്നാനായ സമുദായത്തിന് ഒരിക്കലും യോജിക്കാനാവില്ല. ഇതിനെതിരെ ആവശ്യമായ നടപടികൾ ഞങ്ങൾ കൈക്കൊള്ളുന്നതാണ്. വിശ്വാസികൾക്ക് ആത്മീയ പോഷണമായ വി. കുർബ്ബാന മുടങ്ങുന്ന സാഹചര്യം ഒരു കാരണവശാലും അനുവദിക്കില്ലെന്ന് എല്ലാ സമുദായാംഗങ്ങളേയും അറിയിക്കുന്നു. ഇത്തരം നീക്കങ്ങൾക്ക് പിന്നിൽ പ്രവർത്തിക്കുന്നവരെ തിരിച്ചറിയാൻ സമുദായം ജാഗ്രത പാലിക്കേണ്ടതുണ്ട്.

**സാമ്പത്തിക പ്രതിസന്ധിയും വികസന പദ്ധതികളും:** നമ്മുടെ സമുദായം ഇപ്പോൾ വലിയ സാമ്പത്തിക വെല്ലുവിളികളിലൂടെയാണ് കടന്നുപോകുന്നത്. നാം ആരംഭിച്ച തോട്ടയ്ക്കാട് പ്രോജക്ട് ഉൾപ്പെടെയുള്ള പ്രധാന പദ്ധതികൾ അതിന്റെ അന്തിമഘട്ടത്തിലേയ്ക്ക് എത്തിയിരിക്കുകയാണ്. ക്ലാസ്സുകൾ ആരംഭിക്കുന്നതിനായി ലാബ്, ലൈബ്രറി, ഫർണിഷിംഗ് തുടങ്ങിയ അനുബന്ധ സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്.. ഇതിനായി വലിയൊരു തുക അടിയന്തിരമായി ആവശ്യമാണ്. ബാങ്കുകളിൽ നിന്നും മറ്റും ഒരു രൂപ പോലും ലോൺ എടുക്കാതെയാണ് നാം ഇത്രയും പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോയത് എന്നത് അഭിമാനകരമാണ്. എന്നാൽ ഒരുവശത്ത് പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളും മറുവശത്ത് സമുദായവുമായി ബന്ധപ്പെട്ട നിയമപരമായ കേസുകളും നടന്നുവരുന്നത് സാമ്പത്തിക ഭാരം വർദ്ധിപ്പിക്കുന്നു. ഈ പ്രതിസന്ധി മറികടക്കുന്നതിനായി, ദൈവാലയങ്ങളിൽ നിന്നും സമുദായത്തിലേക്ക് ലഭിക്കാനുള്ള കുടിശിഖതുകകൾ എത്രയും വേഗം അടച്ചു തീർക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പ്രത്യേകിച്ച്, വിദേശരാജ്യങ്ങളിലെ ദൈവാലയങ്ങളിൽ നിന്നും ലഭിക്കാനുള്ള വിഹിതം കൃത്യസമയത്ത് നൽകുന്നത് ഈ ഘട്ടത്തിൽ വലിയൊരു കൈത്താങ്ങായിരിക്കും. സമുദായത്തിന്റെ ഈ അതിജീവനത്തിലും മുന്നേറ്റത്തിലും എല്ലാവരുടേയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നു.

**സുവിശേഷ കൺവൻഷൻ അറിയിപ്പ്**

ക്നാനായ സുവിശേഷ സമാജത്തിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 25 ബുധനാഴ്ച മുതൽ മാർച്ച് 1 ഞായറാഴ്ച വരെ തിരുവല്ല വിജയാ കൺവൻഷൻ സെന്ററിൽ വെച്ച് പ്രൗഢഗംഭീരമായ സുവിശേഷ കൺവെൻഷൻ നടക്കുന്നു. ആത്മീയ ചൈതന്യം നിറഞ്ഞുനിൽക്കുന്ന ഈ സംഗമത്തിൽ എല്ലാ സമുദായ അംഗങ്ങളും കുടുംബസമേതം സംബന്ധിക്കണമെന്ന് ഹൃദയപൂർവ്വം അഭ്യർത്ഥിക്കുന്നു. കൺവെൻഷനോടനുബന്ധിച്ച് വെള്ളിയാഴ്ച രാവിലെ പ്രത്യേക വനിതാസംഗമവും ഉണ്ടായിരിക്കുന്നതാണ്. സമുദായത്തിലെ എല്ലാ വനിതകളുടെയും സജീവപങ്കാളിത്തം ഈ സമ്മേളനത്തിലേക്ക് പ്രതീക്ഷിക്കുന്നു.

**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**
സമുദായ സെക്രട്ടറി

# കുർബ്ബാന വീഥിയിൽ

ഫാ. ജേക്കബ് കല്ലുകുളം

**ആരാധനയിലെ പ്രതീകങ്ങൾ**

**കുരിശ്**

സ്ലീബാ എന്ന വാക്കിന്റെ അർത്ഥം ക്രൂശിക്കപ്പെട്ടത് എന്നാണ്. പത്രോസ് ശ്ലീഹായുടെ രക്തസാക്ഷി മരണം. തല കീഴായി കുരിശിൽ തൂങ്ങി മരിക്കണം എന്നായിരുന്നു ആഗ്രഹം. കാരണം കർത്താവിന്റെ പാദങ്ങൾ ചുംബിച്ചുകൊണ്ട് മരിക്കണം. കുരിശിലേക്ക് നോക്കുമ്പോൾ ക്രൂശിക്കപ്പെട്ട കർത്താവിനെ ആണ് കാണുന്നത്. ത്രോണോസിന്റെ ഏറ്റവും ഉയർന്ന സ്ഥാനത്ത് ഒരു മരക്കുരിശ് വെക്കണം. മോശയുടെ വടി, അഹറോന്റെ തളിർത്ത വടി ഇവയെയും സൂചിപ്പിക്കുന്നു.

**കൈമണി**

വി.കുർബ്ബാനയുടെ പ്രധാന സന്ദർഭങ്ങൾ സൂചിപ്പിക്കുവാൻ കൈമണി ഉപയോഗിക്കുന്നു. വിശ്വാസികളുടെ ശ്രദ്ധ ആകർഷിക്കുന്നു.

**തിരുവസ്ത്രങ്ങൾ**

കൂദാശകർമ്മങ്ങൾ അനുഷ്ഠിക്കുമ്പോൾ ആചാര്യ സമൂഹത്തിന്റെ പാപത്തെ പ്രതിനിധീകരിക്കുന്ന കറുത്ത കുപ്പായം ധരിക്കുന്നു. ഔദ്യോഗിക വേഷം കറുപ്പാണ്. പരിശുദ്ധിയുടെ പ്രതീകമായി വെള്ളക്കുപ്പായം അതിനുമുകളിൽ ധരിക്കുന്നു. ഹൈമ് നിഖോ - ലൗകികമായതിനോട് എതിർത്തു നിൽക്കാനുള്ള ദിവ്യായുധമായി, ഒരുക്കത്തിന്റെ പ്രതീകമായി ധരിക്കുന്നു. ഇടക്കെട്ട് - അരകെട്ടി പരികർമ്മിക്കുന്നതിന്റെ ഭാഗമായി ധരിക്കുന്നു. കൈയ്യുറ-സൽപ്രവൃത്തികൾക്കുള്ള ഒരുക്കത്തിന്റെ പ്രതീകമായി, ദൈവിക ശക്തിയുടെയും ശിക്ഷണത്തിന്റെയും പ്രതീകം.

**കാപ്പ**

പുരോഹിതൻ യേശുക്രിസ്തുവിന്റെ പ്രതിനിധിയാകുന്നു. രാജവസ്ത്രമായ മേലങ്കി (കാപ്പ) ധരിക്കുന്നു. രക്തസ്രാവക്കാരിക്ക് സൗഖ്യം നൽകിയ കർത്താവിന്റെ അങ്കിയുടെ സൂചകം. ഏലിയാവിന്റെ പുറം കുപ്പായത്തിന്റെ സൂചകം. തൊപ്പി-രക്ഷയെന്ന ശിരോവസ്ത്രം രാജകീയത്വത്തിന്റെ ഭാവം. ചെരുപ്പ്-ശത്രുവിനെ പരാജയപ്പെടുത്തുവാനുള്ള ഒരുക്കത്തിന്റെ സൂചന.

**മേൽപ്പട്ടക്കാരുടെ പ്രത്യേക അംശവസ്ത്രങ്ങൾ**

**മസനപ്സൊ**

മേൽപ്പട്ടക്കാരും റമ്പാൻമാരും തലയിൽ ധരിക്കുന്നു. 13 കുരിശോടുകൂടിയ ശിരോവസ്ത്രം 13 കുരിശുകൾ കർത്താവും 12 അപ്പോസ്തോലന്മാരും, കർത്താവ് അണിഞ്ഞ മുൾക്കിരീടം സന്ന്യാസി ആണെന്ന് സൂചിപ്പിക്കുന്നു.

**ശീലമുടി**

വി. കുർബ്ബാനയ്ക്ക് മേൽപ്പട്ടക്കാരൻ ഉപയോഗിക്കുന്ന ശിരോവസ്ത്രം. സീനായി മലയിൽ നിന്ന് ഇറങ്ങി വന്ന മോശയുടെ മുഖതേജസ്സ് കാരണം മോശയുടെ മുഖം ജനത്തിന് നോക്കുവാൻ സാധിക്കാതെ വന്നതിനാൽ മോശ ഒരു മൂടുപടം എടുത്ത് മുഖം മൂടി (പുറപ്പാട് 34:29-35).

**പത്രസീൻ**

മേല്പട്ടക്കാരൻ കാപ്പയുടെ മുകളിൽ ധരിക്കുന്ന വലിയ ഊറാറ.

**കുരിശുമാല**

തിന്മയുടെ ശക്തികളിൽ നിന്നുള്ള കാവലിന്റെ പ്രതീകം. ഇത് ധരിക്കുമ്പോൾ സങ്കീർത്തനം 34:5, 44:5 ചൊല്ലുന്നു

**അംശവടി**

ഇടയന്റെ അടയാളം. ആടുകളെ രക്ഷിക്കുവാനായി ഉപയോഗിക്കുന്നു. ആട്ടിൻകൂട്ടത്തിൻ മേലുള്ള ഉത്തരവാദിത്വത്തിന്റെ പ്രതീകം. അധികാരത്തിന്റെ പ്രതീകം സങ്കീ.110:2. കൈയ്യിൽ പിടിക്കുന്ന സ്ലീബാ- ശത്രുവിന്മേൽ വിജയത്തിന്റെ അടയാളം.

**റംശോത്തോ**



റംശോത്തോ എന്ന സുറിയാനി പദത്തിൽ നിന്നാണ് റംശോത്തി എന്ന പദമുണ്ടായത്. മൂടൽ എന്നാണ് ഈ പദത്തിന്റെ അർത്ഥം. സമാഗമനകൂടാരത്തിന്റെ അതിവിശുദ്ധ സ്ഥാനത്ത് സൂക്ഷിച്ചിരുന്ന നിയമപെട്ടകത്തെ മൂടിയിരുന്ന അടപ്പിന് കൃപാസനം എന്ന് പറയുന്നു. ഈ കൃപാസനത്തിന്റെ രണ്ടറ്റത്തും അഭിമുഖമായി ചിറക് വിടർത്തി നിൽക്കുന്ന രണ്ട് കെരൂബുകളുടെ രൂപം ഉണ്ടാക്കി വച്ചിരുന്നു. നിയമപെട്ടകത്തിന്റെ സംരക്ഷണച്ചുമതല ഈ കെരൂബുകൾക്കായിരുന്നു. റംശോത്തി ഈ കെരൂബൂകളുടെ പ്രതീകമായി വ്യാഖ്യാനിക്കപ്പെടുന്നു. ●

## ക്നാനായ ദീപം അറിയിപ്പുകൾ

ക്നാനായദീപം മാസിക കേന്ദ്ര ഗവൺമെന്റ് 2023 ൽ പാസ്സാക്കിയ പുതിയ PRGI നിയമമനുസരിസരിച്ച് Revised രജിസ്ട്രേഷൻ നടപടിക്രമങ്ങൾ പൂർത്തിയാക്കി Revised Certificate കിട്ടിയിട്ടുണ്ട്. അതോടൊപ്പം Postal Department ന്റെ WPP ലൈസൻസും കിട്ടിയിട്ടുണ്ട്. ക്നാനായ ദീപത്തിന്റെ കുടിശിഖ ധാരാളമായിട്ടുണ്ട്. പുതുതായി കമ്മീഷൻ അടിസ്ഥാനത്തിൽ ദീപത്തിന്റെ വരിസംഖ്യ, പരസ്യങ്ങൾ ഇവ സമാഹരിച്ച് തരുവാൻ താല്പര്യമുള്ളവർക്ക് സ്വാഗതം. ക്നാനായ ദീപത്തിന്റെ കളക്ഷൻ ഏജന്റായി പ്രവർത്തിക്കുവാൻ താല്പര്യമുള്ളവർ അപേക്ഷകൾ മാർച്ച് 15 ന് മുമ്പായി നൽകണം. വിശദവിവരങ്ങൾക്ക് ക്നാനായ ദീപം ഓഫീസുമായി ബന്ധപ്പെടുക. കുടിശിഖ അറിയുവാൻ Address Details 8547884440/ 9447563240 എന്ന നമ്പറിൽ അയക്കുക.

**ഫാ. ജേക്കബ് കല്ലുകുളം**
**മാനേജിംഗ് എഡിറ്റർ**
Mob: 9447563240
Email: kna.deepam@gmail.com

# ആദാമിന് എന്തുപറ്റി എന്ന് ഞാൻ മനസ്സിലാക്കിയത്

സണ്ണി ജേക്കബ്, കാട്ടുവേലിൽ

ഉല്പ:1:27; ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. ആണും പെണ്ണും ആയി അവരെ സൃഷ്ടിച്ചു. സങ്കീർത്തനം 8:5. നീ അവനെ ദൂതന്മാരെക്കാൾ അല്പം മാത്രം താഴ്ത്തി, തേജസ്സും ബഹുമാനവും അവനെ അണിയിച്ചിരിക്കുന്നു.

ഉല്പ: 3:4; പാമ്പ് സ്ത്രീയോട്, നിങ്ങൾ മരിക്കുകയില്ല നിശ്ചയം. അത് തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണുകൾ തുറക്കും, നിങ്ങൾ നന്മതിന്മകളെ അറിയുന്നവരായി ദൈവത്തെപ്പോലെ ആകും എന്ന് ദൈവം അറിയുന്നു എന്ന് പറഞ്ഞു.

ഒരിക്കൽ ഇതരമതവിശ്വാസിയായ ഒരു സഹപ്രവർത്തകൻ എന്നോട് ചോദിച്ചു; നിനക്ക് ആദാമിന്റെ പാപത്തെപ്പറ്റി എന്തറിയാം? ഞാൻ പറഞ്ഞു ഒന്ന് പറഞ്ഞു തരുമോ? അവൻ പറഞ്ഞു ആദാമിനോട് ദൈവം കഴിക്കരുത് എന്ന് പറഞ്ഞ വൃക്ഷത്തിന്റെ ഫലം കഴിച്ചു. അതിന്റെ ഫലമായി ആദാമിന്റെയും ഹവ്വയുടെയും ഉദരത്തിൽ അസ്വസ്ഥതകൾ ഉണ്ടായി. അവർക്ക് കലശലായ വയറിളക്കം ഉണ്ടായി. അവിടെയുണ്ടായ കലശലായ ദുർഗന്ധം കാരണം ദൈവം കോപിച്ച് അവരെ അവിടെ നിന്നും പുറത്താക്കി. തമാശയായിട്ട് തോന്നി എങ്കിലും ആദാമിന് യഥാർത്ഥത്തിൽ എന്ത് സംഭവിച്ചു എന്ന് ഞാൻ ചിന്തിക്കുമ്പോൾ; മണ്ണിനാൽ സൃഷ്ടിച്ച ആദാമിനേയും, ഹവ്വായേയും ദൈവം ഏദൻതോട്ടത്തിൽ ആക്കി, അവർക്ക് ദൈവം സുരക്ഷിതത്വം നൽകുകയായിരുന്നു. ഏദൻ തോട്ടത്തിൽ നന്മകൾ മാത്രമുള്ള സ്ഥലത്ത് നന്മയെപ്പറ്റി മാത്രം അറിയാമായിരുന്ന (നഗ്നൻ ആയിരുന്ന/നിഷ്ക്കളങ്കൻ ആയിരുന്ന) ആദാം ഹൗവ്വയ്ക്ക് തിന്മയെപ്പറ്റിയുള്ള അറിവ് സാത്താനിൽനിന്നും ലഭിക്കുന്നു. ആദാമിന് സാത്താനിൽനിന്നും ലഭിക്കുന്നത് പാപത്തെക്കുറിച്ചുള്ള അറിവും പാപത്തോടുള്ള ആഭിമുഖ്യവും. ദൈവം ആദാമിനോട് നന്മതിന്മകളെപ്പറ്റി അറിവ് ലഭിക്കുന്ന വൃക്ഷത്തിന്റെ ഫലം കഴിക്കരുത് എന്ന് പറയുമ്പോൾ ആദാമിന് നന്മകളുടെ അറിവ് നൽകുന്നു. തിന്മകളിൽ നിന്നും ഒഴിഞ്ഞു നിൽക്കണം. തിന്മകളെപ്പറ്റിയുള്ള അറിവ് ആദാമിന് പറഞ്ഞുകൊടുക്കുന്നത് സാത്താൻ; നീ ഈ കനി ഭക്ഷിക്കുന്നുവെങ്കിൽ നീ ദൈവത്തെ പോലെയാകും. അപ്പോൾ ഹവ്വയും ആദാമും കനി ഭക്ഷിക്കുന്നത് ദൈവത്തെപ്പോലെ ആകുന്നതിനായിരുന്നു. ഏദൻതോട്ടത്തിൽ ആദാമിന്റെ കുറവുകൾ എന്തെല്ലാം ആയിരുന്നു?

വേദപുസ്തകത്തിൽ ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്ന് പറഞ്ഞു തുടങ്ങുമ്പോൾ ദൈവം ഉണ്ട് എന്നല്ലാതെ ദൈവത്തെക്കുറിച്ചുള്ള ഒരു വിവരണവും തരുന്നില്ല. കാരണം: ഇന്ദ്രിയങ്ങളിൽക്കൂടിയുള്ള അന്വേഷണത്തിന് ലഭ്യമല്ലാത്ത ആത്മാവായ പരമാർത്ഥസത്യം ആണ് ദൈവം. ഇന്ദ്രിയങ്ങളിലൂടെയുള്ള അനുഭവ/നിരീക്ഷണത്തിൽകൂടി ലഭ്യമാകുന്ന അറിവാണ് ശാസ്ത്രീയ സത്യം. ശാസ്ത്രം ഭൗതിക സത്യത്തിന്റെ നിയമങ്ങൾ അറിയുവാനും മനസ്സിലാക്കാനുമുള്ള രീതിയാണ്. സകലത്തിന്റെയും സൃഷ്ടാവായ, പൂർണ്ണ ആത്മീയനായ, പരമോന്നതനായ, സർവ്വവ്യാപിയായ, സകലതും അറിയുന്നവൻ ആയ ദൈവത്തിന്റെ സ്വഭാവം പൂർണ്ണ ആത്മീയ വിവേകി. ദൈവത്തിന്റെ സ്വരൂപം മനുഷ്യന് നൽകി എന്ന് പറയുമ്പോൾ മനുഷ്യന്റെ ആത്മാവിന് ദൈവത്തിന്റെ സ്വഭാവം ആകുന്ന വിവേകം ആണ്. സ്നേഹം, സഹാനുഭൂതി, അനുകമ്പ, നന്മ/തിന്മകളെ തിരിച്ചറിയുവാനുള്ള കഴിവ് ഇവ മനസ്സിന് നൽകി. തിരിച്ചറിവിനുള്ള/തെരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യം, ഇഛാശക്തി (Freewill) ഇവയും നൽകി. മനുഷ്യർ ദൈവത്തിന്റെ സൃഷ്ടി, മാലാഖമാരേക്കാൾ താഴ്ന്ന സ്ഥാനത്താണ് എന്നാൽ ദൈവത്തിന്റെ പ്രത്യേക സ്നേഹത്തിനും പരിപാലനത്തിനും പാത്രങ്ങൾ. അവർക്ക് നന്മതിന്മകൾ തെരെഞ്ഞെടുക്കുവാനുള്ള കഴിവുണ്ട്. ചിലപ്പോൾ പാപം ചെയ്യാം. ദൈവത്തെ സേവിക്കുന്നതിന് മാലാഖമാരെ (ആത്മീയ അസ്ഥിത്വങ്ങൾ, ഭൗതിക ശരീരം ഇല്ല) ദൈവം സൃഷ്ടിച്ചു. മാലാഖമാരെ സൃഷ്ടിച്ച സമയം വ്യക്തം അല്ല എങ്കിലും മനുഷ്യരുടെ സൃഷ്ടിക്ക് മുൻപായി ആയിരുന്നു എന്ന് കരുതുന്നു. മാലാഖമാരുടെ സ്ഥാനം ദൈവത്തിന് താഴെയും മനുഷ്യർക്ക് മുകളിലും ആകുന്നു. മാലാഖമാർ ദൈവത്തിന്റെ ദൂതന്മാരായി പ്രവർത്തിക്കുന്നു സ്വർഗ്ഗത്തെ പരിപാലിക്കുന്നു, മനുഷ്യരെ സഹായിക്കുന്നു. മാലാഖമാർക്ക് തിന്മയുടെ സ്വഭാവം ഇല്ല.

തിന്മയെപ്പറ്റി അറിവ് ലഭിച്ചു, തിന്മയോട് ആഭിമുഖ്യം പുലർത്തുകയും ചെയ്തതിനാൽ (ദൈവത്തോടുള്ള മത്സരബുദ്ധി) ദൈവസന്നിധിയിൽനിന്ന് പുറത്താക്കപ്പെട്ടവൻ സാത്താൻ. താൻ ആർജ്ജിച്ച തിന്മയുടെ അറിവ് ഹൗവ്വായ്ക്കും ആദാമിനും സാത്താൻ, നൽകുന്നു. അവർ ദൈവത്തെപ്പോലെ ആകുവാൻ ആഗ്രഹിക്കുന്നു. അവർ ദൈവകല്പ്പനയെ അനുസരിക്കാതെ പാപം ചെയ്തു.

ജാതി/വർഗ്ഗ ഭേദത്തിൽ ദൈവം സസ്യജീവജാലങ്ങളെ സൃഷ്ടിച്ചു, ആണും പെണ്ണും ആയി അവരെ സൃഷ്ടിച്ചു. ദൈവം സകല സസ്യജീവജാലങ്ങൾക്കും പ്രത്യുല്പ്പാദനശേഷി നൽകി. എന്നാൽ പുതിയ ഒരു ജീവന്റെ സൃഷ്ടി ദൈവത്തിൽ മാത്രം നിക്ഷിപ്തം ആണ്. ഈ നിയമത്തിന്

ഇതുവരെയും ഒരു മാറ്റം ഉണ്ടായിട്ടില്ല. ജനിതക മാറ്റം വരുത്തുവാൻ മനുഷ്യന് സാധിച്ചിട്ടുണ്ട്. സൃഷ്ടിക്കപ്പെട്ട ദ്രവ്യം, ആയ സകലതിനും നാശം ഉണ്ട്, നാശം ഉള്ളതിനെയല്ല നാശം ഇല്ലാത്തതിനെ ആരാധിക്കണം. നാശം ഇല്ലാത്ത പരമാർത്ഥ സത്യം ദൈവം മാത്രം. ദ്രവ്യവും ആരാധിക്കപ്പെടേണ്ടത് ദൈവത്തെ മാത്രം, മനുഷ്യശരീരത്തിലെ ആത്മാവ് ദൈവികം. സാത്താൻ മനുഷ്യരാൽ, ആരാധിക്കപ്പെടുവാൻ ആഗ്രഹിച്ചിരുന്നുവോ? സാത്താന്റെ മത്സര ബുദ്ധിയിൽ അവൻ എന്ത് ആഗ്രഹിച്ചിരുന്നു "ദൈവത്തിന്റെ കല്പ്പന; നിന്റെ കർത്താവായ ദൈവം ഞാനാകുന്നു. ഞാനല്ലതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത്."

നാശമുള്ള ദ്രവ്യമായ മണ്ണിൽ നിന്നും സൃഷ്ടിച്ച ശരീരം, അതിൽ ദൈവിക ശ്വാസം ആത്മാവായി നൽകി. ശരീരത്തിന് ജനനം, ശൈശവം, ബാല്യം, കൗമാരം, യൗവ്വനം എന്നീ വളർച്ചാ ഘട്ടങ്ങളും, വാർദ്ധക്യത്തിൽ തളർച്ചയും, പിന്നീട് നാശവും ഉണ്ട്. ദൈവത്തിൽ നിന്ന് വന്ന ആത്മാവിന് ജനനം, വളർച്ച, ശൈശവം, ബാല്യം, കൗമാരം, യൗവ്വനം, വാർദ്ധക്യം എന്നീ ഘട്ടങ്ങൾ ഒന്നും ഇല്ല. അമ്മയുടെ ഉദരത്തിൽ വച്ച് ശരീരത്തോട് ചേർക്കപ്പെട്ടു. മരണത്തിൽ ശരീരത്തിൽ നിന്നും വാങ്ങിപ്പോകുന്നു. ഭൗതിക ശരീരം എന്നത് ഗർഭപാത്രത്തിൽ നിന്ന് ശവകുടീരത്തിലേക്കുള്ള യാത്രയ്ക്കുവേണ്ടി മാത്രം ഉള്ള ഒരു വാഹനം ആണ്. ആദാമിന് ദൈവം നൽകിയ ആത്മാവിന് ദൈവിക സ്വഭാവം ആയ അനാദി ആയിരുന്നു. ഈ സത്യം ആദാമിന് അറിവില്ലായിരുന്നുവോ? ആദാമിനെ നാശമുള്ള ശരീരത്തിന്റെ നിത്യതയെ ആഗ്രഹിക്കുവാൻ സാത്താൻ പ്രേരിപ്പിച്ചുവോ? ആദാം പശ്ചാത്തപിച്ചിരുന്നുവോ? ആദാമിനും ഹവ്വായ്ക്കും തങ്ങൾ ചെയ്ത പ്രവൃത്തിയിൽ കുറ്റബോധം ഉണ്ടായി എന്നത് വ്യക്തം ആണ്; അവർ തങ്ങളുടെ നഗ്നത തിരിച്ചറിഞ്ഞു. എന്നാൽ ഹൗവ്വാ സാത്താനാൽ വഞ്ചിക്കപ്പെട്ടു എന്ന് പരിതപിക്കുമ്പോൾ, ആദാം ഹൗവ്വാ പങ്കുവെച്ചത് ഭക്ഷിച്ചു എന്ന് പരിതപിക്കുന്നു. അവർ തങ്ങളെ നീതീകരിക്കുവാൻ ശ്രമിക്കുന്നുവോ? അവർ പരിതപിക്കുന്നതിനെ പശ്ചാത്താപം ആയി കാണുവാൻ സാധിക്കുമോ? അവരുടെ പരിതാപം ഒരു വ്യക്തമായ പശ്ചാത്താപം എന്ന് പറയുന്നില്ല എങ്കിലും, യഹോവയായ ദൈവം അവർക്ക് തോൽ കൊണ്ട് ഉടുപ്പുണ്ടാക്കി അവരെ അണിയിച്ചു: അവരുടെ നഗ്നത മറച്ചു. അവരെ ഏദൻതോട്ടത്തിൽ നിന്നും പുറത്താക്കി ശിക്ഷിച്ചു എങ്കിലും, പൂർണ്ണമായി തള്ളിക്കളഞ്ഞിട്ടില്ല. ആദാമിന്റെ മക്കൾ ദൈവത്തിന് ബലി അർപ്പിക്കുന്നു എന്ന് പറയുമ്പോൾ അവർക്ക് ദൈവത്തെക്കുറിച്ചുള്ള അറിവ് ആദാം നൽകിയിരുന്നു. ആദാം പൂർണ്ണമായി ദൈവത്തെയും തള്ളിക്കളഞ്ഞിട്ടില്ല. സാത്താന് കുറ്റബോധവും ഉണ്ടായില്ല. പശ്ചാത്താപവും ഉണ്ടായില്ല. ദൈവം സാത്താനെ ശിക്ഷിച്ചു തള്ളിക്കളഞ്ഞു. സാത്താൻ ദൈവത്തേയും തള്ളിക്കളഞ്ഞു. ആദാമിന് പറ്റിയ ചതി, ഇന്നും ഈ 2026-ാം ആണ്ടിലും സാത്താൻ മനുഷ്യർക്കെതിരെ പ്രയോഗിക്കുന്നുവോ? നിങ്ങൾക്ക് അനുഭവം ഉണ്ടോ? നിങ്ങളുടെ ആത്മീയ പ്രതിരോധശക്തി പ്രബലമോ? ഈ പുതു വർഷത്തിലെ തീരുമാനം ഇതായാലോ?

---

### *മെത്രാപ്പോലീത്തായുടെ സന്ദേശം*
*(പേജ് 5 തുടർച്ച)*

ആചരിക്കാൻ പ്രേരിപ്പിക്കുന്നു.

ക്നാനായ സമുദായത്തിന്റെ ആത്മീയ ഉണർവ്വിന്റെയും വിശ്വാസസാക്ഷ്യത്തിന്റെയും ഉത്സവമായി 24-ാ മത് ക്നാനായ കൺവെൻഷൻ ഫെബ്രുവരി 25 മുതൽ മാർച്ച് 1 വരെ സംഘടിപ്പിച്ചിട്ടുണ്ട്. പ്രാർത്ഥന, ദൈവവചന ധ്യാനം, ആത്മീയ പ്രബോധനങ്ങൾ, എന്നിവയിലൂടെ വിശ്വാസജീവിതത്തെ പുതുക്കിപ്പണിയാനുള്ള മഹത്തായ അവസരമാണിത്. അത് ക്നാനായ സമുദായത്തിന്റെ ഐക്യത്തിന്റെയും പാരമ്പര്യത്തിന്റെയും ജീവസാക്ഷ്യമായി മാറുന്നു. ഈ ദിവസങ്ങൾ നമ്മെ ആത്മീയമായി ശക്തിപ്പെടുത്തുകയും കുടുംബങ്ങളെ വിശ്വാസത്തിൽ ഉറപ്പിക്കുകയും യുവതലമുറയെ സഭാപാരമ്പര്യത്തോട് കൂടുതൽ അടുപ്പിക്കുകയും ചെയ്യും. ദൈവവചനവും പ്രാർത്ഥനയും നമ്മുടെ ജീവിതത്തിന് പുതുജീവൻ പകരട്ടെ. എല്ലാ വിശ്വാസികളും കുടുംബസമേതം പങ്കെടുത്ത് ഈ ആത്മീയ സംഗമത്തിന്റെ അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ ശ്രദ്ധിക്കണം.

ദൈവത്തിന്റെ അചഞ്ചലമായ പരിപാലനയിലും ക്നാനായ മക്കളുടെ പ്രാർത്ഥനകളാലും, സഹകരണത്താലും, ക്നാനായ സമുദായത്തിന്റെ പാരമ്പര്യവും, വിശ്വാസസാക്ഷ്യവും പുതുക്കി പ്രതിഷ്ഠിച്ച് 2026 ലെ ക്നാനായദിനം, നമ്മുടെ മെത്രാഭിഷേകത്തിന്റെ ഇരുപത്തിരണ്ടാം വാർഷിക ദിനത്തോടനുബന്ധിച്ച് ജനുവരി 18-ന് നടത്തുവാൻ സാധിച്ചതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമെത്തിയും, Virtual ആയും പ്രാർത്ഥനയോടെ ഒന്നിച്ചു കൂടിയ വിശ്വാസികളുടെ സാന്നിധ്യവും, ആത്മാർത്ഥതയും ദീപ്തമായ സാക്ഷ്യമായി കണക്കാക്കുന്നു. ഈ വർഷത്തെ ക്നാനായ ദിനം ഏറെ അനുഗ്രഹമായും ചിട്ടയായും സംഘടിപ്പിക്കുവാൻ ഉത്സാഹിച്ച ക്നാനായ സമുദായ ഭാരവാഹികൾ, സമുദായ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, പ്രത്യേകാൽ ക്നാനായ സമുദായ സെക്രട്ടറി, ഇടവക വികാരിമാർ, ഇടവക ഭാരവാഹികൾ, ഇടവക കമ്മിറ്റി, അസ്സോസിയേഷൻ അംഗങ്ങൾ, ഭക്തസംഘടനാ ഭാരവാഹികൾ, ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളി വികാരി, ഭാരവാഹികൾ, കമ്മിറ്റി, ഇടവക ജനങ്ങൾ, ഇതിൽ സംബന്ധിച്ച ആബാലവൃദ്ധം ക്നാനായ മക്കളെയും ദൈവം അനുഗ്രഹിക്കട്ടെ. ബലഹീനനായ നമ്മുടെ മെത്രാഭിഷേകത്തിന്റെ ഈ ഇരുപത്തിരണ്ടാം വാർഷികത്തിൽ, ദൈവം എന്നെ ഏല്പിച്ച ശുശ്രൂഷയ്ക്ക് നിങ്ങൾ നൽകിയ പ്രാർത്ഥനകളും സഹകരണവും സ്നേഹവും നന്ദിയോടെ സ്മരിക്കുന്നു. വരുന്ന നാളുകളിൽ ക്നാനായ സമുദായം തനിമ കാത്തുസൂക്ഷിച്ച്, വിശ്വാസത്തിൽ അചഞ്ചലമായി, ഐക്യത്തിൽ ദൃഢമായി, ലോകത്തിന്റെ നടുവിൽ സുവിശേഷ സാക്ഷ്യമായി ജ്വലിക്കുവാൻ എല്ലാവരും പ്രാർത്ഥിക്കണം.

കർത്തൃ ശുശ്രൂഷയിൽ

**മോർ സേവേറിയോസ് കുറിയാക്കോസ്**
**ക്നാനായ സമുദായ മെത്രാപ്പോലീത്ത**

## 50 – ാം വിവാഹവാർഷികം





മക്കൾ
Fran K Baby
Freeda & Aswin

**Dr. BABY & Dr. MERCY**
**Kalarithara, Manarcadu**

കൊച്ചുമക്കൾ
Aneena Fran
Leo Abu Kurian
Aidan Fran
Levoy Abu Kurian

Advt -O


# ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ വിജയിച്ച ക്നാനായ സമുദായത്തിലെ ജനപ്രതിനിധികളെ ആദരിച്ചു



ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ വിജയിച്ച ക്നാനായ സമുദായത്തിലെ ജനപ്രതിനിധികളെ സമുദായ ആസ്ഥാനമായ മോർ അപ്രേം സെമിനാരിയിൽ വെച്ച് ആദരിച്ചു. ക്നാനായ സമുദായ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ്, സമുദായ സെക്രട്ടറി ടി.ഒ. ഏബ്രഹാം തോട്ടത്തിൽ, ട്രസ്റ്റി ടി.സി. തോമസ് തോപ്പിൽ, വികാരി ജനറാൾ ഫാ. വി.എ. ഏബ്രഹാം, വൈദിക ട്രസ്റ്റി ഫാ. എം.സി. സക്കറിയ മധുരംകോട്ട്, ക്നാനായ കമ്മിറ്റി അംഗങ്ങൾ എന്നിവർ ചേർന്ന് പുരസ്കാരങ്ങൾ വിതരണം ചെയ്തു.'


ക്നാനായ
സമുദായ ദിനം 2026
ക്നാനായ സമുദായ ദിനവും
മെത്രാഭിഷേക വാർഷികവും
2026 ജനുവരി 18
ചിങ്ങവനം സെന്റ് ജോൺസ്
പുത്തൻപള്ളിയിൽ
(ക്നായിത്തൊമ്മൻ നഗർ)




ക്നാനായ സമുദായദിനവും സമുദായ
മെത്രാപ്പോലീത്തായുടെ മെത്രാഭിഷേക വാർഷികവും
2026 ജനുവരി 18 ന് ചിങ്ങവനം സെന്റ് ജോൺസ്
പുത്തൻപള്ളിയിൽ ആദരണീയനായ കേരള മുഖ്യമന്ത്രി
ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു.

# 55th Wedding Anniversary

17.01.2026



**E.K.Pothen & Annamma Pothen**

Edasseriyath
Manjummel
Ernakulam

ആശംസകളോടെ,
മക്കൾ, മരുമക്കൾ,
കൊച്ചുമക്കൾ

Advt - O


## വിവാഹിതരായി



കുറിച്ചി മാർ ഇഗ്നാത്തിയോസ് ക്നാനായ പള്ളി ഇവകയിൽ പുതുശ്ശേരിയിലായ മാണിക്യമംഗലത്ത് സോണി കുര്യന്റെയും മിനി സോണിയുടെയും മകൻ **മിലൻ സോണിയും** കറ്റോട് സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ വല്യവീട്ടിൽപടിക്കൽ ഫാ. ഷാജൻ കുര്യന്റെയും ഐഡാ ഷാജന്റെയും മകൾ **ഡോ. അനുഷാ അച്ചു കുര്യനും** തമ്മിലുള്ള വിവാഹം 2026 ജനുവരി 1 –ാം തീയതി കുറിച്ചി മാർ ഇഗ്നാത്തിയോസ് പള്ളിയിൽ നടത്തപ്പെട്ടു.



സുനിൽ ഡി. കുരുവിള

# മാനസികവും വൈകാരികവുമായ പക്വത നേടാം

മനസ്സാണ് എല്ലാം. Life is, in fact, a mind game. പണമോ, പേരോ, പെരുമയോ, ബുദ്ധിയോ, അറിവോ, ഡിഗ്രിയോ, സ്ഥാനമോ, പിടിപാടോ ഒന്നും ചിലപ്പോൾ രക്ഷയ്ക്ക് വരില്ല. ഒരു നിമിഷം മനസ്സിന്റെ പിടിയൊന്നുവിട്ടാൽ എല്ലാം കഴിഞ്ഞു. മാനസിക ആരോഗ്യത്തിന് എത്രയധികം പ്രാധാന്യമുണ്ട് എന്ന് ആനുകാലിക സംഭവങ്ങൾ ഓരോന്നോരോന്നായി നമ്മളോട് വിളിച്ചു പറയുന്നു! ചെറിയ പ്രായം മുതലേ കുട്ടികളിൽ മാനസിക ആരോഗ്യവും വൈകാരിക ബുദ്ധിശക്തിയും പരിപോഷിപ്പിക്കണം. വർദ്ധിച്ചുവരുന്ന മദ്യമയക്കുമരുന്ന് ഉപയോഗം, ആത്മഹത്യ, ആക്രമണങ്ങൾ, വിവാഹമോചനങ്ങൾ, വിഷാദരോഗം എന്നിവയുടെ കാരണങ്ങൾ അന്വേഷിച്ച് മറ്റെങ്ങും പോകേണ്ടതില്ല. സമൂഹത്തിൽ മാനസിക ആരോഗ്യം കുറയുന്നത് തന്നെയാണ് പ്രധാന കാരണം.

മാതാപിതാക്കളിലെ മാനസിക ആരോഗ്യ പ്രശ്നങ്ങൾ കുട്ടികളെ രോഗികൾ ആക്കുന്നു. സ്നേഹവും സന്തോഷവും സംതൃപ്തിയും ഉയർന്ന മാനസിക പക്വതയുടെ പ്രതിഫലനമാണ്, ഓർക്കാം!

"സ്വന്തം കഴിവുകളെ തിരിച്ചറിഞ്ഞ്, ജീവിതത്തിലെ സമ്മർദ്ദങ്ങളെ ഫലപ്രദമായി നേരിടാനും, സമൂഹത്തിന് ഗുണകരമായ രീതിയിൽ പ്രവർത്തിക്കാനും ഒരു വ്യക്തിയെ പ്രാപ്തനാക്കുന്ന വൈകാരികവും, മാനസികവും, സാമൂഹികവുമായ ക്ഷേമസ്ഥിതിയാണ് മാനസിക ആരോഗ്യം."

മാനസികവും വൈകാരികവുമായ പക്വത നേടാൻ നമ്മളെ സഹായിക്കുന്ന ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കാം:

1. Stop expecting from everyone. Not everyone is capable.

മറ്റുള്ളവരെ അമിതമായി ആശ്രയിക്കുന്നത് നിർത്താം. സ്വയം പര്യാപ്തത നേടാൻ ശീലിക്കണം. അമിതമായി പ്രതീക്ഷയും വേണ്ട. ഒന്നും പ്രതീക്ഷിച്ചുകൊണ്ട് ആർക്കും ഒന്നും ചെയ്യരുത്. അമിത പ്രതീക്ഷയാണ് വഴക്കിനും ശത്രുതയ്ക്കും വിഷമങ്ങൾക്കുമൊക്കെ കാരണമാകുന്നത്. നമ്മൾ സഹായിച്ചവർ തന്നെ നമ്മളെ സഹായിക്കണമെന്നില്ല. നല്ല കർമ്മങ്ങൾ സന്തോഷത്തോടെ ചെയ്യുക. ദൈവം അനുഗ്രഹങ്ങൾ നിങ്ങളുടെ ഉറക്കത്തിൽ നൽകും!

2. Do not expect life to be fair always. We must move on.

ജീവിതം എപ്പോഴും സന്തോഷവും വിജയവും സമാധാനവും ആയിരിക്കും എന്ന് പ്രതീക്ഷിക്കേണ്ട. മികച്ച ജീവിതത്തെ ദൈവം കെട്ടിപ്പടുക്കുന്നത് പരീക്ഷണത്തിൽകൂടിയും കഠിനമായ സാഹചര്യങ്ങൾ നൽകിയുമൊക്കെ ആയിരിക്കും... "വെട്ടിയൊരുക്കാത്തതൊന്നും തഴച്ചു വളരില്ലല്ലോ!" കഠിനമായ സാഹചര്യങ്ങൾ കരുത്തുറ്റ മനുഷ്യനെ സൃഷ്ടിക്കുന്നു. പലപ്പോഴും ദൈവം നടത്തിയ വഴികളുടെ പൊരുൾ വൈകിയാകും തിരിച്ചറിയുക. എല്ലാം എപ്പോഴും. സുഖമായതൊന്നും അധികം വളർന്നിട്ടില്ല... നിലനിന്നിട്ടുമില്ല!

3. Do not beg for love or attention.

സ്നേഹം പിടിച്ചു വാങ്ങാൻ പറ്റില്ല. സ്നേഹിക്കപ്പെടാനും അംഗീകരിക്കപ്പെടാനും ആരുടെയും പുറകെ നടക്കരുത്. അവനവനെ സ്നേഹിക്കുക കരുതുക, വളർത്തുക. ആത്മാഭിമാനവും മൂല്യവും വർദ്ധിപ്പിക്കുക. ജീവിതയാത്രയിലെ ചിലതെല്ലാം നമ്മളെ തേടിവരും. ചിലതെല്ലാം നമ്മളിൽ നിന്ന് അകലും. ചിലത് നിലനിൽക്കും... ചിലത് താല്ക്കാലികം മാത്രം. സ്വയം വളരുകയും വികസിക്കുകയും ചെയ്യുന്ന വ്യക്തിത്വങ്ങളിലേക്ക് കൂടുതൽ ആകർഷണമുണ്ടാകും. നമ്മുടെ പെരുമാറ്റം കൊണ്ടും പ്രവൃത്തികൊണ്ടും ലോകത്തെ സ്വാധീനിക്കുക. എത്രപേർ നമ്മളോടൊപ്പം ഉണ്ട് എന്നതിലല്ല എത്ര നിലവാരമുള്ളവർ നമ്മളോടൊപ്പം ഉണ്ട് എന്നതിലാണ് കാര്യം.

4. Keep your emotions under control.

വൈകാരിക ബുദ്ധിശക്തിയാണ് ജീവിത വിജയത്തിന്റെയും നല്ല ബന്ധങ്ങളുടെയും രഹസ്യം. എപ്പോൾ എങ്ങനെ പെരുമാറണം. ഓരോ സാഹചര്യത്തെയും എങ്ങനെ കൈകാര്യം ചെയ്യണം... എവിടെ പ്രവർത്തിക്കണം എവിടെ പ്രതികരിക്കണം എവിടെ ഒഴിഞ്ഞുമാറണം... ഈ തിരിച്ചറിവാണ് വൈകാരിക പക്വത. ദേഷ്യം, ഈഗോ, അസൂയ, അപകർഷത, ആർത്തി, ഭയം, ആകുലത ഒക്കെ വൈകാരിക രോഗങ്ങളാണ്. വ്യക്തിത്വ വികസനത്തിലൂടെ ഇവയെ മറികടക്കാം. വികാരങ്ങൾ നമ്മളെ അടിമപ്പെടുത്തുന്നു എന്ന് തോന്നിത്തുടങ്ങിയാൽ ഒരു expert help തേടാൻ വൈകരുത്.

5. Learn to stay calm in all situation. It's real power.

ഭയവും ആകുലതയുമാണ് ഇന്ന് മനുഷ്യനെ ഭരിക്കുന്നത്. ഇവർക്ക് ജീവിതം ഒട്ടും ആസ്വദിക്കാൻ കഴിയില്ല. ഇന്നലെകളെക്കുറിച്ച് ഓർത്തും നാളെയെക്കുറിച്ച് ഭയപ്പെട്ടും ഇന്നിന്റെ എല്ലാസുഖവും സന്തോഷവും നഷ്ടപ്പെടുത്തുന്നവർ.... എത്ര കഠിനമായ സാഹചര്യവും കടന്നുപോകും. സങ്കീർണ്ണമായ സാഹചര്യങ്ങളിലാണ് ഒരു വ്യക്തിയുടെ മനോഭാവവും സ്വഭാവവും ഏറ്റവും പരീക്ഷിക്കപ്പെടുന്നത്. നമ്മളിലെ ദൈവഭാവം പരീക്ഷിക്കപ്പെടുന്നത്.

"When things get tough, the tough get going!"

പരിഭ്രാന്തി കൊണ്ടോ ആകുലതകൊണ്ടോ ദേഷ്യമോ ബഹളമോ കൊണ്ടോ നേടാൻ കഴിയാത്തത് ക്ഷമകൊണ്ട് സാധ്യമാണ്! ബുദ്ധിയും വിവേകവും ജ്ഞാനവും കൊണ്ട് ഏത് സങ്കീർണ്ണതയും മറികടക്കാൻ കഴിയും!

6. Stop taking things personally. Most of it isn't about you.

എല്ലാം വ്യക്തിപരമായി എടുക്കേണ്ടതില്ല. വിമർശനങ്ങളെ വിവേകത്തോടെ കാണുക. നമ്മളെ correct ചെയ്യാൻ ശ്രമി

ക്കുന്നവർ നമ്മുടെ ശത്രുക്കളല്ല. സ്നേഹമുള്ളവരെ നമ്മളെ ശാസിക്കുകയുള്ളു. ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട. നല്ല ചങ്ങാതി തെറ്റുകൾ ചൂണ്ടിക്കാണിക്കും. കാര്യം സാധിക്കേണ്ടവർ സുഖിപ്പിക്കും. ഇപ്പോൾ മിക്കവർക്കും സ്തുതി പാടുന്നവരെയാണ് ഇഷ്ടം. വഴികാട്ടാൻ ഒരു ഗുരു ഉള്ളവൻ വളരും! ഗൂഗിൾ അല്ല ഗുരുതന്നെയാണ് മികവിലേക്കുള്ള വഴി. കുറഞ്ഞ മാനസിക ആരോഗ്യമുള്ളവർ എല്ലാം വ്യക്തിപരമായി എടുക്കും. വിമർശനങ്ങളും എതിർപ്പുകളും വിഴ്ചയും ഒക്കെ പോസിറ്റീവ് ആയി കാണാം. വളരാനും മികവ് വർദ്ധിപ്പിക്കാനും ഉപയോഗിക്കാം!

7. Walk away from toxic people without guilt.

ആരും ആരെയും എന്നും സഹിക്കേണ്ട. Self love വളരെ പ്രധാനം. അവനവൻ ജീവിക്കാതെ മറ്റുള്ളവർക്കുവേണ്ടി മാത്രം ജീവിച്ചിട്ട് എന്ത് കാര്യം. ഒരു ചെറിയ കാലയളവിൽ സഹിക്കാൻ പറ്റാത്തതുമൊക്കെ നമുക്ക് ഏറ്റെടുക്കേണ്ടി വരാം. ജീവിതകാലം മുഴുവൻ വേണ്ട! മാറാനും വളരാനും ബഹുമാനിക്കാനും കഴിയാത്തവർക്കുവേണ്ടി ജീവിതം ഹോമിക്കേണ്ട കാര്യമില്ല. അത് നന്മയല്ല... എന്നും സഹിക്കേണ്ടിവരുന്നെങ്കിൽ അത് അടിമത്വമാണ്. അതിൽനിന്ന് മോചനം നേടാൻ ഭയക്കേണ്ട.. അതിൽ ധാർമ്മികമായ ഒരു വിഷയവുമില്ല... കുറ്റബോധവും വേണ്ട.

Self respect നഷ്ടപ്പെടുത്താതിരിക്കാം.. അഭിമാനവും!

8. Focus on solutions not problems.

ബലഹീനൻ കുറ്റം പറഞ്ഞും പരാതിപറഞ്ഞും ജീവിക്കുന്നു. ശക്തൻ ഉത്തരങ്ങൾ കണ്ടെത്താൻ പരിഹാരങ്ങൾ കണ്ടെത്താൻ ശ്രമിക്കുന്നു. Leadership is all about solutions! നാട് കൊള്ളില്ല, ഇവിടെ ഒന്നുമില്ല... വിദേശത്തെല്ലാം ഭയങ്കരമാണ് എന്നൊക്കെ പറഞ്ഞ് ഓടുന്ന ബഹുഭൂരിപക്ഷവും അടിമ മനോഭാവത്തിന്റെ ഉദാഹരണമാണ്! നേതൃത്വമുള്ളവൻ സാഹചര്യങ്ങളുടെ അടിമയാകാനല്ല അതിന്റെ നേതൃത്വം ഏറ്റെടുത്ത് പരിഹാരത്തിനായി പരിശ്രമിക്കുന്നു. ഓട്ടം അല്ല പോരാട്ടമാണ് അവന് ശീലം. ഓരോ പ്രോബ്ളവും അവൻ project ആയി കാണുന്നു!

9. Believe in yourself

നിങ്ങൾ നിങ്ങളെ വിശ്വസിച്ചില്ലെങ്കിൽ പിന്നെ ആര് നിങ്ങളെ വിശ്വസിക്കാനാണ്? കർത്താവ് പറഞ്ഞു "നിന്റെ വിശ്വാസം നിന്നെ രക്ഷിക്കട്ടെ". നമ്മൾ ഓരോരുത്തരും ദൈവത്തിന്റെ വളരെ ശ്രേഷ്ഠമായ സൃഷ്ടിയാണ് എന്ന് ഓർക്കണം. ഓരോ മനുഷ്യനും ഈ ലോകത്തിലേക്ക് വന്നത് ഓരോ ദൗത്യത്തിനായി തന്നെയാണ്. സ്വയം കണ്ടെത്താൻ പരിശ്രമിക്കാം! ഞാൻ ആരാണ്? ഞാൻ ആരാകണം? ഈ രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമാണ് നമ്മൾ അന്വേഷിക്കേണ്ടത്? മറ്റുള്ളവരുമായി താരതമ്യം ചെയ്യാനോ മറ്റുള്ളവരുമായി മത്സരിക്കാനോ ഉള്ളതല്ല നമ്മുടെ ജീവിതം.

"നിങ്ങൾ original ആയി ജനിച്ചു Photocopy മാറി മരിക്കാതിരിക്കട്ടെ!".

10. Forgive but not forget lessons learned.

ക്ഷമിക്കണം എന്നാൽ പഠിച്ച പാഠങ്ങൾ മറക്കരുത്. ഒരിക്കൽ ചതിച്ചവരെ വീണ്ടും അന്ധമായി വിശ്വസിക്കരുത്. ഒരിക്കൽ സഹായിച്ചവരെ വീണ്ടും ബുദ്ധിമുട്ടിക്കരുത്. Genius ആയിട്ടുള്ളവർ മറ്റുള്ളവരുടെ ജീവിതത്തിൽ നിന്ന് തന്നെ പഠിക്കും. ബുദ്ധിമാൻ സ്വന്തം ജീവിതത്തിൽ നിന്ന് പഠിക്കും. വിഡ്ഢി ഒന്നും ഒരിക്കലും പഠിക്കുന്നില്ല! വീഴ്ചകൾ അല്ല അതിൽ നിന്ന് പാഠം ഉൾക്കൊള്ളാത്തവരാണ് ജീവിതത്തിൽ പരാജിതരാകുന്നത്.

11. If you want growth choose discipline over comfort.

സുഖിച്ച് ജീവിക്കുമ്പോൾ ഓർക്കുക നാളെ അസുഖം നിന്നെ കാത്തിരിക്കുന്നുണ്ട്. Comfort zone ൽ ഒന്നും വളരില്ല. ഒരു ഇറക്കം ആസ്വദിക്കുമ്പോൾ ഒരു കയറ്റം വരുന്നുണ്ട് എന്ന് ഓർത്തുകൊള്ളണം. അദ്ധ്വാനം ബുദ്ധിമാന് അഭിമാനമാണ്. അദ്ധ്വാനിക്കുന്നവന് അവസാനം വിജയം ഉറപ്പാണ്. ലക്ഷ്യബോധം, സ്ഥിരഉത്സാഹം, ക്ഷമ, വിനയം കാത്തുസൂക്ഷിക്കുന്നവരെ ആർക്കാണ് തോൽപ്പിക്കാൻ കഴിയുക! "അച്ചടക്കമാണ് നിലനിൽക്കുന്ന വിജയത്തിന്റെ ആത്മാവ്!." അച്ചടക്കം തെറ്റുകളിൽ വീഴാതെയും മൂല്യങ്ങളിൽ നിൽക്കാനും സഹായിക്കും. It is comparatively easy to become great, but really difficult to maintain greatness... അച്ചടക്കം ആണ് വ്യത്യാസം!

12. Be a learner for life and always keep a developmental attitude. അതിവേഗം മാറ്റങ്ങൾ സംഭവിക്കുന്ന ലോകത്ത് അറിവ് പുതുക്കുകയും നൈപുണ്യങ്ങൾ സ്ഥിരമായി വളർത്തുകയും ചെയ്യാത്തവർ തിരസ്ക്കരിക്കപ്പെടാം. എന്നും പഠിക്കുകയും പുതിയ ഉത്തരവാദിത്വങ്ങളും നേതൃത്വവും ഏറ്റെടുക്കാൻ മനസ്സുകാണിക്കാത്തവർ തഴയപ്പെടും. No risk no gain! ആധുനിക കാലത്ത് മനോഭാവവും ഉയരണം. Attitude determines you altitude! സ്ഥിരമായ പഠനം നമ്മുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കും. മൂല്യം കൂട്ടും. കൂടുതൽ അവസരങ്ങളും സാദ്ധ്യതകളും നമ്മളെ തേടിയെത്തും. പഠിക്കാനും വികസിക്കാനും തയ്യാറാകാത്തവർ സാഹചര്യത്തെ പഴിചാരി കിടന്നുറങ്ങും. മാനസിക ആരോഗ്യം കുറഞ്ഞാൽ മറ്റുള്ളവരെ കുറ്റം പറഞ്ഞും പഴിച്ചും ജീവിക്കും. എന്റെ വ്യക്തിത്വത്തിന്റെ ആകർഷണം വർദ്ധിപ്പിക്കേണ്ടത് എന്റെ മാത്രം ഉത്തരവാദിത്വമാണ്... നല്ല വായന മികച്ച വ്യക്തികളുമായുള്ള നിരന്തര സമ്പർക്കം പുതിയ കോഴ്സുകൾ ഒക്കെ വലിയ ഗുണം ചെയ്യും. നല്ല ഗൈഡൻസ്, കൗൺസിലിംഗ്, കരിയർ കൺസിറപ്റ്റേഷൻ ഒക്കെ വലിയ ഗുണം ചെയ്യും.

ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും നമ്മുടെ മുമ്പിൽ ഉള്ള വെല്ലുവിളികൾ, മുൻഗണനകൾ, ആവശ്യങ്ങൾ, യാഥാർത്ഥ്യങ്ങൾ ഒക്കെ നമ്മൾ പ്രതീക്ഷിക്കുംപോലെ ആയിക്കൊള്ളണമെന്നില്ല. കരുത്തുറ്റ മനുഷ്യൻ ഏതു സാഹചര്യത്തേയും തരണം ചെയ്യും– അതിജീവിക്കും. വെല്ലുവിളികളെപ്പോലും സാധ്യതയാക്കി മാറ്റും. മാനസികവും വൈകാരികവുമായ കരുത്ത് നിരന്തരമായി വർദ്ധിപ്പിക്കാം പരിപോഷിപ്പിക്കാം! ദൈവം തന്ന ഈ മനോഹരജീവിതം ഈ അതിമനോഹര തീരത്ത് സമൃദ്ധിയായി ആസ്വദിക്കാം!

"നല്ല മാനസിക ആരോഗ്യം എന്നത് വൈകാരിക സ്ഥിരത, സമ്മർദ്ദങ്ങളെ അതിജീവിക്കാനുള്ള കഴിവ്, ആത്മവിശ്വാസം, നല്ല ബന്ധങ്ങൾ നിലനിർത്തൽ, ജീവിതത്തോട് പോസിറ്റീവായ സമീപനം എന്നിവയാണ്. സന്തോഷം, ഏകാഗ്രത, ശരിയായ ഉറക്കം, തീരുമാനങ്ങൾ എടുക്കാനുള്ള കഴിവ്, സമൂഹവുമായി ഇടപഴകാനുള്ള താൽപ്പര്യം എന്നിവ ഇതിന്റെ പ്രധാന ലക്ഷണങ്ങളാണ്".

ഏവർക്കും ഹൃദയം നിറഞ്ഞ ആശംസകൾ

**സുനിൽ ഡി. കുരുവിള**
ഫൗണ്ടർ ഇൻസൈറ്റ് മിഷൻ
( Sunil D. Kuruvilla is a practising Counsellor, Career expert & a Human Resource Development trainer of vast experience.
He can be contacted @ email:
sunil_kuruvilla@rediffmail.com or Cell: +91 9847400712
www.insightmission.org.in
Or YouTube: sunil kuruvilla)

# ജീവിത സായാഹ്നം ശോഭനമാകട്ടെ

ഫാ. സിജിൽ ജോസ്, വിലങ്ങൻപാറ

**ആമുഖം**

വാർദ്ധക്യത്തിലും ദൈവമക്കൾ ആത്മവിശ്വാസത്തോടും പ്രത്യാശയോടും കർമ്മോത്സുകരാകുവാൻ ദൈവം ആഗ്രഹിക്കുന്നു. കാരണങ്ങൾ കണ്ടെത്തി വാർദ്ധക്യത്തിൽ മടിപിടിച്ച് വീട്ടിലിരിക്കാതെ കർമ്മോത്സുകരാകണം. വിശ്രമം ആവശ്യമാണെങ്കിലും ഏതെങ്കിലും തലത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത് ഏറെ ഉത്തമമാണ്.

വിജ്ഞാനത്തിന്റെയും അനുഭവ സമ്പത്തിന്റെയും സ്രോതസ്സാണ് എപ്പോഴും മുതിർന്ന പൗരന്മാർ. ഉത്തരവാദിത്വങ്ങൾ വരുംതലമുറയെ വിശ്വസിച്ചേല്പിക്കുന്നതിനോടൊപ്പം അവർക്ക് താങ്ങും തണലുമായി നാമുണ്ടെന്നുള്ള ബോധ്യവും നല്കേണ്ടിയിരിക്കുന്നു. അതിനു യോജ്യമായി നമ്മുടെ മനോഭാവവും പ്രവൃത്തിയും രൂപപ്പെടുത്താം.

ജീവിതത്തെപ്പറ്റി ശരിയായ വീക്ഷണവും ഉത്തമമായ ആത്മീയാനുഭവവും വളർത്തിയെടുത്തിട്ടില്ലെങ്കിൽ വാർദ്ധക്യം പ്രശ്നസങ്കീർണ്ണമാവും, അവർക്കും മറ്റുള്ളവർക്കും ചിലർ 'മൂശേട്ടകളായി മാറുന്നു. മറ്റു ചിലർ മാധുര്യമാർന്ന പെരുമാറ്റത്തിന്റെ ഉടമകളായി വർത്തിക്കുന്നു. ലാഭനഷ്ടങ്ങൾ എന്ന വിധത്തിൽ കണക്കാക്കിയാൽ വാർദ്ധക്യത്തിൽ ഇവ രണ്ടും അനുഭവവേദ്യങ്ങളാണ്. നഷ്ടങ്ങളുടെ പട്ടികയിൽ എന്തെല്ലാം വരുന്നു? പദവികളും സ്ഥാനമാനങ്ങളും നഷ്ടമാകുന്നു. സമൂഹത്തിൽ നേതൃനിരയിൽ ആദരവും അംഗീകാരവും ഉണ്ടായിരുന്നത് കൈവിട്ടു പോകുന്നു. പല തീരുമാനങ്ങൾ ചെയ്യുന്നതിനുള്ള അധികാരകേന്ദ്രമായിരുന്നത്, അങ്ങനെയല്ലാതാകുന്നു. കൈയാളുവാൻ ലഭിച്ചിരുന്ന പണത്തിനും ശോഷണമുണ്ട്. ചിലപ്പോൾ ജീവിത പങ്കാളിയുടെ നഷ്ടമായിരിക്കും സംഭവിക്കുക.

ആരോഗ്യം നഷ്ടമാകുന്നതാണ് മറ്റൊരു പ്രശ്നം. ഇപ്രകാരമുള്ള പല നഷ്ടങ്ങളും മാറ്റങ്ങളും സംഭവിക്കുമ്പോൾ, ശരിയായ ആത്മീയ വളർച്ചയും പക്വതയാർന്ന ആത്മീയ വീക്ഷണവും വളർത്തിയിട്ടില്ലെങ്കിൽ വലിയ പ്രശ്നമായി തീരുന്നു.

ജീവിതസായാഹ്നം നഷ്ടങ്ങളുടെ ഘട്ടമെന്നപോലെ ലാഭത്തിന്റെ അവസരവുമാണ്. എപ്രകാരം വാർദ്ധക്യം ഫലം കായ്ക്കുന്നതായി മാറ്റാം എന്ന് ചിന്തിക്കാം.

**1. മുതിർന്ന പൗരന്മാരുടെ കൂട്ടായ്മ**

വിവിധങ്ങളായ അനുഭവങ്ങളും ജ്ഞാനവും പ്രവൃത്തിപരിചയവും ഉള്ള മുതിർന്ന പൗരന്മാർ ഒത്തുചേരുമ്പോൾ അവർ പരസ്പരപൂരകങ്ങളായി അനുയോജ്യമായ പ്രവർത്തനങ്ങളിൽ പങ്കുകാരാകാം.

ആന്തരികമായി പരസ്പരം ബലപ്പെടുത്തുന്നത് ഈ കൂട്ടായ്മയിലൂടെ സംഭവിക്കുമ്പോൾ ഓരോരുത്തരം അവരുടെ വാർദ്ധക്യം കൂടുതൽ ഫലപ്രദമാക്കാനിടവരുത്തുന്നു.

**2. യാഥാർത്ഥ്യങ്ങളോട് പൊരുത്തപ്പെടുക**

വാർദ്ധക്യത്തിലേക്കു കാൽവെയ്ക്കുമ്പോൾ അതിനെ വസ്തുനിഷ്ഠമായി അംഗീകരിക്കുകയും സ്വീകരിക്കുകയും വേണം. വാർദ്ധക്യത്തെ നിഷേധാത്മകമായതിനോടോ ആകുലത ഉളവാക്കുന്നതിനോടോ ബന്ധപ്പെടുത്താതിരിക്കാൻ ശ്രമിക്കാം.

**3. ദൈവത്തിൽ സമ്പൂർണ്ണ ആശ്രയം**

ദൈവത്തിൽത്തന്നെ നമ്മുടെ എല്ലാ വഴികളും ഭരമേല്പിക്കുകയും ദൈവത്തിൽത്തന്നെ ആശ്രയിക്കുകയും ചെയ്യുക (സങ്കീ.37:5).

**4. ധന്യമായ വാർദ്ധക്യ ജീവിതം**

നമ്മുടെ ജീവിതംകൊണ്ട് ഏതെങ്കിലും വിധത്തിൽ മറ്റുള്ളവരുടെ ജീവിതം ധന്യമാക്കാൻ കഴിഞ്ഞാൽ അതല്ലേ നമുക്ക് തൃപ്തി നല്കുന്നത്. സ്വാർത്ഥരായി സ്വന്തം കാര്യം മാത്രം ചിന്തിച്ച് അവ നിറവേറ്റിക്കിട്ടിയാൽ സന്തോഷവും സംതൃപ്തിയും അനുഭവിക്കാമെന്നത് മിഥ്യാധാരണയാണ്. എത്രയധികം നിസ്വാർത്ഥരാകുന്നുവോ അത്രയധികം സന്തോഷവും സംതൃപ്തിയും നേടുന്നവരാകാം.

**5. മക്കളോടും സഹായികളോടുമൊപ്പം**

പരസഹായം ആവശ്യമായ ഘട്ടമാണെങ്കിൽ ഉറ്റവരുടെ സഹായവും സാമീപ്യവും തുടർച്ചയായി വേണ്ടിവന്നേക്കാം. വാർദ്ധക്യം മൂലമുള്ള ചില പെരുമാറ്റ വൈകല്യങ്ങൾ മക്കളെയും സഹായികളെയും മുഷിപ്പിക്കാനിടയുണ്ട്. അതുകൊണ്ട് മക്കളോടും സഹായികളോടും ആരോഗ്യകരമായ ബന്ധം പുലർത്തുവാനും അവരെ സ്നേഹിച്ചും അവരുടെ വാക്കുകൾ മാനിച്ചും പിറുപിറുപ്പുകൾ കൂടാതെ അവരുടെ സഹായം സന്തോഷത്തോടുകൂടി സ്വീകരിക്കുകയാണ് വേണ്ടത്.

**6. ഏകാന്തതയെ അതിജീവിക്കുക**

വാർദ്ധക്യത്തിലായിരിക്കുന്നവർ ഈ കാലഘട്ടത്തിൽ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം ഏകാന്തതയാണ്. ദൈവത്തിൽ ആശ്രയിച്ച് അതിനെ അതിജീവിക്കാൻ പരിശ്രമിക്കാം. നല്ല പുസ്തകങ്ങൾ വായിച്ചു തുടങ്ങാം. വിശുദ്ധ ബൈബിൾ വായിക്കാം. വെറുതെയിരിക്കാതെ തങ്ങൾക്കു സന്തോഷവും സംതൃപ്തിയും നല്കുന്ന നല്ല കാര്യങ്ങളിൽ വ്യാപൃതരാകാം. പുതുതായി എന്തെങ്കിലും പഠിക്കാൻ പരിശ്രമിക്കാം. ഉദാ. പാചകകല, വാദ്യോപകരണങ്ങൾ, ഫാബ്രിക് പെയിന്റിംഗ് എന്നിവ പഠിക്കാം.

**7. ആത്മീയതയ്ക്ക് മുൻതൂക്കം നല്കാം**

മനുഷ്യന്റെ ജീവിതധന്യത ദൈവവുമായുള്ള ബന്ധത്തിലാണ്. ഇത്രത്തോളം യഹോവ സഹായിച്ചു (2.ശമു.7:12), ഇന്നയോളം നടത്തിയ ദൈവം തുടർന്നു വഴി നടത്തുമെന്നുള്ള തിരിച്ചറിവ് വാർദ്ധക്യത്തെ ഏറെ മനോഹരമാക്കും. ആത്മീയതയ്ക്ക് പ്രാധാന്യം നൽകി ജീവിക്കാൻ പരിശ്രമിക്കാം.

**8. ഏപ്പോഴും ഒരുങ്ങിയിരിക്കുക**

മരണം ഏതു പ്രായത്തിലും കടന്നുവരാം. മരണാനന്തര ഭാവിയെക്കുറിച്ചുള്ള ഉറപ്പ് നമുക്കുണ്ടെങ്കിൽ ഏതു കാലത്തിലും മരണം വന്നുകൊള്ളട്ടെ. അനിശ്ചിതമായ ഈ ലോകത്തിൽ വാർദ്ധക്യകാലമാകട്ടെ എന്നു കരുതി കുറെ നാൾകൂടി ജഡമോഹങ്ങളിൽ മുഴുകി ജീവിക്കുന്നത് ആശാസ്യമല്ല.

ഒന്നുകിൽ നാം മരണംമൂലം കർത്ത്യസന്നിധിയിലേക്ക് എടുക്കപ്പെടുകയോ അല്ലെങ്കിൽ കർത്താവിന്റെ പുനരാഗമനത്തെ വരവേൽക്കുകയോ ചെയ്യേണ്ടവരാണ്. അപ്പോൾ കർത്താവിനെ സ്വീകരിക്കത്തക്ക മന:സ്ഥിതിയിൽ നാം ആയിരിക്കുന്നുവെങ്കിൽ സന്തോഷസമേതം അവയെ സ്വീകരിക്കാം. നമ്മുടെ ജീവിതശൈലി അതിൻ പ്രകാരം വിശുദ്ധിയോടുകൂടെ ആയിരിക്കട്ടെ (ലൂക്കോ.12:36-40).

**9. നിത്യതയെക്കുറിച്ചുള്ള ചിന്ത**

നാം ഇപ്പോൾ അനുഭവിക്കുന്ന കഷ്ടതകളും വേദനകളും ലഘൂകരിക്കാൻ പര്യാപ്തമായതാണ് നിത്യതയിലെ വാസത്തെക്കുറിച്ചുള്ള ചിന്തകൾ. സ്വർഗ്ഗത്തിൽ കഷ്ടതയൊന്നുമില്ലല്ലോ എന്നോർത്ത് ഇപ്പോൾ നാം ആയിരിക്കുന്ന ദുഃഖകരമായ സാഹചര്യത്തിലും സന്തോഷിക്കാൻ കഴിയണം. ഈ കാലയളവിൽ എത്രമാത്രം കഷ്ടത സഹിക്കേണ്ടിവരുന്നുവോ അതിനനുസരണമായി വളരെമടങ്ങ് സന്തോഷങ്ങളാണ് നാം ഭാവിയിൽ അനുഭവിക്കാൻ പോകുന്നതെന്നോർക്കുക

**10. പ്രലോഭനങ്ങളിൽ കുടുങ്ങാതെ**

ഭൗതികമായി നമുക്കുവേണ്ട ഉപഭോഗവസ്തുക്കൾ തികച്ചും താല്ക്കാലികമായ ഉപയോഗത്തിനുള്ളതാണെന്ന് തിരിച്ചറിയാം. താല്ക്കാലികമായ വസ്തുക്കളോട് അമിത താല്പ്പര്യം പാടില്ല. ക്രിസ്തുവിന്റെ നാമത്തിനുവേണ്ടി ചിലതൊക്കെ ഉപേക്ഷിക്കേണ്ടതിനു പകരം അവ സ്വരൂപിച്ചു കൂട്ടിയാൽ മരണത്തോടുകൂടി അവയൊക്കെ ഉപേക്ഷിച്ചേ മതിയാവൂ.

ക്രിസ്തുവിനുവേണ്ടി ഒരിക്കൽ ഉപേക്ഷിച്ചതൊക്കെ വീണ്ടും നമ്മുടെ ശ്രദ്ധയും സമയവും കവർന്നെടുക്കാൻ അനുവദിക്കുന്നതിൽ യാതൊരു ഔചിത്യവുമില്ല.

**മക്കൾ മാതാപിതാക്കളെ കരുതണമെന്ന് ദൈവവചനം നമ്മെ ഓർമ്മപ്പെടുത്തുന്നു.**

നിങ്ങളുടെ ദൈവമായ യഹോവ നിങ്ങൾക്കു നൽകുന്ന ദേശത്ത് നിങ്ങൾക്കു ദീർഘായുസ്സ് ഉണ്ടാകേണ്ടതിന് അപ്പനേയും അമ്മയേയും ബഹുമാനിക്കുക.(പുറ. 20:12).

"വൃദ്ധന്മാരുടെ മുൻപിൽ എഴുന്നേൽക്കുക, മൂപ്പുള്ളവരോട് ബഹുമാനം കാണിക്കുക" (ലേവ്യ 20:32).

"പ്രായം ചെന്നവനെ ശകാരിക്കാതെ, പിതാവിനെ എന്നെപ്പോലെ പ്രബോധിപ്പിക്കുക" (1.തിമോ.5:1).

"അപ്പനെയോ, അമ്മയെയോ ശപിക്കുന്നവൻ മരണശിക്ഷ അനുഭവിക്കണം"(പുറ.21:17, ലേവ്യ.20:9, മർക്കോ. 7:10).

നിനക്കു ജന്മം നല്കിയ നിന്റെ പിതാവിന്റെ വാക്കു കേൾക്കുക. മാതാവ് വൃദ്ധയാകുമ്പോൾ അവരെ നിന്ദിക്കയും അരുത്" (സദൃ. 23:22).

**ഉപസംഹാരം**

തിരുവചനത്തിൽ നമ്മൾ വായിക്കുന്നു "വാർദ്ധക്യത്തിലും അവർ ഫലം കായിച്ചുകൊണ്ടിരിക്കും; അവർ പുഷ്ടിവച്ചും പച്ചപിടിച്ചും ഇരിക്കുന്നു" (സങ്കീ.92:14). ഈ അനുഭവം സ്വന്തമാക്കിയ എത്രയോ സമുന്നതരായ വ്യക്തികളെ നമ്മൾ കണ്ടിരിക്കുന്നു. ജീവതത്തിന്റെ വ്യത്യസ്ത മേഖലകളിലും പ്രവർത്തനങ്ങളിലും നിറഞ്ഞു നിന്നവർ. അതിൽ പട്ടക്കാരുണ്ട്, മേൽപ്പട്ടക്കാരുണ്ട്, കന്യാസ്ത്രീകളുണ്ട്, അൽമായരുണ്ട് കുറേപ്പേർ മൺമറഞ്ഞവർ, മറ്റുള്ളവർ ഇന്നും വേദിയിൽ സജീവസാന്നിധ്യമായവർ. ജീവിതസായാഹ്നം ഫലപ്രദവും, സന്തോഷകരവുമാക്കിത്തീർത്തവർ. ഇവ തന്നെ സർഗ്ഗാത്മകമായി കണ്ട് എല്ലാ പ്രതിബന്ധങ്ങളെയും പ്രതിസന്ധികളേയും ക്രിസ്തീയാത്മാവിൽ നേരിട്ട് വിജയം നേടിയവർ. ഇവർ ജീവിതസായാഹ്നത്തിൽ എത്തിയ പലർക്കും പ്രചോദനവും, കരുത്തും പകരട്ടെ. തന്റെ 81-ാമത്തെ വയസ്സിൽ ആഫ്രിക്കയിലെ പ്രതികൂലസാഹചര്യങ്ങളെ അതിജീവിച്ച് അവിടെ പ്രവർത്തിക്കാനായി യൂറോപ്പിൽനിന്നുപോയ ഡോക്ടർ ആൽബർട്ട് ഷ്വയ്റ്റ്സറിനെപോലെയുള്ളവരുടെ ജീവിതമാതൃകയും, തന്റെ 70-ാം ജന്മദിനത്തിൽ പർവ്വതാരോഹണം പരിശീലിക്കാൻ തീരുമാനമെടുകയും 90-ാം വയസ്സിൽ ഫുജി പർവ്വതത്തിൽ കയറുകയും ചെയ്ത യൂറോപ്പുകാരി ഹിൽഡാ കുക്കറിന്റെ കർമ്മധീരതയും ഇറാഖിൽ നിന്നും മലങ്കരയിലെ മക്കൾക്കുവേണ്ടി തന്റെ 92-ാ മത്തെ വയസ്സിൽ കടന്നുവന്ന യൽദോ മാർ ബസ്സേലിയോസ് ബാവായുടെ പ്രായത്തെ അതിജീവിക്കുന്ന സുവിശേഷ തീക്ഷ്ണതയും വയോധികർക്ക് ആത്മവിശ്വാസവും, പ്രചോദനവും നൽകുന്നു. ●

---

കവിത

# സ്വർഗ്ഗീയ സ്നേഹം

**തോമസുകുട്ടി, കൊച്ചുമുറ്റം, തുരുത്തിക്കാട്**

സ്വർഗ്ഗത്തിൽനിന്നും കൈനീട്ടി ഞങ്ങൾക്ക്
സ്വർഗ്ഗീയനുഗ്രഹമേകിയോനേ
കാൽവറികുന്നിൽ ക്രൂശിലേറി
കനിവോടെ ഞങ്ങളെ കാത്തവനേ... (2)

ദുരിതക്കയങ്ങളിൽ മുങ്ങി ഉഴലുമ്പോൾ
താഴാതെ കൈകളിലേന്തിയോനേ....
പൊരി വെയിൽ ചൂടിൽ വെന്തുരുകുമ്പോൾ
തളരാതെ കുളിരതേകിയേനെ... (2)
സ്വർഗ്ഗത്തിൽനിന്നും...

മാറാത്ത വ്യാധിയിൽ മനം തകരുമ്പോൾ
മനസ്സിൽ കുളിരായ് പെയ്തവനേ...
പട്ടിണി പരിവട്ടം കെട്ടിവരിയുമ്പോൾ
പറയാതെ വിശപ്പതകറ്റിയോനേ (2)
സ്വർഗ്ഗത്തിൽനിന്നും....

സത്യം, സ്നേഹം, ക്ഷമയെന്നതെന്നും
നിത്യം ആയുധമാക്കിയോനേ...
ശത്രുവും മിത്രമതാകും സ്നേഹം
എന്നിലും നിറയ്ക്കണേ പൊന്നു നാഥാ (2)
സ്വർഗ്ഗത്തിൽനിന്നും....

അടിയാർക്കും നല്കുമീ സ്നേഹത്തിൽ മലരുകൾ,
സത്യത്തിൽ നൂലിൻ കോർത്തണിയാൻ...
ക്ഷമയെന്ന മാന്ത്രിക ശക്തിയതെന്നും
കനിവോടെ ഞങ്ങൾക്കേകണമേ (2)
സ്വർഗ്ഗത്തിൽനിന്നും...

# Rooted in Faith, Rising in Strength

**Seema Shinto, Kanniyel, Ranni**

The righteous shall flourish like the palm tree: he shall grow like a cedar in Lebanon- Psalms 92-12 We are well aware of the distinctive qualities of the palm tree: it is rooted deeply and firmly, rising tall and resilient. No matter how fiercely the winds may blow, the palm tree bends and sways, yet it does not break, for its roots are strong and secure.

In the same way, those whose faith is firmly grounded in the Lord may face trials and temptations throughout their lives. Yet they endure every storm, overcome every crisis, and continue to stand strong. No adversity can destroy them, for their strength is anchored in unwavering faith. Palm trees continue to grow even in harsh conditions. Biblically, they represent spiritual growth and fruitfulness in a godly life .Deep roots symbolize strong faith and trust in God. The palm tree represents beauty, grace, and dignity in God's people.

We see many individuals who trust in the Lord and stand upright like the palm tree, strengthened by unwavering faith in the Almighty. Daniel is one such example. In the midst of severe trials and challenges, he placed his complete trust in God with all his heart. His steadfast faith sustained him, enabling him to remain firm and faithful despite every adversity. In the Holy Bible, in Daniel chapter 6, we see a man deeply rooted in faith—Daniel himself. Even in the lions' den, he remained steadfast in his trust in Almighty God, standing firm and unshaken. He knew with unwavering certainty that God would deliver him and would never abandon him.

Because of Daniel's strong faith and belief in God, the Lord Almighty sent His angels and shut the mouths of the lions. Daniel prayed to the Lord in the den, and God heard his prayer and answered him. From his life, we learn about the miraculous power of prayer. When we pray with a sincere and broken heart, God hears us immediately. Even in front of roaring lions and surrounded by darkness, Daniel did not become afraid.

Daniel chapter 6 we can see some people who hate Daniel told to the king, that man Daniel , one of the captives from Judah, is paying no attention to you he still prays to his god three times a day. The king was very angry, hearing this. So the king gave order for Daniel to be arrested and thrown into the den of lions. The king said to him " May your God whom you worship continually, rescue you." A stone was brought and placed over the mouth of the den.The king sealed the stone with his own royal seal and the seal of his nobles. So that no one could rescue Daniel form the lions. Very early the next morning, the king hurried out to the lion's den. When he got there, he called out in anguish, ''Daniel, servant of the living God, was your God, whom you worship continually, able to rescue you from the lions?' 'Daniel Answered '' My God sent his angel to shut the lions' mouth that they would not hurt me. The king was overjoyed and ordered that Daniel be lifted from the Den. Not a scratch was found on him because he had trusted in his God. Then the king gave order to arrest the men who had maliciously accused Daniel. He had them thrown into the lions' den, along with their wives and children. The loins leaped on them and tore them apart before they even hit the floor of the den.

We all need the courage and steadfast hope exemplified by Daniel in our lives. Our faith must be unwavering and deeply rooted, for only then can we confront life's challenges with resilience and stand firm in the face of adversity. We need not fear our enemies or their schemes, for God Almighty empowers us to overcome every obstacle and face every challenge with courage. Just as Daniel's adversaries were struck down in an instant, so too will our enemies be defeated by the sovereign hand of the Lord . The one who trusts in the Lord, whose confidence is in him. They will be like a tree planted by the water that sends out its roots by the stream. It does not fear when heat comes; its leaves are always green. It has no worries in a year of drought and never fails to bear fruit.

**James 1:12 – "Blessed is the one who perseveres under trial because, having stood the test, that person will receive the crown of life that the Lord has promised to those who love him."- believe this and move forward .**

# എവൻഗേലിയോൻ ദീപം



ഫാ. ചിക്കു ബേബി കാരിമറ്റത്തിൽ

**നോമ്പിലെ രണ്ടാം ഞായർ ( 22 – 02 – 2026)**
**ഗർബോ ഞായർ (വി. ലൂക്കോ. 5:12 – 16)**

യേശു തന്റെ പരസ്യ ശുശ്രൂഷകൾക്ക് ഒരു ചെറിയ വിശ്രമം കൊടുത്തുകൊണ്ട് ഒരു പട്ടണത്തിൽ ഇരിക്കുമ്പോൾ കുഷ്ഠം നിറഞ്ഞ ഒരു മനുഷ്യൻ യേശുവിന്റെ അടുക്കൽ വന്ന് "കർത്താവേ നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും' എന്ന് അപേക്ഷിക്കുന്നു. അപ്പോൾ കർത്താവിന്റെ മറുപടി "എനിക്ക് മനസ്സുണ്ട് നീ ശുദ്ധമാകുക" എന്ന് പറഞ്ഞ് അവന് സൗഖ്യം നൽകുന്നു. പ്രിയരെ, ഒരു കുഷ്ഠരോഗിയെ സംബന്ധിച്ച് സമൂഹത്തിലെ അവന്റ സാഹചര്യങ്ങൾ വളരെ പ്രയാസകരമാണ്. കുഷ്ഠരോഗത്തെ പാപത്തിന്റെ അനന്തര ഫലമായാണ് യഹൂദന്മാർ വിശ്വസിച്ചിരുന്നത്. യഹൂദ ന്യായപ്രമാണം അനുസരിച്ച് കുഷ്ഠരോഗി പാളയത്തിന് പുറത്ത് വസിക്കണം. മനുഷ്യരുമായും സ്വന്തം കുടുംബാഗങ്ങൾപോലുമായും ബന്ധങ്ങൾ നഷ്ടപ്പെടുന്ന സാഹചര്യമാണുള്ളത്. അവൻ തൊട്ടു കൂടാത്തവനും തീണ്ടിക്കൂടാത്തവനുമായിരുന്നു. ലൗകിക ജീവിതബന്ധങ്ങൾ എല്ലാം അവന് നിഷേധിച്ചിരുന്നു. സ്നേഹബന്ധങ്ങൾ നഷ്ടപ്പെട്ട് ഒറ്റപ്പെടലിന്റെ വേദന അനുഭവിക്കുന്നവനാണ് കുഷ്ഠരോഗി. പ്രിയരെ, പാപമാകുന്ന കുഷ്ഠം പിടിച്ച മനുഷ്യന്റെ അവസ്ഥയും ഇതു തന്നെയാണ്. പാപി ദൈവത്തിൽ നിന്നും മനുഷ്യനിൽനിന്നും അകലുന്നു. പാപം ചെയ്ത മനുഷ്യൻ ദൈവത്തിൽനിന്ന്, ദൈവസ്നേഹത്തിൽ നിന്ന് അകന്നുപോകുന്നു. കുഷ്ഠരോഗിയുടെ ജീവിതത്തിൽനിന്ന് നമുക്ക് നൽകുന്ന സന്ദേശങ്ങൾ.

1) നോമ്പിന്റെ ശ്രേഷ്ഠമായ ദിനങ്ങളിലൂടെ നാം കടന്നുപോകുമ്പോൾ ഇത് ഒരു തിരിച്ചറിവിന്റെ കാലമായി മാറണം. കുഷ്ഠരോഗിയുടെ സമീപനം പോലെ തന്റെ ഭാഗത്തെ വീഴ്ചകൾ തിരിച്ചറിഞ്ഞുകൊണ്ട് ഞാൻ പാപിയാണെന്ന തിരിച്ചറിവോടെ കർത്താവിന്റെ അടുക്കൽ ചെല്ലുക. തന്നെ ശോധന ചെയ്തുകൊണ്ട് കുഷ്ഠരോഗി കാത്തുനിന്നു. പിന്നീട് കർത്താവിനെ സമീപിച്ച് തന്റെ വീഴ്ചകൾ തിരിച്ചറിഞ്ഞു അനുതപിക്കുന്നു. പ്രിയരെ, നമുക്കും പാപത്തിന്റെ കുഷ്ഠത്തെ തിരിച്ചറിഞ്ഞ് പുരോഹിതന്റെ മുമ്പാകെ സത്യകുമ്പസാരം നടത്തുവാൻ സാധിക്കണം. അപ്പോൾ നഷ്ടപ്പെട്ട നമ്മുടെ ദൈവമായുള്ള ബന്ധം തിരികെ ലഭിക്കുന്നു. കുഷ്ഠരോഗിയിൽ നാം കണ്ടതുപോലെ എന്റെ അവകാശമല്ല മറിച്ച് നിനക്ക് മനസ്സുണ്ടെങ്കിൽ സൗഖ്യമാക്കുക എന്ന മനോഭാവത്തോടെ നമ്മുടെ വീഴ്ചകളെ തിരിച്ചറിഞ്ഞ് കർത്താവിനെ സമീപിക്കുവാൻ സാധിക്കണം.

2) കുഷ്ഠരോഗിക്ക് സൗഖ്യം ലഭിച്ചെങ്കിലും അവന്റെ നഷ്ടപ്പെട്ട മനുഷ്യബന്ധങ്ങൾ തിരികെ ലഭിക്കാൻ പുരോഹിതന്റെ മുമ്പാകെ കടന്നു ചെല്ലാൻ കർത്താവ് അവനോട് പറയുന്നു. കാരണം യഹൂദ ന്യായപ്രമാണമനുസരിച്ച് രോഗം നിർണ്ണയിക്കുന്നതും രോഗം ഇല്ലായെന്ന് വെക്കുന്നതിനുള്ള അധികാരവും പുരോഹിതനാണുള്ളത്. നാമും നമ്മുടെ നഷ്ടപ്പെട്ടുപോയ ദൈവബന്ധത്തെ തിരികെ ലഭിക്കാൻ പട്ടക്കാരന്റെ മുമ്പാകെ കടന്നുചെന്ന് ഒന്നും മറച്ചുവയ്ക്കാതെ നമ്മെത്തന്നെ മുഴുവനായി അനാവരണം ചെയ്യണം. അതായത് ഒരു സത്യകുമ്പസാരം നടത്താനും അങ്ങനെ സത്യകുമ്പസാരത്തിലൂടെ ദൈവം നമ്മെ സ്പർശിച്ച് ഒരു പുതിയ സൃഷ്ടിയായിത്തീരാൻ സാധിക്കട്ടെ.

**നോമ്പിലെ മൂന്നാമത്തെ ഞായർ (01 – 03 – 2026)**
**മ്ശറ്യോ ഞായർ (തളർവാത രോഗി)**
**മർക്കോസ് 2:1 – 12**

യേശുക്രിസ്തു തളർവാത രോഗിയെ/പക്ഷവാതക്കാരനെ സൗഖ്യമാക്കുന്ന സംഭവമാണ് ഈ വേദഭാഗത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. ഈ അത്ഭുത സംഭവം നടക്കുന്നത് കഫർന്നഹൂമിലെ പത്രോസിന്റെ ഭവനത്തിൽ വച്ചാണ്. ധാരാളം ആളുകൾ യേശുവിന്റെ പ്രസംഗം കേൾക്കാനും രോഗസൗഖ്യം പ്രാപിക്കുന്നതിനും വന്നുകൂടിയിട്ടുണ്ട്. ഈ സമയത്താണ് നാലുപേർ ചുമന്നുകൊണ്ട് തളർവാതരോഗിയെ രോഗ സൗഖ്യത്തിനായി വളരെ പ്രയാസപ്പെട്ട് യേശുവിന്റെ അടുക്കൽ കൊണ്ടുവരുന്നത്. പാലസ്തീൻ നാടുകളിലെ ആ കാലത്തെ വീടുകളുടെ മേൽക്കൂര നീക്കാവുന്നതാണ്. അതുപോലെ പുറത്ത് നിന്ന് ഗോവണിയും ഉണ്ടായിരിക്കണം. ഈ രോഗിയെ ആ നാല് പേർ മേൽക്കൂര നീക്കി ക്രിസ്തുവിന്റെ അടുക്കൽ എത്തിക്കുന്നു. ആ നാല് പേരുടെ വിശ്വാസം കണ്ടിട്ടാണ് യേശു തളർവാതരോഗിക്ക് സൗഖ്യം നൽകുന്നത്. തളർവാത രോഗിക്ക് അവന്റെ ശാരീരിക, മാനസിക സൗഖ്യം യേശുവിൽ നിന്നും ലഭിക്കുന്നു. യേശു അവന്റെ പാപങ്ങൾ മോചിപ്പിക്കുന്നു. അതോടൊപ്പം ശാരീരിക സൗഖ്യവും ലഭിക്കുന്നു. ഈ വേദഭാഗം നമുക്ക് നൽകുന്ന സന്ദേശങ്ങൾ:–

1) പാപമാകുന്ന തളർവാതം പിടിച്ചിരിക്കുന്ന നമ്മുടെ പാപങ്ങളെ മോചിപ്പിക്കുവാൻ കർത്താവിന് കഴിയും. പാപ മോചനത്തിനും സൗഖ്യത്തിനും നമ്മുടെ ഭാഗത്തുനിന്ന് ചില കർമ്മങ്ങൾ ആവശ്യമാണ്. അതായത് എഴുന്നേൽക്കുക, കിടക്ക എടുക്കുക, നടക്കുക. താൻ കിടക്കുന്ന കട്ടിൽ ഉചിതമല്ല, പാപമാകുന്ന കട്ടിലിലാണ് ഞാൻ കിടക്കുന്നത് എന്ന് തിരിച്ചറിഞ്ഞ് അതിൽനിന്ന് എഴുന്നേൽക്കണം. അടുത്ത കർമ്മം പാപം ഉപേക്ഷിക്കാനുള്ള തയാറെടുപ്പാണ്. അടുത്ത കർമ്മം ഇനി ചെയ്യുകയില്ലെന്നുള്ള തീരുമാനം. യോഹന്നാൻ 20:23ൽ പറയുന്നത് പാപങ്ങൾ മോചിപ്പിക്കുവാനുള്ള അധികാരം യേശു അപ്പോസ്തോലന്മാർവഴി സഭയ്ക്ക് നൽകിയിരിക്കുന്നു. പരി. സഭയിലെ പട്ടക്കാരുടെ മുമ്പാകെ ചെന്ന് നമ്മുടെ ജീവിതത്തിലെ പാപമാകുന്ന തളർവാതത്തെ തിരിച്ചറിഞ്ഞ് സത്യഅനുതാപത്തോടെ ഇനി ചെയ്യില്ലെന്നുള്ള ഉറച്ച തീരുമാനത്തോടെ സത്യകുമ്പസാരം നടത്തണം. അപ്പോൾ പാപമോചനവും രോഗസൗഖ്യവും ലഭിക്കുന്നു.

2) സഭാ പിതാവായ അംബ്രോസ് ഇപ്രകാരം പറയുന്നു. Every sick person and every sinners needs intercession before God. ഇവിടെ മദ്ധ്യസ്ഥതയുടെ പ്രാധാന്യം ആണ് കാണിക്കുന്നത്. തളർവാത രോഗിയെ ചുമന്നുകൊണ്ടുവന്ന 4 പേരുടെ വിശ്വാസം കണ്ടിട്ടാണ് യേശു അവന് സൗഖ്യം നൽകുന്നത്. സമൂഹത്തിൽ രോഗികൾ, വേദന അനുഭവിക്കുന്നവർ ഇവരെ ക്രിസ്തുവിലേക്ക് കൊണ്ടുവരിക എന്ന മദ്ധ്യസ്ഥതയുടെ ദൗത്യം നമ്മിൽ ഉണ്ട്. 2 കൊരിന്ത്യർ 5:20ൽ പൗലോസ് തന്റെ ശുശ്രൂഷയെ മദ്ധ്യസ്ഥ ശുശ്രൂഷയായി പറയുന്നു. പഴയ നിയമത്തിൽ അബ്രഹാം, ഇസഹാക്ക്, യാക്കോബ്, മോശ, പ്രവാചകന്മാർ ഇവരെല്ലാം മദ്ധ്യസ്ഥർ ആയിരുന്നു. ഇവർവഴി ദൈവം ജനത്തോട് ഇടപെട്ടിരുന്നു. സമൂഹത്തിലെ പ്രയാസം അനുഭവിക്കുന്ന, രോഗികളായിരിക്കുന്ന നമ്മുടെ സഹോദരങ്ങളുടെ ജീവിതത്തിൽ നാം ഇടപെടുന്നതുവഴി, നമ്മൾ അവർക്കു വേണ്ടി പ്രാർത്ഥിക്കുന്നതുവഴി ദൈവം അവരോട് കരുണ ചെയ്യും. ആ വലിയ മദ്ധ്യസ്ഥതയുടെ ദൗത്യം നമുക്ക് ഏറ്റെടുക്കാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

**നോമ്പിലെ 4 – ാം ഞായർ (08 – 03 – 2026)**
**ക്നാനായ്ത്തൊ ഞായറാഴ്ച (വി.മത്താ. 15:21 – 31)**

നോമ്പിന്റെ ഞായറാഴ്ചകളിൽ പ്രധാനപ്പെട്ട അത്ഭുതങ്ങളെയും ഉപമകളെയും ധ്യാനത്തിനും പഠനത്തിനും ആയി ക്രമീകരിച്ചിരിക്കുന്നത് ഏറെ അനുഗ്രഹീതമാണ്. കനാൻകാരിയുടെ മക്കളെ സൗഖ്യമാക്കിയതാണ് ഇന്നത്തെ ചിന്താവിഷയം. യേശുക്രിസ്തു എല്ലാവരുടെയും ദൈവമാണെന്നും അവിടെ വേർതിരിവുകൾ ഇല്ലെന്നും ഇവിടെ മനസ്സിലാക്കുന്നു.

ഭൂതബാധിതമായ അവസ്ഥ പാപത്തിന്റെ മറ്റൊരു സ്വഭാവത്തെയാണ് കാണിക്കുന്നത്. ബുദ്ധിനശിച്ച് ചെയ്യുന്നത് എന്തെന്ന് തിരിച്ചറിയാതെ പ്രവർത്തിക്കുന്നു. പാപത്തിൽ വീണുപോയ മനുഷ്യന് തന്റെ പ്രവൃത്തികൾ തിരിച്ചറിയുവാൻ സാധ്യമല്ല. തന്റെ പ്രവൃത്തികൾ പാപമാണെന്ന് വിശ്വസിക്കുവാനും അവർക്ക് സാധ്യമല്ല. ക്രിസ്തു ക്രൂശിൽ വെച്ചു പ്രാർത്ഥിച്ചതും ഇതു വെളിവാക്കുന്നുണ്ട്. (ലൂക്കോ. 23:34). "പിതാവേ ഇവരോട് ക്ഷമിക്കണമേ, എന്തെന്നാൽ ഇവർ എന്താണ് ചെയ്യുന്നത് ഇവർ അറിയുന്നില്ല. പക്ഷവാതക്കാരനെ സൗഖ്യമാക്കിയത് കൊണ്ടുവന്നവരുടെ വിശ്വാസം കൊണ്ടാണെങ്കിലും, ഇവിടെ ഭൂതബാധിതയായ കുട്ടിയെ കാണാതെ സൗഖ്യം ആക്കുമ്പോൾ മാതാപിതാക്കളുടെ വിശ്വാസം മക്കളുടെ അനുഗ്രഹത്തിന് കാരണമാകുന്നു എന്ന് വെളിവാക്കുന്നു.

യഹൂദർ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജനം ആയിരുന്നതിനാൽ പുറജാതികളെ അടിമകളും നായ്ക്കളുമായി യഹൂദ ജനത കണക്കിട്ടിരുന്നു. പുറജാതികളുടെ പ്രതിനിധിയായി ഇത് ക്രിസ്തുവിന്റെ മറുപടിയിലെ ഫലിതം ഗ്രഹിക്കുവാനും അതിന് ചേർന്നു പ്രത്യാശയോടെ മറുപടി കൊടുക്കുവാനും സാധിക്കുമ്പോൾ അവളുടെ ജ്ഞാനം വഴിയായി ക്രിസ്തുവിന്റെ മേശയിൽനിന്നു നന്മയെ സ്വീകരിക്കുവാൻ സാധിക്കുന്നു.

പ്രിയരെ, ഈ നോയ്മ്പിന്റെ നാളുകളിൽ സാത്താനും പാപവും ഏതു വിധത്തിൽ നമ്മെ ഉപദ്രവിക്കുന്നു എന്ന് ആത്മപരിശോധന നടത്തി ദൈവസ്വരൂപമായ നമ്മൾ നഷ്ടപ്പെടുത്തിയ കഴിവുകളെ വീണ്ടെടുത്ത് പൈശാചിക സ്വഭാവങ്ങളെ ഉപേക്ഷിക്കുകയും ചെയ്യണം. കാനാൻകാരിയായ ആ അമ്മ തന്റെ മക്കളെ പിശാചിൽ നിന്നും വീണ്ടെടുക്കുവാൻ പ്രയത്നിച്ചതുപോലെ പ്രാർത്ഥനയോടും, വിശ്വാസത്തോടും പ്രത്യാശയോടും മക്കളെ ക്രിസ്തുവിൽ വളർത്തുവാനും, സഭയുടെ സത്യവിശ്വാസത്തിൽ മക്കളെ സജീവരാക്കാനും മാതാപിതാക്കന്മാർ ഉത്സുകരായിരിക്കണം.

**നോമ്പിലെ 5 – ാം ഞായർ (15 – 03 – 2026)**
**ക്പിപ്ത്തോ ഞായറാഴ്ച (കൂനിയായ സ്ത്രീ)**
**(വി.ലൂക്കോ. 13:10 – 171)**

പതിനെട്ടു സംവത്സരമായി രോഗാത്മാവ് ബാധിച്ച കൂനിയായിരുന്ന സ്ത്രീയെ ക്രിസ്തു സൗഖ്യമാക്കിയതാണ് ഇന്നത്തെ ചിന്താവിഷയം. പാപഭാരത്താൽ ആത്മാവിനും കൂനുബാധിച്ച മനുഷ്യരുടെ പ്രതീകമാണ് ഈ സ്ത്രീ, ഭൂമിയിലേക്കു മാത്രം നോക്കി ദൈവത്തിലേക്ക് നോക്കുവാൻ സാധിക്കാത്ത ബലഹീനസ്വഭാവത്തെ കാണിക്കുന്നു.

സംഘാലയത്തിൽ പ്രാർത്ഥിക്കുമ്പോഴും ദൈവത്തിലേക്ക് ദൃഷ്ടിപതിപ്പിക്കുവാൻ സാധിക്കാത്ത അവസ്ഥ ഇന്ന് നമ്മുടെ ആരാധനയിൽ നാമും അനുഭവിക്കുന്ന ഒരു വെല്ലുവിളിയാണ്. വി. കുർബ്ബാനയിൽ പുരോഹിതന്റെ ആഹ്വാനമനുസരിച്ച് "ഞങ്ങളുടെ ബോധങ്ങളും, വിചാരങ്ങളും ഹൃദയങ്ങളും ദൈവമായ കർത്താവിങ്കൽ ഇരിക്കുന്നു" എന്നു പറയുമ്പോഴും നമ്മൾ ലൗകിക ചിന്തകളിൽ മുഴുകി കിടക്കുന്നു എന്നതാണ് സത്യം. ഈ ലൗകിക ചിന്തകൾ ആരാധനകളിലും പ്രാർത്ഥനകളിലും നമ്മുടെ ഏകാഗ്രത നഷ്ടപ്പെടുത്തി നമ്മുടെ ആത്മാവിനും കൂനു ബാധിക്കുമ്പോൾ നമ്മുടെ നോമ്പും, പ്രാർത്ഥനയും, ആരാധനകളും ലൗകിക കാര്യസാദ്ധ്യത്തിനായി മാത്രം പരിണമിക്കുന്നു. ഈ ചിന്തകൾ മാത്രമാകുമ്പോൾ ദൈവത്തിൽനിന്നും നാം ഓരോരുത്തരും അകലുകയാണ്.

എങ്കിലും ആരാധനയിൽ മുടങ്ങാതെ പങ്കെടുക്കുവാൻ ആ സ്ത്രീയ്ക്ക് സാധിച്ചപ്പോൾ അപേക്ഷ കൂടാതെ സുഖപ്പെടുത്തുന്ന ക്രിസ്തുവിനെ ഇവിടെ കാണുകയാണ്. നിത്യവും മുടക്കമില്ലാതെ ആരാധനയിൽ പങ്കെടുക്കുന്നതിന്റെ പ്രാധാന്യം നമുക്ക് മനസ്സിലാക്കാം.

പ്രിയമുള്ളവരെ, കൂനുള്ള അവസ്ഥയിൽ നിന്നും നിവർന്ന് സ്വർഗ്ഗത്തിലേക്ക് നോക്കുവാൻ ഈ നോമ്പ് നമുക്ക് സഹായമാകട്ടെ.

# നസ്രേത്ത് ആശ്രമം, ഓതറ

യശശ്ശരീരനായ ശ്രീ. പി. റ്റി. മാത്യു BA, LT സൗജന്യമായി നമ്മുടെ സമുദായത്തിനു നൽകിയ 5 ഏക്കർ സ്ഥലത്ത് 1962 ഓഗസ്റ്റ് 15-ാം തീയതി നിർദ്ധനരായ10 കുട്ടികളെ പാർപ്പിച്ചുകൊണ്ട് ബാലമന്ദിരമായി ആരംഭിച്ച ഓതറ നസ്രേത്ത് ആശ്രമം ഇന്ന് ക്നാനായ സമുദായത്തിന്റെ അതിലുപരി മദ്ധ്യതിരുവിതാംകൂറിലെ അറിയപ്പെടുന്ന ഒരു സാമൂഹ്യക്ഷേമ കേന്ദ്രമാണ്.

ഈ നസ്രേത്ത് ബാലഭവനിൽ വിവിധ ക്ലാസ്സുകളിലായി 8 കുട്ടികൾ താമസിച്ചു പഠിക്കുന്നു. ഇവരുടെ താമസച്ചെലവുകളും പഠനച്ചെലവുകളും ആശ്രമത്തിൽ നിന്നുമാണ് നൽകിക്കൊണ്ടിരിക്കുന്നത്. സർക്കാരിൽ നിന്നും ഒരു ചെറിയ തുക ഗ്രാന്റായി ലഭിക്കുന്നുണ്ടെങ്കിലും കുട്ടികളുടെ ചിലവുകൾക്ക് ഈ തുക പര്യാപ്തമല്ല. ആയതിനാൽ നമ്മുടെ എല്ലാവരുടെയും സഹായ സഹകരണങ്ങൾകൊണ്ടു മാത്രമേ നമ്മുടെ സമുദായത്തിന് അഭിമാനമായി നിൽക്കുന്ന ഈ സ്ഥാപനത്തെ വളർത്തിക്കൊണ്ടുപോകാൻ കഴിയുകയുള്ളൂ. ഈ സാഹചര്യത്തിൽ ഉദാരമനസ്ക്കരായ സമുദായ സ്നേഹികൾക്ക് ഈ സ്ഥാപനത്തെ താഴെ പറയുന്ന രീതിയിൽ സഹായിക്കാവുന്നതാണ്.

നിങ്ങളുടെ വിശേഷ ദിവസങ്ങളുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് ഫീസ്റ്റ് സ്പോൺസർ ചെയ്യുക.

ഒരു കുട്ടിയുടെ മുഴുവൻ പഠനത്തിനുൾപ്പെടെയുള്ള ചെലവുകൾ സ്പോൺസർ ചെയ്യുക.

ബാലഭവനിലേയ്ക്ക് റിക്രിയേഷൻ ഉപകരണങ്ങൾ, കുട്ടികൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ, വസ്ത്രങ്ങൾ എന്നിവ വാങ്ങി നൽകുക.

കൂടുതൽ വിവരങ്ങൾക്ക് നസ്രേത്ത് ആശ്രമം സെക്രട്ടറിയുമായി ബന്ധപ്പെടുക

Ph: 9447595097

# ഇങ്ങനെയും ജീവിതം

**ഫാ. ആൻഡ്രൂസ് കടപ്പനങ്ങാട്ട്**

കണ്ടുമുട്ടി പരിചയപ്പെട്ട ഒരു ജീവിതം. കോട്ടയം, ഒളശ്ശ സ്വദേശിനി പ്രസന്ന (വയസ് 58) തൈറോയിഡിന് ഓപ്പറേഷൻ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ നടത്തി. ബയോപ്സി റിസൽറ്റ് വന്നപ്പോൾ അത് ക്യാൻസർ ആണെന്നറിഞ്ഞപ്പോൾ മാനസികമായി തകർന്നുപോയി. കാരണം, ചികിത്സക്കുള്ള വഴിയോ സാഹചര്യങ്ങളോ മുന്നിൽ കാണാൻ കഴിഞ്ഞിരുന്നില്ല. ഇപ്പോൾ രണ്ടു റേഡിയേഷൻ കഴിഞ്ഞു. ഇനിയും ഒരു സ്കാനിംഗ് ചെയ്യുന്നുണ്ട്. മെഡിക്കൽ കോളേജിൽ സൗകര്യമില്ലാഞ്ഞതിനാൽ വെളിയിൽ പ്രൈവറ്റായിട്ടാണ് ചെയ്തത്. അതിനാൽ അതിന്റെ ചിലവ് വളരെ കൂടുതലായിരുന്നു.

വീട്ടിലെ കാര്യങ്ങൾ...ഭർത്താവിന് ആശാരിപ്പണിയായിരുന്നു. ഇപ്പോൾ സുഖമില്ലാതായിട്ട് പണിക്കു പോകുവാൻ പറ്റുന്നില്ല. ഒരു മകനുണ്ട്. അവൻ പെയിന്റിംഗ് പണിയാണ്. വിവാഹിതനാണ്. അവർക്ക് ഒരു കുട്ടിയുണ്ട്. ഒരു മകൾ അവളെ വിവാഹം കഴിപ്പിച്ചയച്ചു. അടുത്ത കാലംവരെ ഞങ്ങൾ വാടകയ്ക്കാണ് താമസിച്ചിരുന്നത്. ഞങ്ങൾക്ക് സർക്കാരിന്റെ ലൈഫ് പദ്ധതിയിൽ നിന്നും സ്ഥലവും വീടും കിട്ടി. ഇപ്പോൾ അതിൽ കയറി താമസിച്ചു വരുന്നു. സാമ്പത്തികമായി വലിയ പ്രതിസന്ധിയിലൂടെയാണ് ഞങ്ങൾ കടന്നുപോകുന്നത്. മകന്റെ ഏക വരുമാനമാണ് ആശ്രയം. അടുത്ത സ്കാനിംഗ് കഴിഞ്ഞാലേ അറിയുകയുള്ളു എന്താ ചെയ്യേണ്ടതെന്ന്. ഇതുവരെ നല്ലവരായ ആളുകളുടെ സഹായത്താൽ കാര്യങ്ങൾ നടന്നു. മുൻപോട്ട് എങ്ങനെയാണെന്ന് അറിയില്ല. ഈശ്വരൻ എന്തെങ്കിലും വഴി കാണിക്കുമെന്ന് വിശ്വസിക്കുന്നു... പ്രാർത്ഥിക്കണം മോനെ... എന്നായിരുന്നു ആ അമ്മയുടെ അപേക്ഷ...

രോഗത്തിന്റെ നടുവിൽ വേട്ടയാടുന്ന വേദന ശരീരത്തിനപ്പുറം അത് മനസ്സിനെ തളർത്തുന്നു. ഓരോ വേദനയും വേദനിക്കുന്നവനിൽ വേദമുണർത്തും അറിവിന്റെയല്ല, അനുഭവത്തിന്റെ. അനുഭവത്തേക്കാൾ വലിയ അറിവില്ല. കഷ്ടപ്പാടും ദുരിതവും അനുഭവിക്കുന്നവരെ കണ്ടില്ലെന്നും, കേട്ടില്ലെന്നും നടിക്കുവാൻ കഴിയുന്നത് ദൗർഭാഗ്യമാണ്. എന്തെന്നാൽ, അത് സൃഷ്ടാവിനോടുള്ള നിന്ദയാണ്. ആവശ്യക്കാരന്റെ ആവശ്യങ്ങളിൽ കാട്ടുന്ന അനുഭാവം അവന്റെ സൃഷ്ടാവിനോടുള്ള ആദരവും ആരാധനയുമാണ്. (പ്രഭാ. 4:4). "കഷ്ടതയനുഭവിക്കുന്ന ശരണാർത്ഥിയെ നിരാകരിക്കുകയോ, ദരിദ്രനിൽനിന്നും മുഖം തിരിക്കുകയോ ചെയ്യരുത്. ആവശ്യക്കാരനിൽനിന്നു കണ്ണു തിരിക്കരുത്." നന്മയെ നിരാകരിക്കുവാനോ, നിഷേധിക്കുവാനോ, അതിനോടു മുഖം തിരിക്കുവാനോ പാടില്ല. നന്മ വിശ്വാസിയുടെ ജീവിതത്തെ വിശുദ്ധീകരിക്കുവാനും, വിശ്വാസത്തെ വെളിപ്പെടുത്തുവാനുമുള്ള അവകാശമാണ്. എളിയവർക്കും, ദരിദ്രർക്കും നല്കുന്ന ഓരോ നന്മയും കർത്താവിനു നല്കുന്ന വായ്പയാണ്. കർത്താവ് ആർക്കും കടക്കാരനല്ല, അവൻ പലിശസഹിതം താമസം കൂടാതെ തിരികെ നല്കും.

കഷ്ടപ്പെടുന്നവർക്കും, എളിയവർക്കും, ദരിദ്രർക്കും, ആവശ്യക്കാർക്കും അഭയവും, ആശ്രയവും, അത്താണിയുമായിരിക്കുന്ന കർത്താവിനെ അനുസരിക്കുകയും, അനുഗമിക്കുകയും, അനുതാപനം ചെയ്യുകയും ചെയ്യുന്ന ഓരോരുത്തരിലൂടെയുമാണ് കർത്താവ് ഇന്നും പ്രപഞ്ചത്തിൽ തന്റെ ആ കർത്തവ്യം നിറവേറ്റിക്കൊണ്ടിരിക്കുന്നത്. അവന്റ സത്യസാക്ഷികളായിരിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്ന നാം ഓരോരുത്തരും അവന്റെ കൈയിലെ ഒരു ആയുധം മാത്രമാണ്. നമ്മൾ നിത്യവും നന്മയെ നട്ടും, നനച്ചും വളർത്തുവാനും, പരിപോഷിപ്പിക്കുവാനും, പരിരക്ഷിക്കുവാനും, അതിന്റെ പരിമളവാസന പരിസരത്തും, പ്രപഞ്ചം മുഴുവനിലും പരിലസിപ്പിക്കുവാൻ തക്കവണ്ണം പ്രതിദിനം പ്രവർത്തന നിരതരാകുവാൻ പരിശുദ്ധാത്മാവ് നമ്മെ പ്രാപ്തരാക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

# ദേഹം, ദേഹി, ആത്മാവ് - എപ്രകാരം നമ്മുടെ തീരുമാനങ്ങളെ സ്വാധീനിക്കുന്നു?

പ്രൊഫ. എം.എ. ഏബ്രഹാം, മണിമലേത്ത്, കോതമംഗലം

നിങ്ങൾ യഥാർത്ഥത്തിൽ ആരാണ്? നിങ്ങൾ ജീവിതത്തിൽ എടുക്കുന്ന തീരുമാനങ്ങളെ സ്വാധീനിക്കുന്നതാര്? ഈ ചോദ്യങ്ങൾക്ക് വ്യക്തമായ ഒരു ഉത്തരം കണ്ടുപിടിക്കുവാനാണ് ഇവിടെ ശ്രമിക്കുന്നത്.

ഒരു വ്യക്തിയിൽ ശരീരം (body) ദേഹി അല്ലെങ്കിൽ മനസ്സ് (soul) എന്നിവയാണുള്ളത്. ഇവ തമ്മിലുള്ള വ്യത്യാസങ്ങൾ എന്തൊക്കെയാണ് എന്ന ചിന്തയിൽ നമുക്ക് തുടങ്ങാം. ഈ വ്യത്യാസങ്ങൾ മനസ്സിലായാൽ നമ്മുടെ ജീവിതലക്ഷ്യം എന്താണെന്ന് തുറന്നു കിട്ടുവാൻ സഹായകമാകും. ഒപ്പം തന്നെ നമ്മുടെ അലച്ചിലുകളുടേയും, കഷ്ടപ്പാടുകളുടേയും, അതുപോലെ തന്നെ നമ്മുടെ ആത്യന്തികമായ ജീവിത ലക്ഷ്യത്തെയും, നിത്യതയെയും കുറിച്ച് ഇതിലൂടെ മനസ്സിലാക്കുവാൻ സാധിക്കും. രാവിലെ എഴുന്നേറ്റ് ഒരു കണ്ണാടിയുടെ മുമ്പിൽ നോക്കുമ്പോൾ നമ്മുടെ മുഖവും, ശരീരവുമൊക്കെ ദൃശ്യമാകുമല്ലോ. എന്നാൽ നിങ്ങൾ കാണുന്നത് നിങ്ങളുടെ യഥാർത്ഥ രൂപമാണെന്ന് പറയുവാൻ സാധിക്കുകയില്ല. ഇതിലൂടെ നിങ്ങൾ കാണുന്നത്. നിങ്ങളുടെ ബാഹ്യരൂപം മാത്രമാണ്. യഥാർത്ഥത്തിൽ നിങ്ങളുടെ ശരീരം നിങ്ങൾ ജീവിക്കുന്ന ഒരു ഭവനം പോലെയാണ്. ശരീരമാകുന്ന ഈ ഭവനം വളരുകയും, കാലംകഴിയുംതോറും ദുർബ്ബലമാകുകയും, ചുരുങ്ങുകയും, അവസാനം മരണത്തോടുകൂടി ശരീരം മണ്ണിലേക്ക് മടങ്ങുകയും ചെയ്യുന്നു. തെസ്സലോനിക്യർ 5:23 ൽ ഇങ്ങനെ പറയുന്നു. "സമാധാനത്തിന്റെ ദൈവം നിങ്ങളെ പൂർണ്ണമായി വിശുദ്ധീകരിക്കട്ടെ. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യാഗമനത്തിൽ നിങ്ങളുടെ ആത്മാവും, ജീവനും, ശരീരവും, അവികലവും, പൂർണ്ണവുമായി ഇരിക്കുവാൻ ഇടയാകട്ടെ."

ശരീരത്തിന് ഭക്ഷണവും, ധരിക്കുവാൻ വസ്ത്രവും ആവശ്യമാണല്ലോ. എന്നാൽ ഈ ശരീരത്തിന്റെ ഉള്ളിലാണല്ലോ ദേഹിയും (soul), ആത്മാവും (spirit) സ്ഥിതി ചെയ്യുന്നത്. നിങ്ങളുടെ ഈ ശരീരം ഒരു മനോഹരമായ ദൈവാലയം പോലെയാണ്. അത് നമുക്കും മറ്റുള്ളവർക്കും ദൃശ്യവുമാണല്ലോ. ഇതിന്റെ ഉള്ളിലുള്ള അടുത്ത കാതൽ ഭാഗമാണ് ദേഹി. നിങ്ങളുടെ ചിന്തകളും, വികാരങ്ങളും, ഇഛയും, ഇവിടെ സ്ഥിതി ചെയ്യുന്നു. ഇവിടെയാണ് നിങ്ങളുടെ തീരുമാനങ്ങളുടെ കേന്ദ്രം സ്ഥിതി ചെയ്യുന്നത്. അതിന്റെയും ഉള്ളിലേക്ക് കടക്കുമ്പോൾ ഉള്ള ഭാഗമാണ് അതിവിശുദ്ധഭാഗം. ഇവിടെയാണ് ആത്മാവ് (spirit) സ്ഥിതി ചെയ്യുന്നത്. അവിടേയ്ക്ക് കടന്നുവരുവാൻ ദൈവത്തിനു മാത്രമേ സാധിക്കുകയുള്ളു. ഇവിടെ നിന്നുമാണ് ദൈവവുമായുള്ള ആശയവിനിമയം നടക്കുന്നത്. നമുക്ക് ധാരാളം പണം ഉണ്ടെന്നിരിക്കട്ടെ. ഇവയെല്ലാം ഉണ്ടെങ്കിലും ഏതോ ഒരു ശൂന്യത നമുക്ക് അനുഭവപ്പെടാറില്ലേ? ഈ ശൂന്യത നമ്മുടെ ശരീരത്തിലും, ദേഹിയിലുമല്ല മറിച്ച് നമ്മുടെ ആത്മാവിലാണ് സംഭവിക്കുന്നത്. ഈ ശൂന്യത നികത്തുവാൻ ദൈവത്തിനു മാത്രമേ സാധിക്കുകയുള്ളു. എല്ലാമുണ്ടെങ്കിലും മനുഷ്യന് മോഹഭംഗങ്ങളും, എന്തിന്റെയൊക്കെ കുറവും ഒരു തരം അപൂർണ്ണതയും അനുഭവപ്പെടുന്നു. ഇതിന്റെ കാരണം നമ്മുടെ ശരീരത്തെ ഭക്ഷണംകൊണ്ടും, ആഡംബരങ്ങൾകൊണ്ടും നിറയ്ക്കുവാൻ നാം വ്യഗ്രത കാണിക്കുന്നത് മൂലമാണ്. അതുപോലെ തന്നെ ദേഹിയെ വിനോദം, സല്ക്കാരങ്ങൾ, ആഘോഷങ്ങൾ ഇവകൊണ്ടു നിറയ്ക്കുവാനും നാം വളരെയധികം ശ്രദ്ധിക്കുന്നു. പക്ഷെ ആത്മാവിനു വേണ്ടത് എന്താണെന്നുള്ളതിനെക്കുറിച്ച് ചിന്തിക്കുകയോ, അതിന്റെ പോഷണത്തിന് വേണ്ടതൊന്നും നൽകാതിരിക്കുകയും അതിനെ പാടെ മറക്കുകയും ചെയ്യുന്നു.

ഉദാഹരണത്തിന് നിങ്ങളുടെ ദേഹി ഒരു വിളക്കാണെന്ന് സങ്കൽപ്പിക്കുക. അതിന് കത്തുവാൻ സഹായിക്കുന്ന എണ്ണയാണ് ആത്മാവ്. ഈ എണ്ണയില്ലെങ്കിൽ അതിന് കത്തുവാനോ പ്രകാശം നൽകുവാനോ സാധിക്കുകയില്ലല്ലോ. അങ്ങനെയുള്ള വിളക്ക് അതിന്റെ ലക്ഷ്യത്തിലെത്താതെ, വെറുമൊരു അലങ്കാര വസ്തുവായി മാറുകയാണല്ലോ ചെയ്യുന്നത്. അതിന്റെ തീനാളം പ്രകാശം പരത്തുവാനാണ് ഉദ്ദേശിക്കുന്നതെങ്കിലും തീനാളത്തിന്റെ അഭാവത്തിൽ അത് നിർജ്ജീവമാവുകയും ചെയ്യുന്നു.

ഒരു ചോദ്യം ചോദിച്ചു കൊള്ളട്ടെ. നിങ്ങളുടെ മനസ്സ് എപ്പോഴെങ്കിലും മുറിയപ്പെട്ടിട്ടുണ്ടോ? ഏതെങ്കിലുമൊരു കാര്യം ചെയ്യുവാൻ മനസ്സിന് ആഗ്രഹമുണ്ടെങ്കിലും, നിങ്ങളുടെ ഹൃദയം മറ്റൊരുവിധത്തിലായിരിക്കും അതെക്കുറിച്ച് പറയുന്നത്. ഏതാണ് ശരിയെന്ന് നിങ്ങൾക്ക് അറിയാമെങ്കിലും, നമ്മുടെ ചിന്തകൾ നമ്മെ അതിന്റെ എതിർദിശയിലേക്ക് വലിച്ചുകൊണ്ടു പോകുവാൻ ശ്രമിക്കുന്നതായി നമുക്ക് മനസ്സിലാക്കുവാൻ കഴിയും. നമ്മുടെ ആഗ്രഹം നമുക്ക് വ്യക്തമാണെങ്കിലും, ഒരു ചെറിയ സ്വരം നമ്മോടു മന്ത്രിക്കുന്നത് കേൾക്കാം. ഇതു വഴിയല്ല പോകേണ്ടത് എന്നാണ് അതു പറയുന്നത്. ഇത് ദേഹിയും, ആത്മാവും തമ്മിലുള്ള പിരിമുറുക്കത്താലുള്ള സംഘർഷം മൂലമാണ്. ദേഹി പറയുന്നത് ഇപ്രകാരമാണ് "എനിക്കു മനസ്സിലാകുന്നു, എനിക്ക് അനുഭവപ്പെടുന്നു, ഞാൻ ഇതു തിരഞ്ഞെടുക്കുന്നു" എന്ന്. എന്നാൽ ആത്മാവ് പറയുന്നത് ഇങ്ങനെയാണ്. "എനിക്ക് ദൈവത്തെ അറിയാം, ഞാൻ ദൈവത്തെ ആരാധിക്കുന്നു, ദൈവവുമായി ഞാൻ അതിനെ ബന്ധിപ്പിക്കുന്നു" എന്ന്. ഹെബ്രായർ 4:12ൽ ഇങ്ങനെ പറയുന്നു "ദൈവത്തിന്റെ വചനം, സജീവവും ഊർജ്ജസ്വലവുമാണ്. ഇരുതലവാളിനേക്കാൾ മൂർച്ചയേറിയതും, ചേതനയിലും, ആത്മാവിലും

സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറി ഹൃദയത്തിന്റെ വിചാരങ്ങളേയും, നിയോഗങ്ങളേയും വിവേചിക്കുന്നതുമാണ്." ദൈവത്തിന്റെ വചനമാണ് ദേഹിയേയും, ആത്മാവിനേയും വേർതിരിക്കാൻ സഹായിക്കുന്നത്. ദേഹിയും ആത്മാവും വളരെയധികം ചേർന്നാണ് ഇരിക്കുന്നത്. അതിനാൽ അവയുടെ അതിർവരമ്പുകൾ കണ്ടുപിടിക്കുവാൻ വളരെയധികം ബുദ്ധിമുട്ടുണ്ടായിരിക്കും. അതായത് ദേഹിയുടെ അതിർത്തി എവിടെയാണ് അവസാനിക്കുന്നതെന്നും, ആത്മാവിന്റെ അതിർത്തി എവിടെയാണ് ആരംഭിക്കുന്നതെന്നും കണ്ടുപിടിക്കുവാൻ ബുദ്ധിമുട്ടുണ്ടായിരിക്കുമെന്നാണ് ഉദ്ദേശിക്കുന്നത്. മനുഷ്യബുദ്ധിക്ക് ഇത് സാദ്ധ്യമാവുകയില്ല. ഉദാഹരണമായി സൂര്യപ്രകാശത്തെ, അതിന്റെ ഉള്ളിലുള്ള ചൂടിൽനിന്നും വേർതിരിക്കുവാൻ സാദ്ധ്യമല്ലാത്തതുപോലെ. മറിച്ച് അതിന് അനുയോജ്യമായ ഒരുപകരണമുണ്ടെങ്കിൽ ഇത് സാദ്ധ്യമായിരിക്കും. എന്നാൽ ദൈവത്തിന്റെ വചനത്തിന് ഇതു സാദ്ധ്യമാണ്. എന്തുകൊണ്ടാണ് ദൈവം ഇപ്രകാരം ദേഹിയേയും ആത്മാവിനേയും ഈ വിധത്തിൽ ക്രമീകരിച്ചിരിക്കുന്നത്? ഏതെങ്കിലും ഒന്നു മാത്രമായി ക്രമീകരിക്കാമായിരുന്നില്ലേ? അതിന്റെ മനോഹരമായ ഉത്തരം ഇപ്രകാരമാണ്. നിങ്ങളുടെ ദേഹി ലോകത്തിന്റെ മുമ്പിൽ നിങ്ങളുടെ വ്യക്തിത്വത്തേയും, നിങ്ങളുടെ ഏകതയേയും (uniqueness) വ്യക്തമാക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ നിങ്ങളുടെ സ്വപ്നങ്ങൾ, കാഴ്ചപ്പാടുകൾ, ചിന്താഗതികൾ മുതലായവ എപ്രകാരം മറ്റൊരു വ്യക്തിയിൽനിന്നും നിങ്ങളെ വ്യത്യസ്തനാക്കുന്നു എന്നുള്ളത്. എന്നാൽ ആത്മാവ് വ്യക്തമാക്കുന്നത് ദൈവരാജ്യത്തിലെ നിങ്ങളുടെ ഏകതയേയും, വ്യക്തിത്വത്തെയും, അവസ്ഥയെയും, നിങ്ങളുടെ കാഴ്ചപ്പാടുകളേയും ആണ്. ഈ ആത്മാവ് മൂലമാണ് ദൈവസാന്നിദ്ധ്യവും, ദൈവസ്വരവും, നിത്യതയെക്കുറിച്ചുള്ള ബോദ്ധ്യങ്ങളും അനുഭവിച്ചറിയുവാൻ നിങ്ങൾക്ക് സാദ്ധ്യമാകുന്നത്. ദേഹി നമ്മുടെ മനുഷ്യത്വവുമായി ബന്ധപ്പെട്ട കാര്യങ്ങളും, ആത്മാവ് ദൈവരാജ്യത്തേയും, നിത്യതയേയും കുറിച്ച് മനസ്സിലാക്കി തരുന്നു. എന്നാൽ ഭൂരിഭാഗം ആളുകളും ജീവിതകാലം മുഴുവനും ദേഹിയെ പുഷ്ടിപ്പെടുത്തുവാൻ മാത്രമായി പരിശ്രമിക്കുന്നു. ആത്മാവിന്റെ മൂല്യം മനസ്സിലാക്കാതെ, അതിന്റെ പോഷണത്തിനായി ഒന്നും ചെയ്യാതെ അതിനെ പട്ടിണിക്കിടുന്നു. അങ്ങനെ അവരുടെ ദേഹിയുടെ വികാരങ്ങൾക്ക് അവർ അടിമകളായി മാറുന്നു. ഒപ്പം തന്നെ ആഗ്രഹങ്ങളുടെ തടവുകാരായും തീരുന്നു. ഇതുമൂലം ആത്മാവിന്റെ പ്രബലതയേയും, ശക്തിയേയും (potential) കുറിച്ച് അവർക്ക് മനസ്സിലാക്കാൻ സാധിക്കാതെ വരുന്നു. ഇതിൽ ദേഹിയെ ആണോ, ആത്മാവിനെയാണോ നിങ്ങൾ കൂടുതൽ പരിപോഷിപ്പിക്കുവാൻ ശ്രദ്ധിക്കുന്നതെന്ന് കണ്ടുപിടിക്കുവാൻ ശ്രമിക്കേണ്ടിയിരിക്കുന്നു. പലർക്കു ദേഹിയും ആത്മാവും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുവാൻ കഴിയുന്നില്ല. രണ്ടും ഒന്നു തന്നെയാണ് എന്ന് പലരും കരുതുന്നു. എന്നാൽ വി. ബൈബിൾ പറയുന്നത് ദേഹി മനസ്സിന്റെ ഇരിപ്പിടമാണെന്നാണ്. അതുപോലെതന്നെ വ്യക്തിയുടെ വികാരങ്ങളുടെയും, ഇച്ഛയുടെയും ഇരിപ്പിടം കൂടിയാണ്.

ഈ ലോകജീവിതത്തിൽ ഒരു വ്യക്തിയുടെ എല്ലാ കാര്യങ്ങളും നിയന്ത്രിക്കുന്നത് പൂർണ്ണമായും ദേഹി മാത്രമാണ് എന്നിരിക്കട്ടെ. മനസ്സിലാണ് ചിന്തകളും, സങ്കല്പ്പങ്ങളും, വികാരങ്ങളുമെല്ലാം സ്ഥിതി ചെയ്യുന്നത് അവിടെ നിന്നുമാണ് സന്തോഷം ഉത്ഭവിക്കുന്നത്. കോപവും, സമാധാനവും ദുഃഖവുമെല്ലാം ദേഹിയിൽ നിന്നുമാണ് പുറപ്പെടുന്നത്. അവിടെ നിന്നും തീരുമാനങ്ങൾ ഉയർന്നുവരുന്നു. ഓരോ വഴി തിരഞ്ഞെടുക്കുന്നതും, 'അതെ' അല്ലെങ്കിൽ 'അല്ല" (yes//no) തീരുമാനം എടുക്കുന്നതും ഇവിടെനിന്നുമാണ്. അത്രമാത്രം ശക്തമാണ് നമ്മിലെ ദേഹി. ഇങ്ങനെയൊക്കെ ആണെങ്കിലും പഴയ ഒരു ഓർമ്മയ്ക്ക് നമ്മെ കരയിപ്പിക്കാൻ കഴിയും. അതുപോലെ മറ്റൊരാളുടെ ഒരു സംസാരമോ, വാക്കോ നമ്മുടെ അവസ്ഥയെ സ്വാധീനിക്കുവാനും മൂഡ് മാറ്റുവാനും സാധിക്കും. അതുപോലെ തന്നെ ഒരു തീരുമാനം നമ്മുടെ ജീവിതത്തെത്തന്നെ മാറ്റിമറിച്ചു എന്നിരിക്കും. അതാണ് നമ്മുടെ ദേഹിയുടെ ശക്തി. പക്ഷെ ഇങ്ങനെ ശക്തിയുള്ള ദേഹിക്ക് മാത്രം അമിത പ്രാധാന്യം കൊടുത്തുകൊണ്ട് പൂർണ്ണമായ സ്വാതന്ത്ര്യം ദേഹിക്കു വിട്ടുകൊടുത്താൽ അതിൽ ചില അപകടങ്ങൾ ഉണ്ടാകുവാനുള്ള സാദ്ധ്യതയുമുണ്ട്.

ഏദൻതോട്ടത്തിലെ ആദത്തിനും ഹവ്വായ്ക്കും നമ്മെപ്പോലെ തന്നെ ദേഹവും, ദേഹിയും, ആത്മാവും ഉണ്ടായിരുന്നല്ലോ. അനുസരണക്കേട് കാണിക്കുന്നതിനുമുമ്പ് അവരുടെ ആത്മാവ്, ദൈവവുമായി പൂർണ്ണ ബന്ധത്തിലായിരുന്നല്ലോ. അപ്പോൾ അവരുടെ ദേഹിയും, മനസ്സും, വികാരങ്ങളുമെല്ലാം ദൈവത്തിന് യോജിച്ച രീതിലായിരുന്നു പ്രവർത്തിച്ചിരുന്നത്. അതായത് ദൈവിക സാന്നിദ്ധ്യത്തിൽ അവർ ഇപ്രകാരമുള്ള നല്ല അവസ്ഥയിലായിരുന്നു. എന്നാൽ നന്മതിന്മകളുടെ ഫലം ഭക്ഷിച്ചു കഴിഞ്ഞപ്പോൾ, അവർക്ക് നന്മയെയും തിന്മയെയും കുറിച്ചുള്ള അറിവ് ലഭിക്കുകയും, അങ്ങനെ അവരുടെ ആത്മാവിന് മരണം സംഭവിക്കുകയും ചെയ്തു. ഒപ്പം തന്നെ ദൈവവുമായുള്ള ബന്ധം വിഛേദിക്കപ്പെടുകയും ചെയ്തു. അങ്ങനെ അവരുടെ എല്ലാ കാര്യത്തിലും ദേഹി പൂർണ്ണനിയന്ത്രണം ഏറ്റെടുത്തു. ദൈവത്തെ മാറ്റിനിർത്തി ദേഹിയുടെ നിർദ്ദേശം മാത്രം സ്വീകരിച്ചു അവർ അവരുടെ പ്രവൃത്തികളെ ന്യായീകരിക്കുവാനും തുടങ്ങി. അവരിലേക്ക് ലജ്ജയും ഭയവും, അഹങ്കാരവും കടന്നുവന്നു. അങ്ങനെ അവരുടെ സ്വാതന്ത്ര്യത്തിനനുസരിച്ച് അവർ തീരുമാനങ്ങൾ എടുക്കുവാൻ തുടങ്ങി. ആ നിമിഷം മുതൽ ആത്മാവിന്റെ നിയന്ത്രണത്തിന് വിധേയമാകുന്നതിനുപകരം ദേഹിയുടെ ഇച്ഛക്കൊത്ത് അവർ നയിക്കപ്പെട്ടു. ദേഹി ദൈവത്തിന്റെ ദാനം തന്നെയാണ് എന്നതു ശരി തന്നെ. മനുഷ്യന് ദൈവത്തിൽനിന്നും ലഭിച്ച കഴിവുകൾ എല്ലാം ദേഹിയിൽനിന്നുമാണ് വരുന്നത്. സങ്കീ.42:11 ൽ ഇപ്രകാരം പറയുന്നു "എന്റെ ആത്മാവേ, നീ എന്തിന് വിഷാദിക്കുന്നു. നീ എന്തിന് നെടുവീർപ്പിടുന്നു. ദൈവത്തിൽ പ്രത്യാശവെക്കുക. എന്റെ സഹായവും ദൈവവുമായ അവിടുത്തെ ഞാൻ പുകഴ്ത്തും". ദേഹിയോട് ദാവീദ് പറയുന്നത് ഇങ്ങനെയാണ് ദൈവത്തിൽ ആശ്രയിക്കാമെങ്കിൽ ദേഹിയെ ആത്മാവുമായി യോജിപ്പിലാക്കാമെന്നാണ് പറയുന്നത്. ഉദാഹരണത്തിന് കുതിരയെ തെളിക്കുന്ന ഒരു കുതിരക്കാരനെക്കുറിച്ച് സങ്കല്പ്പിക്കുക. ഇതിലെ കുതിര നിങ്ങളുടെ ദേഹിയാണ്. അതിന് നല്ല ഊർജ്ജവും ശക്തിയുമൊക്കെയുണ്ട്. പക്ഷെ അതിന് ഒരു ലക്ഷ്യമില്ലെങ്കിൽ, അല്ലെങ്കിൽ ലക്ഷ്യം തെറ്റിയാൽ അതിന്റെ പോക്ക് അപകടത്തിലേക്കായിരിക്കും. ഇതിലെ കുതിരക്കാരൻ നിങ്ങളുടെ ആത്മാവാണ്. ദേഹിയാകുന്ന കുതിരയെ യഥാർത്ഥ ലക്ഷ്യത്തിലേക്കും ദിശയിലേക്കും നയിക്കേണ്ടത് ആത്മാവാകുന്ന കുതിരക്കാരനാണ്.

അതായത് ദൈവിക ലക്ഷ്യത്തിലേക്ക് ദേഹി നയിക്കപ്പെടേണ്ടതും, അതിനു യോജിച്ച തീരുമാനങ്ങൾ എടുക്കപ്പെടേണ്ടതും ആത്മാവിനാലാണ്. നിങ്ങളുടെ ദേഹിയേയും വികാരങ്ങളേയും നയിക്കുന്നത് ആരാണ്? പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെടുന്ന ആത്മാവാണ് നിങ്ങളെ നിയന്ത്രിക്കുന്നത് എങ്കിൽ എത്ര മനോഹരമായിരിക്കും നിങ്ങളുടെ അവസ്ഥ. അങ്ങനെയെങ്കിൽ നിങ്ങൾ നീങ്ങുന്നത് സത്യത്തിലേക്കും സമാധാനത്തിലേക്കും ആയിരിക്കും. മർക്കോ. 8:36 ൽ ഇങ്ങനെ പറയുന്നുണ്ടല്ലോ. "ഒരുവൻ ലോകം മുഴുവൻ നേടിയാലും തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം". പണം, പ്രശസ്തി, വിജയം തുടങ്ങിയ ഭൗതിക നേട്ടങ്ങൾ നേടിയിട്ട് അതൊന്നും ആത്മാവിന് ഗുണം ചെയ്യുന്നില്ലെങ്കിൽ എന്തുഗുണമാണ് ഒരു വ്യക്തിക്ക് ലഭിക്കുക.

ഇപ്രകാരമാണെങ്കിലും പ്രതീക്ഷയ്ക്ക് വകയുണ്ട്. നാശത്തിലായ ദേഹിയെ നല്ല അവസ്ഥയിലേക്ക് മടക്കിക്കൊണ്ടുവരുവാൻ സാധിക്കും. സങ്കീ. 23:3 ൽ പറയുന്നു. "അവിടുന്ന് എനിക്ക് ഉന്മേഷം നൽകുന്നു. തന്റെ നാമത്തെ പ്രതി നീതിയുടെ പാതയിലേക്ക് എന്നെ നയിക്കുന്നു" ദാവീദിന്റെ പ്രത്യാശയാണ് ഇവിടെ സൂചിപ്പിക്കുന്നത്. ഇത് സാദ്ധ്യമാകുന്നത് ആത്മാവിനുവേണ്ട രീതിയിലുള്ള പരിപോഷണം നൽകുമ്പോഴാണ്. അത് ലഭിച്ചു കഴിയുമ്പോൾ ആത്മാവിനാൽ നിയന്ത്രിക്കപ്പെടുന്ന ദേഹിയുള്ള വ്യക്തിയായി നാം മാറും. ജീവിതത്തിൽ എടുക്കുന്ന ഓരോ തീരുമാനങ്ങളും ദേഹിയിലാണ് നടക്കുന്നത് എന്ന് നാം നേരത്തെ കണ്ടുവല്ലോ. അതായത് നിങ്ങളുടെ നിത്യജീവൻ തീരുമാനിക്കപ്പെടുന്നത് ദേഹി എടുക്കുന്ന തീരുമാനങ്ങളെ മാത്രം ആശ്രയിച്ചായിരിക്കും എന്ന സത്യം മറക്കാതിരിക്കുക.

ഉല്പ. 2:7 ൽ ഇങ്ങനെ പറയുന്നു "ദൈവമായ കർത്താവ് ഭൂമിയിലെ പൂഴികൊണ്ട് മനുഷ്യനെ രൂപപ്പെടുത്തുകയും, ജീവന്റെ ശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേക്ക് നിശ്വസിക്കുകയും ചെയ്തു. അങ്ങനെ മനുഷ്യൻ ജീവനുള്ളവനായി തീർന്നു." ദൈവത്തിന്റെ ശ്വാസം തന്നെയാണ് നിങ്ങളിൽ നിക്ഷേപിച്ചിരിക്കുന്ന നിങ്ങളുടെ ആത്മാവ്. അത് ജീവൻ മാത്രമല്ല, നിങ്ങളുടെ നിത്യതയിലേക്കുള്ള ഒരു തീപ്പൊരി കൂടിയാണ്. ഈ ആത്മാവാണ് അദൃശ്യമായ രീതിയിൽ നിങ്ങളേയും നിങ്ങളുടെ സൃഷ്ടാവിനെയും തമ്മിൽ ബന്ധിപ്പിക്കുന്നത്. ഈ ആത്മാവ് നിങ്ങളുടെ വികാരങ്ങളോ, വ്യക്തിത്വമോ, നിങ്ങളുടെ ചിന്താശക്തിയോ ഒന്നുമല്ല. ദൈവവുമായി സമ്പർക്കം പുലർത്തുവാൻ ഈ ആത്മാവിനെ ദൈവം രൂപപ്പെടുത്തിയിരിക്കുന്നു.

ജീവിതത്തിൽ ഏതു ലഭിച്ചാലും മനുഷ്യന് തൃപ്തിവരുന്നില്ല എന്നതൊരു സത്യമാണ്. ലോകത്തിന്റേതായ എല്ലാ സുഖസൗകര്യങ്ങളും നമുക്ക് ലഭിച്ചാലും ഏതോ ഒരു ശൂന്യതാബോധം മനുഷ്യൻ അനുഭവിക്കുന്നു. നമ്മുടെ ആത്മാവിന്റെ കരച്ചിലാണ് ഈ ശൂന്യത. നിങ്ങളുടെ ആത്മാവിൽ ദൈവസാന്നിദ്ധ്യം പൂർണ്ണമായി നിറഞ്ഞു നിൽക്കുവാനാണ് ഉദ്ദേശിക്കപ്പെടുന്നത്, അല്ലാതെ മറ്റുള്ള ലോകത്തിന്റേതായ ഒന്നും തന്നെയല്ല. സുഭാഷിതങ്ങൾ 20:27 ൽ പറയുന്നു. "മനുഷ്യചേതന കർത്താവു കൊളുത്തിയ വിളക്കാണ്. അത് അവന്റെ ഉള്ളറകൾ പരിശോധിക്കുന്നു. നിങ്ങളുടെ ആത്മാവ് ഒരു വിളക്കാണെന്ന് നേരത്തെതന്നെ പറഞ്ഞിരുന്നുവല്ലോ. അത് കാണണമെങ്കിൽ പരിശുദ്ധാത്മാവാകുന്ന എണ്ണ കൊണ്ടു മാത്രമേ സാധിക്കുകയുള്ളു. യേശുക്രിസ്തുവിനെ അറിയുന്നതിന് മുമ്പ് നമ്മുടെ ആത്മാവ് മരിച്ച അവസ്ഥയിലായിരിക്കും. ഇത് സംഭവിച്ചത് ദൈവവുമായുള്ള ബന്ധം നഷ്ടപ്പെട്ടതുമൂലമാണ്. എഫേസ്യർ 2:1 ൽ ഇങ്ങനെ പറയുന്നു "അപരാധങ്ങളും പാപങ്ങളും മൂലം ഒരിക്കൽ നിങ്ങൾ മൃതരായിരുന്നു." എന്നാൽ യേശുവിനെ ലഭിച്ചു കഴിയുമ്പോൾ നിങ്ങളിൽ ഒരു അത്ഭുതം സംഭവിക്കും. അതായത് നിങ്ങളുടെ ആത്മാവ് പുനർജീവിക്കും. ഇതേപ്പറ്റിയാണ് യോഹന്നാൻ 3:6ൽ പറയുന്നത് "മാംസത്തിൽനിന്നും ജനിക്കുന്നത് മാംസമാണ്. ആത്മാവിൽനിന്നും ജനിക്കുന്നത് ആത്മാവാണ്". അതായത് നിങ്ങളുടെ ദേഹിയോ, ശരീരമോ അല്ല പുനർജീവിക്കുന്നത്, മറിച്ച് നിങ്ങളുടെ ആത്മാവാണ്. അതാണ് യേശു പറഞ്ഞത് നിങ്ങൾ വീണ്ടും ജനിക്കണമെന്ന്. ഈ വീണ്ടും ജനനത്തിലൂടെയാണ് നമ്മുടെ ആത്മാവിന് വീണ്ടും ജീവൻ ലഭിക്കുന്നത്. ആത്മാവിലൂടെ ദൈവവുമായുള്ള ആശയവിനിമയം പു:നസ്ഥാപിക്കപ്പെടുന്നു. ദേഹിക്ക് ദൈവത്തെ പുകഴ്ത്തുവാനും, ശരീരത്തിന് ദൈവമുമ്പാകെ മുട്ടുമടക്കുവാനും സാധിക്കുന്നു. പക്ഷെ ആത്മാവിന് മാത്രമേ ദൈവവുമായി സമ്പർക്കം പുലർത്തുവാൻ സാധിക്കുകയുള്ളു. റോമർ 8:14 ൽ ഇങ്ങനെ പറയുന്നു "നാം ദൈവത്തിന്റെ മക്കളാണെന്ന് ഈ ആത്മാവ് നമ്മുടെ ആത്മാവിനോട് ചേർന്ന് സാക്ഷ്യം നൽകുന്നു". അതായത് നാം ദൈവമക്കളാണെന്ന് നമ്മോട് പറയുന്നത് നമ്മുടെ വികാരങ്ങളല്ല, നമ്മുടെ ബുദ്ധികൊണ്ടല്ല, മറിച്ച് നിങ്ങളുടെ ഉള്ളിന്റെ ഉള്ളിൽ സ്ഥിതിചെയ്യുന്ന ഈ ആത്മാവ് ദൈവസ്വരം കേട്ടിട്ട്, നീ എന്റേതാണെന്ന് ഒരു വ്യക്തിയോട് പറയുന്നത്. ആയതിനാൽ ദേഹിയാൽ നയിക്കപ്പെടുന്ന ജീവിതമല്ല, മറിച്ച് ആത്മാവിന്റെ നിയന്ത്രണത്തിലുള്ള ദേഹിയാൽ നയിക്കപ്പെടുന്ന ഒരു ജീവിതമാണ് ദൈവം നമ്മിൽനിന്നും അഭിലഷിക്കുന്നത്. അതിനാൽ നമ്മെ പൂർണ്ണമായി അതായത് നമ്മുടെ ശരീരവും, ദേഹിയും, ആത്മാവും പൂർണ്ണമായി ദൈവത്തിന് സമർപ്പിക്കപ്പെടേണ്ടതാണ്. ഇത് സാദ്ധ്യമാകുന്നത് ദൈവസ്വരം കാതോർത്തുകൊണ്ടും, അവിടുത്തെ ശക്തിയിൽ ആശ്രയിച്ചുകൊണ്ടും, അവിടുത്തോടൊപ്പം നടക്കുന്നതുംവഴി മാത്രമേ സാദ്ധ്യമാകുകയുള്ളു. ഇപ്രകാരം ആത്മാവിനാൽ നയിക്കപ്പെടുമ്പോൾ യഥാർത്ഥ സമാധാനം ലഭിക്കുകയും, വികാരങ്ങളെ നിയന്ത്രിക്കുവാനും തീരുമാനങ്ങൾ എടുക്കുവാനുള്ള വ്യക്തതയും നമുക്ക് ലഭിക്കുന്നു. അങ്ങനെ നമ്മുടെ ഇഷ്ടങ്ങൾ ദൈവഹിതത്തിനു യോജിച്ചതായി മാറുന്നു. ദേഹി ആത്മാവിനുമേൽ വളർന്ന് ആധിപത്യം സ്ഥാപിക്കുമ്പോൾ ആത്മാവ് മുരടിക്കുകയും, വ്യക്തി അസ്വസ്ഥമാകുകയും, ആശയക്കുഴപ്പത്തിൽ എത്തിച്ചേരുകയും ചെയ്യുന്നു. യോഹന്നാൻ 4:24 ൽ ഇങ്ങനെ പറയുന്നു "അവിടുത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലുമാണ് ആരാധിക്കേണ്ടത്." ഒരു വ്യക്തിയുടെ ദേഹി അവന്റെ മനുഷ്യത്വത്തേയും അവന്റെ ആത്മാവ് നിത്യതയുമായി ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ നിങ്ങൾ ഒരു തീരുമാനമെടുക്കുക. വികാരങ്ങളാൽ നിയന്ത്രിക്കപ്പെടുന്ന ഒരു ദേഹിയാണോ, അതോ ആത്മാവിനാൽ നിയന്ത്രിക്കപ്പെടുന്ന ഒരു ദേഹിയിൽ ആണോ നിങ്ങൾ നയിക്കപ്പെടുന്നത്. അതിനാൽ നിങ്ങളുടെ ആത്മാവിനെ നിരന്തരമായി പരിപോഷിപ്പിക്കുവാൻ ശ്രമിക്കുക. അപ്രകാരം നിങ്ങൾ ജീവിച്ചാൽ നിത്യജീവന് നിങ്ങൾ അവകാശിയായി തീരും.

●




ഒരു ഗ്രാമത്തിൽ അപ്പു എന്നൊരു ബാലൻ ഉണ്ടായിരുന്നു. പഠിക്കാൻ വലിയ സൗകര്യങ്ങളൊന്നും അവനില്ലായിരുന്നു. ഒരു ചെറിയ മണ്ണെണ്ണ വിളക്കിന്റെ വെളിച്ചത്തിലാണ് അവൻ ദിവസവും പഠിച്ചത്.

ഒരു രാത്രി കാറ്റ് ശക്തമായി വീശി. വിളക്ക് അണയാൻ പോകുകയായിരുന്നു. അപ്പു വിളക്കിനെ കൈകൊണ്ട് ചുറ്റിപ്പിടിച്ച് പറഞ്ഞു. "നീ അണഞ്ഞാലും ഞാൻ ശ്രമം ഉപേക്ഷിക്കില്ല". കുറച്ചുനേരത്തിനുശേഷം കാറ്റ് ശാന്തമായി. വിളക്ക് വീണ്ടും തെളിഞ്ഞു. വർഷങ്ങൾക്കുശേഷം അപ്പു ഒരു വലിയ അദ്ധ്യാപകനായി. അവൻ കുട്ടികളോട് എപ്പോഴും പറയുമായിരുന്നു.

"ചെറിയ വെളിച്ചമായാലും വിശ്വാസത്തോടെ കാത്തുസൂക്ഷിച്ചാൽ വലിയ വഴികൾ തെളിയും."

**സന്ദേശം:**

**ചെറിയ സാഹചര്യങ്ങളായാലും, ശ്രമവും പ്രതീക്ഷയും നമ്മെ മുന്നോട്ട് നയിക്കും.**

## Bible Quiz (English) For Children
## The Book of Jonah

1. 'Who is the main Character in the Book of Jonah?
2. God asked Jonah to go to which city?
3. Instead of going to Nineveh Jonah tried to run to
4. What happened when Jonah was on the ship?
5. God prepared a great------ to swallow Jonah?
6. What did Jonah try to do instead of going to Nineveh?
7. How many days was Jonah inside the fish?
8. What was the main message Jonah was supposed topreach to Nineveh?
9. What plant gave Jonah shade outside Nineveh?
10. What did Jonah tell the sailors to do with him to calm the storm?

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

**മീഖാ പുസ്തകം**

1. മീഖായുടെ സ്വദേശം ഏത്?
2. ദൈവം ഇറങ്ങി വരുമ്പോൾ മലകൾ എങ്ങനെ ഉരുകുന്നു?
3. ആളുകളെ വഞ്ചിക്കുന്നവർക്കെതിരെ കർത്താവ് എന്താണ് ആസൂത്രണം ചെയ്തത്?
4. യാക്കോബിന്റെ തലവൻമാർ എന്താണ് അറിയേണ്ടത്?
5. കുന്തങ്ങളെ എന്തായി അടിച്ചു തീർക്കും?
6. ആരാണ് ദേശത്തു വന്നു അരമനകളിൽ ചവിട്ടുന്നത്?
7. മോവാബ് രാജാവായ ബാലാക്കിനോട് ആരാണ് ഉത്തരം പറഞ്ഞത്?
8. ആരുടെ ചട്ടങ്ങളാണ് യിസ്രായേൽ പിന്തുടർന്നത്?
9. ഏതു പഴം പറിച്ചശേഷം കാലാപെറുക്കുന്നതു പോലെയെന്നാണ് പ്രവാചകൻ പറഞ്ഞത്?
10. "മനുഷ്യന്റെ ശത്രുക്കൾ അവന്റെ വീട്ടുകാർ തന്നെ" എന്നു പറഞ്ഞ പഴയനിയമ വ്യക്തി ആര്?

**ജനുവരി മാസത്തിലെ ഉത്തരങ്ങൾ**

**(യോനാ)**

1. 4. അദ്ധ്യായങ്ങൾ
2. മൂന്നു രാവും മൂന്നു പകലും
3. നിനവേ
4. യോനാ
5. തർശിശ്
6. യാഫോവ്
7. കടൽപ്പുല്ല്
8. ദൈവത്തിന്റെ കരുണ എല്ലാവർക്കും ആണ്?
9. പുഴുവിനെ
10. എബ്രായൻ

## Answers for the month of Januvery

1. Edom
2. Esau
3. Violence against Israel
4. They rejoiced and took part in the plunder
5. Pride of their heart
6. In mountain fortresses
7. God's judgment on nations
8. It will possess its inheritance
9. 1
10. Pride leads to destruction and God is just


ST. KNAI THOMMAN KNANAYA CHURCH, BANBURY, UK
Managing Committee 2025-27
VICAR
Fr. Mathews Abraham
Kizhaketheverkuzhi, Mannar
TRUSTEE
Shinu Punnoose
Kovelal, Mazhukker
SECRETARY
Sibi Kuriakose
Parayil, Vallamkulam
Joint Secretary
Tinu Thomas
Elanjimoottil, Vakathanam
Association Member & Auditor
Abey T. Jacob
Manavelipallathu
Thiruvanvandoor
Association & EKC Member
Naveen Thomas
Parumalayil, Anchani
Committee Member
Shibu K Abraham
Kochethu, Anchani
Committee Member
Emerson T Thomas
Palakudiyil, Chingavanam
Committee Member
Renny Mathew Abraham
Thayyil, Thiruvanvandoor
Committee Member
Jiju V Joy
Murikolipuzha, Ranny
Committee Member
Ajo Joy
Ennackappallil, Ranny
Committee Member
Santhosh Jacob
Mathullaparampil, Kallissery
Committee Member
Nithin Thomas
Thundiyil, Kattodu
Committee Member
Tiji Thomas
Thazchaparampil, Kattodu
Committee & EKC Member
Aby Pothen
Edasseriyath, Mamangalam
EKC Member
Manesh Joseph
Nochumannil, Ranny
EKC Member
Anoop K Abraham
Kadaloor, Kattodu
Vanitha Samajam Secretary
Stella Mathew
Parayil, Vallamkulam
Vanitha Samajam Trustee
Jainy Abey Jacob
Manavelipallathu
Thiruvanvandoor
Sunday School Headmistress
Janu Abraham
Kovelal, Mazhukker


ST. JAMES KNANAYA CHURCH
BELFAST, NORTHERN IRELAND
2026 - 2028
COMMITTEE
VICAR
Fr. Rejish Skariah
Mathuramkottu, Ranni
TRUSTEE
Nishanth Thomas
Paraparampil
St.George Knanaya Valiyapalli
Neelamperoor
SECRETARY
Sibi Thomas
Thalappala Puthenpurayil
St.Mary's Knanaya Valiya Palli
Kallissery
Managing Committee Members
Mathuewkutty Philip
Jandaikal
St. George kananaya church
Anchani, Ranni
Sebi Mathew
Kalloorthundiyil
St.Mary's Knanaya Valiyapalli
Kottayam
Shibu Jacob
Mannumpurath
St. Mary's Knanaya
Bethel church, Vallamkulam
Shibu Abraham
Pulimoottil
St.Mary's Knanaya Church
Thengali
Auditor
Chandy Parayil Andrews
Parayil
St.George Knanaya Valiyapalli
Neelamperoor
Binu Raju
Ampalappattu
St.Mary's Knanaya Church
Thiruvanvandoor
Jabu Mathew
Peelitharayil
St.George Knanaya Church
Venpala
St James Knanaya Church Northern Ireland

Advt -O



ST. JAMES KNANAYA CHURCH
BELFAST, NORTHERN IRELAND
2026 - 2028
COMMITTEE
Association Members
Sibi Thomas
Thalappala Puthenpurayil
St.Mary's Knanaya Valiyapalli
Kallissery
Nishanth Thomas
Paraparampil
St.George Knanaya Valiyapalli
Neelamperoor
EKC Members
Renju Raju
Elavumparampil
St.Mary's Knanaya Church
Thiruvanvandoor
Jabu Mathew
Peelitharayil
St.George Knanaya Church
Venpala
Binu Raju
Ampalappattu
St.Mary's Knanaya Church
Thiruvanvandoor
President
Fr. Rejish Skariah
Mathuramkottu, Ranni
Knanaya Congress
TRUSTEE
Roy Mathew
Chandrathil
St.Mary's Knanaya Church
Thiruvanvandoor
SECRETARY
Asish Philip Monai
Karkkadakampallil
St Mary's Knanaya Church
Vechoochira
KYA
TRUSTEE
Reshma Mathew
Jandaikal
St.George Knanaya Church,
Anchani,Ranni
SECRETARY
Manual Jacob
Mannumpurath
St. Mary's Knanaya, Bethel Church,
Vallamkulam
Women Assotiation
TRUSTEE
Chinnu Thomas
Vaniyapurayil
St Mary's Knanaya Church
pavukkara
SECRETARY
Mini Kurian
Mannumpurath
St. Mary's Knanaya, Bethel Church
Vallamkulam
St James Knanaya Church Northern Ireland


Advt -O



**Brussels ലെ പ്രശസ്തമായ European Institute of Peaceൽ Executive Director's Officeൽ ഇന്റേൺഷിപ്പ് ലഭിച്ച**

## Olivia Thomas

Eastern Indiaയും കേരളവും ഉൾപ്പെടുന്ന പ്രദേശങ്ങളിലെ Naxal പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളും അവിടെയുള്ള ആദിവാസി ഗോത്രങ്ങളുടെ പ്രതിരോധങ്ങളേയും കുറിച്ച് Olivia തയ്യാറാക്കിയ Thesis, കൂടാതെ National University of Singaporeലെ exchange programme സമയത്ത് Indo Pacific മേഖലയിലെ സുരക്ഷാ-രാഷ്ട്രീയ സാഹചര്യങ്ങൾ പഠിച്ചതും, ASEAN രാജ്യങ്ങളിൽ conflict management രംഗത്ത് പ്രവർത്തിക്കാനുള്ള താൽപര്യവും കണക്കിലെടുത്താണ് European Peace Instituteൽ ചേരാൻ അവസരം ലഭിച്ചിരിക്കുന്നത്.

നെതർലാൻഡ്സിലെ Utrecht യൂണിവേഴ്സിറ്റിയിൽ നിന്നും Philosophy, Politics, & Economics degree പൂർത്തിയാക്കിയതിനുശേഷം Olivia ഇപ്പോൾ Brussels ലെ School of Governanceൽ Global Security and Strategyയിൽ മാസ്റ്റേഴ്സ് ചെയ്യുന്നു.

Dubai St. George Knanaya പള്ളിയിലെ അംഗങ്ങളായ Kannankuzhayath Tonnit Thomas ന്റെയും Renu Thomas ന്റെയും മകളാണ്. Ranni St Thomas വലിയപള്ളി ഇടവക അംഗവും ആണ്.


25th Wedding Anniversary
24-02-2026



**Binu Jacob & Princy Binu**

കോയിത്ര, കുറിച്ചി

ഇത്രത്തോളം ഞങ്ങളെ നടത്തിയ ദൈവത്തിന് സ്തുതി

*Prayers & Wishes from Jerome & Justin*

Advt -S



## തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ വിജയികളായവർ

Jilla Panchayath member



**Suma Aby**
Mazhuvancheril
St George Valiyapally
Neelamperoor

Kottayam Muncipal Councilor



**Reena James**
Pullamparambil
St.Marys Shalem Chruch
Chingavanam

PulikezhuBlock Panchayathu Vice President



**Bindhu Kunjumon**
St. Marys Church
West Othara

Koyiprom block panchayatu member



**Sherly James**
Peedikayil
St. Marys Church
Eraviperoor

Vice President Angadi Panchayathu



**Preetha Rajesh**
Pazhayapurayil
St. Thomas Valiyapally
Ranni

Eraviperor Panchayathu Member



**Sini Saji Kuriakose**
Thengelimannil
St. Marys Church
Eraviperoor

Kuttoor PanchayathuMember




**Shoshama Kuruvilla**
Varikolil
St. Marys Jerusalem
Church Kuttoor

Vakathanam panchayathu Member



**Soni Maju**
Puthenparambil
St. Simons Church
Vakathanam

Thiruvarppu Panchayathu Member



**Lizy Sunny**
Menamparampil
St. Marys Sehiyon
Church, Chengalalam

Panachikkadu Panchayath Member



**Sini Abraham**
Edasseril
St. Marys Church
Velloothuruthy

Angadi Panchayathu Member



**Deepa Saji**
Chaluvelil
St. Thomas Valiyapally
Ranni

Pazhavangadi PanchayathuMember



**Priya Shaji**
Aronnil
St. Thomas Valiyapally
Ranni

Thiruvanvandoor PanchayathuMember



**Silbimol K A**
Muttanisseril
St. Marys Church
Mazhukeer

Thiruvanvandoor PanchayathuMember



**Sherly P I**
Mazhukeer
St. Marys Church
Mazhukeer

Panachikadu PanchayathuMember




**Jeena Jacob**
Kuzhiyathu
St. Johns Dayarapally
Chingavanam

Panachikadu PanchayathuMember



**Sajini Sajan**
Plalakudi
St . john'sDayara
Church

Pazhavangadi PanchayathuMember




**Ani Suresh**
Velamparambil
St Kuriakose Church
Aythala

Pazhavangadi PanchayathuMember



**Binit Jiji**
Karippal
St Kuriakose Church
Aythala

Vadasserikkara PanchayathuMember



**Omana Mathew**
Koodathil House
Cherukulanji
St:Mary's Church

## വിജയികൾക്ക് ആശംസകൾ

അടുത്ത ലക്കത്തിൽ തുടരും...

# CLEMIS OFFSET PRESS

**Chingavanam**
**0481-2430176**

നമ്മുടെ സമുദായത്തിലെ പള്ളികളുടേയും അനുബന്ധ സ്ഥാപനങ്ങളുടേയും അച്ചടി ജോലികൾ (കളർ, ബ്ലായ്ക്ക് & വൈറ്റ്) നൽകി സമുദായത്തിന്റെ ഔദ്യോഗിക പ്രസ്സ് ആയ ക്ലീമീസ് പ്രസ്സിന്റെ പ്രവർത്തനങ്ങളിൽ സഹകരിക്കുക

(കളർ, ബ്ലാക്ക് & വൈറ്റ്)
നോട്ടീസുകൾ,
ബ്രോഷറുകൾ,
സപ്ലിമെന്റുകൾ,
പ്രാർത്ഥനാ
പുസ്തകങ്ങൾ



മാനേജർ
ക്ലീമ്മീസ് പ്രസ്സ്
ക്ലീമ്മീസ് സെന്റർ,
ചിങ്ങവനം
Ph: 9605250791



## 40-ാം ചരമദിനം

08-02-2026



## അമ്മിണി ഏബ്രഹാം

കൊച്ചുപറമ്പിൽ, ചിങ്ങവനം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കിടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R





## 11-ാം ചരമവാർഷികം

16-03-2026

## എം. പി. മാത്യു
## (മാത്തുക്കുട്ടി)

മാലത്തുശ്ശേരിൽ, ചിങ്ങവനം

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായ്
നിത്യതയുടെ തീരത്തു
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R



51 – ാം
ചരമവാർഷികം
04 – 03 – 2026

എം. എം. പുന്നൂസ്
(പുന്നച്ചൻ)



5 – ാം
ചരമവാർഷികം
28 – 02 – 2026

എം. പി. സ്കറിയ
(കറിയാച്ചൻ)
മാലത്തുശ്ശേരിൽ
ചിങ്ങവനം

സന്തപ്ത കുടുംബാംഗങ്ങൾ

33 –ാം ചരമവാർഷികം
06–03–2026

6 –ാം ചരമവാർഷികം
22–09–2026



**എം. ഒ. മർക്കോസ് (മർക്കോച്ചൻ)**

**അച്ചാമ്മ മർക്കോസ്**

മണിമലപാറയിൽ, ചിങ്ങവനം

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O



## വേർപാടിന്റെ നാലാം വർഷം

16–02–2026

## റവ. ഫാ. ഒ. പി. തോമസ്

പാറാനിയ്ക്കൽ

"ആചാര്യേശാ മ്ശിഹാ കൂദാശകളർപ്പിച്ച
ഈ ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## 1-ാം ചരമവാർഷികം
01-02-2026



# അമ്മിണി ചാക്കോ (ശോശാമ്മ)
## തുണ്ടിയിൽ വീട്, ഇരവിപേരൂർ

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 9-ാം ചരമവാർഷികം
03-02-2026

## 2-ാം ചരമവാർഷികം
24-02-2026





# M.J. KURUVILLA

# JOSEPH KURUVILLA

## Madathil House, Pazhavangadi, Ranni

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 19-ാം ചരമവാർഷികം
20-02-2026

## 3-ാം ചരമവാർഷികം
10-02-2026



# കെ. സി. ജേക്കബ്

# മറിയാമ്മ ജേക്കബ്

## കാട്ടുവേലിൽ, കുറ്റൂർ

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 4th Death Anniversary
01-02-2026



# Abraham Chacko
## Othera (H), Aythala, Ranni

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 40 – ാം ചരമദിനം

25 – 02 – 2026



Advt -R

## ജേക്കബ് തോമസ് (ബോബച്ചൻ)

ഓണാട്ട് (തൈപ്പറമ്പിൽ), ചിങ്ങവനം

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 5th Death Anniversary

08 – 02 – 2026



Advt -O

## Thankamma Thomas

Kaitharam, Chingavanam

By Sorrowing Family

## 40 – ാം ചരമദിനം

08 – 02 – 2026



Advt -S

## Nihal Jacob Thomas

Idasseril,

A5C Pine County Apts, Nalanchira, TVM

ദൈവം വെളിച്ചമാകുന്നു. അവനിൽ ഇരുട്ട് ഒട്ടും ഇല്ല. നിന്റെ
മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ (1 John 1:5)

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1st Death Anniversary

03-02-2026



Advt - O

## KURUVILLA THOMAS (Chackochan)

Kuttothara, Punalur

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*Sorrowing Family*

## 7 –ാം ചരമവാർഷികം

01-02-2026



## Gincemon T.C.

**Thacharachirayil, Ramamangalam**

John 14:1-3 "Do not let your hearts be troubled...
am going there to prepare a place for you."

By Sorrowing Family

Advt -O

## ഒന്നാം ചരമവാർഷികം

06-02-2026



## കുറിയാക്കോസ് സ്കറിയ (കറിയാച്ചൻ)

കാട്ടടി, നീലംപേരൂർ

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 21 –ാം ചരമവാർഷികം

11-2-2026

## 14 –ാം ചരമവാർഷികം

12-2-2026





**ഏബ്രഹാം തോമസ്** (കുഞ്ഞവറാച്ചൻ)

**അന്നമ്മ ഏബ്രഹാം** (അമ്മിണി)

ചിറമേൽപറമ്പിൽ, വള്ളംകുളം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 13 –ാം ചരമവാർഷികം

28-02-2026



## എം.എ. തങ്കച്ചൻ

മഠത്തിൽ ഗ്രേസ്, നാലാഞ്ചിറ, തിരുവനന്തപുരം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 3 – ാം ചരമവാർഷികം

07 – 02 – 2026



Advt - S

### കെ. എ. ഏബ്രഹാം (കുഞ്ഞ്)

കണ്ണങ്കര, പഴവങ്ങാടി, റാന്നി

നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 – ാം ചരമദിനം

22 – 02 – 2026



Advt -G

### K.O. UTHUPPAN (KUNJUMON)

Kattuvelil, Moolamkulam
(St. Mary's Church Mazhukeer)

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

By Sorrowing Family



## FIRST DEATH ANNIVERSARY
12/03/2026

### A. MATHEW

Arackaperumethu (H)
Cherukulanji (PO)
Ranni

Advt -O

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*ദുഃഖാർത്തരായ കുടുംബാംഗങ്ങൾ*

# കേരളത്തിലേക്ക് വർഗ്ഗീയത ഇറക്കുമതി ചെയ്യാൻ അനുവദിക്കില്ല: മുഖ്യമന്ത്രി

ചിങ്ങവനം: വർഗ്ഗീയ സ്വഭാവമുള്ള സംഘടനകൾ കേരളത്തിൽ ഇല്ലാത്തതു കൊണ്ടല്ല, അവർ തലപൊക്കിയാൽ സർക്കാർ വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കുന്നതു കൊണ്ടാണ് സംഘർഷങ്ങളില്ലാതെ മുന്നോട്ടുപോകുന്നതെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. ക്നാനായ സമുദായദിനത്തോടനുബന്ധിച്ചുള്ള മഹാസംഗമവും ക്നാനായ സമുദായമെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസിന്റെ 22-ാമത് മെത്രാഭിഷേക വാർഷികവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മനുഷ്യത്വം കൈമുതലാക്കിയ ജനതയും അവർക്കു കാവൽ നിൽക്കുന്ന ഒരു സർക്കാരും ഉള്ളപ്പോൾ വർഗ്ഗീയത ഇറക്കുമതി ചെയ്യാനാകില്ല. രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ ക്രൈസ്തവർക്കെതിരായ ആക്രമണങ്ങൾ ഞെട്ടിക്കുന്നതാണ്. ക്രൈസ്തവ മുസ്ലീം ആരാധനാ സ്വാതന്ത്ര്യത്തിലേക്കു വർഗ്ഗീയ ശക്തികൾ ആക്രമണം നടത്തുന്നു. ആക്രമണങ്ങൾ ഭരണകൂട ഒത്താശയോടെ നടക്കുന്നത് ആശങ്ക ഉയർത്തുന്നുവെന്നും അദ്ദേഹം പറഞ്ഞു.

ക്നാനായ സമൂഹം പദവികൾ അലങ്കാരത്തിനുവേണ്ടി കൊണ്ടു നടക്കുന്നവരല്ലെന്നും രാജ്യത്തിനുവേണ്ടി ജീവൻ ത്യജിക്കാൻവരെ തയ്യാറായവരാണെന്നും സമുദായ മെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് അദ്ധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു.

സി.എസ്.ഐ. മദ്ധ്യകേരള മഹായിടവക ബിഷപ്പ് ഡോ. മലയിൽ സാബു കോശി ചെറിയാൻ, മന്ത്രി വി. എൻ. വാസവൻ, ജോസ് കെ. മാണി എം.പി., എം. എൽ. എ. മാരായ തിരുവഞ്ചൂർ രാധാകൃഷ്ണൻ, ജോബ് മൈക്കിൾ, പ്രമോദ് നാരായണൻ, ചാണ്ടി ഉമ്മൻ, ജില്ലാ പഞ്ചായത്തംഗം സുമ എബി, ക്നാനായ സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, അസ്സോസിയേഷൻ പ്രസിഡന്റ് ഫാ. വി.എ. ഏബ്രഹാം ഇളയശ്ശേരിൽ, വൈദിക ട്രസ്റ്റി ഫാ. എം. സി. സക്കറിയ മധുരംകോട്ട്, സ്വാഗതസംഘം ചെയർമാൻ ഫാ.ജേക്കബ് കല്ലുകുളം, സമുദായ ട്രസ്റ്റി റ്റി. സി. തോമസ് തോപ്പിൽ എന്നിവർ പ്രസംഗിച്ചു.

# ചെങ്ങളം സെന്റ് മേരീസ് സെഹിയോൻ ക്നാനായ പള്ളി ക്രിസ്തുമസ് പുതുവത്സര ആഘോഷങ്ങൾ



ചെങ്ങളം സെന്റ് മേരീസ് സെഹിയോൻ ക്നാനായ പള്ളിയിൽ ക്രിസ്തുമസ് പുതുവത്സര ആഘോഷങ്ങൾ 'കാന്റിക്കിൾസ് -2025' (Canticles-2025) ക്നാനായ സമുദായ വലിയമെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മാർ സേവേറിയോസ് ഉദ്ഘാടനം ചെയ്തു. പഞ്ചായത്തംഗം ലിസി സണ്ണി, വികാരി ഫാ. സാജൻ സി അലക്സ്, ഇടവക സെക്രട്ടറി ബിജു കുറിയാക്കോസ്, ക്നാനായ കോൺഗ്രസ് സെക്രട്ടറി ലിജോ പാറേക്കുന്നുംപുറം, ഇടവക ട്രസ്റ്റി പി. റ്റി. മാത്തുക്കുട്ടി, പ്രോഗ്രാം കൺവീനർ റെജി ഫിലിപ്പ് എന്നിവർ സമീപം.




# നോമ്പിന്റെയും ഉപവാസത്തിന്റെയും പ്രസക്തി എന്ത്?

ഇന്നു ലോകത്ത് അറിയപ്പെടുന്ന ഹിന്ദുമതം, ഇസ്ലാംമതം, ബുദ്ധമതം തുടങ്ങി മിക്കവാറും എല്ലാ മതങ്ങളിലും നോമ്പും ഉപവാസവും ആചരിക്കുന്ന രീതി ഉണ്ട്. ക്രിസ്തീയ സഭയിൽ നോമ്പും ഉപവാസവും ഉണ്ടായത് യഹൂദപാരമ്പര്യത്തിൽ നിന്നാണ്. പാപം ചെയ്തു എന്ന് ബോധ്യമാകുമ്പോൾ പശ്ചാത്താപത്തിന്റെ സൂചനയായും, ജീവിതത്തിലുണ്ടാകുന്ന ദുരന്തങ്ങളുടേയും വിലാപത്തിന്റേയും കാലത്ത് പ്രാർത്ഥനയുടെ ഭാഗമായും യഹൂദന്മാർ നോമ്പും ഉപവാസവും ആചരിച്ചുപോന്നു (1. ശമു 7:6, ന്യായധി. 20–26, 2. ദിന. 20:3).

സഭയിൽ വർഷത്തിൽ പലപ്രാവശ്യമായി പുണ്യപിതാക്കന്മാർ ക്രമീകരിച്ചു തന്നിട്ടുള്ള നോമ്പ് വിശ്വാസികളുടെ ആത്മീയ ജീവിതത്തിലെ കുറവുകൾ കണ്ടെത്തി പരിഹരിക്കുവാൻ അവരെ സഹായിക്കുന്നു എന്നതിനൊപ്പം ശാരീരികവും മാനസികവുമായ തലത്തിൽ നല്ല ആരോഗ്യം കാത്തുസൂക്ഷിക്കുവാൻ പര്യാപ്തവുമാണ്. ഇപ്രകാരം വിശ്വാസികളുടെ സമ്പൂർണ്ണ വിശുദ്ധിയെ ലക്ഷ്യമാക്കി അനുഷ്ഠിക്കുന്ന ഒരു ദൈവിക ശിക്ഷണമാണ് നോമ്പും ഉപവാസവും.

നമ്മുടെ കർത്താവ് തന്റെ പരസ്യശുശ്രൂഷ ആരംഭിക്കുന്നതിനുമുമ്പ് മരുഭൂമിയിൽ പോയി 40 ദിവസം ഉപവസിച്ചു പ്രാർത്ഥിച്ചതോർക്കുക. മൂന്നര വർഷക്കാലത്തെ തന്റെ എല്ലാ പ്രവർത്തനങ്ങളുടേയും ചൈതന്യം തന്റെ ഉപവാസവും പ്രാർത്ഥനയും ആയിരുന്നു. “പ്രാർത്ഥനയാലും ഉപവാസത്താലും അല്ലാതെ ഈ ജാതി നീങ്ങിപ്പോവുകയില്ല എന്ന് കർത്താവ് തന്റെ ശിഷ്യന്മാരോട് കല്പിക്കുമ്പോൾ (മത്താ. 17:21) പൈശാചികശക്തികളേയും, ആലോചനകളേയും പ്രവർത്തനങ്ങളേയും, പ്രലോഭനങ്ങളേയും ചെറുത്തു തോൽപ്പിക്കുവാനുള്ള ഏറ്റവും ശക്തിയേറിയ ആയുധമാണ് ഉപവാസം എന്നു വ്യക്തമാകുന്നു.

പുതിയ നിയമസഭയിൽ അപ്പോസ്തോലിക കാലംമുതൽ പരി. ശ്ലീഹന്മാരും വിശ്വാസികളും നോമ്പും ഉപവാസവും അനുഷ്ഠിച്ചിരുന്നു (അപ്പോ. 13:,2, 14:23, 2.കൊരി. 2:27). രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ രചിക്കപ്പെട്ട “ഡിഡാകെ” എന്ന ഗ്രന്ഥത്തിൽ ആഴ്ചയിൽ രണ്ടുദിവസം (ബുധൻ, വെള്ളി) ഉപവസിക്കേണ്ടതിനെപ്പറ്റി രേഖപ്പെടുത്തിയിട്ടുണ്ട്. മൂന്ന് നോമ്പ്, വലിയനോമ്പ്, ശ്ലീഹാ നോമ്പ്, ദൈവമാതാവിന്റെ വാങ്ങിപ്പിനെ അനുസ്മരിക്കുന്ന ‘ശൂനോയോ നോമ്പ്’, കർത്താവിന്റെ ജനനപ്പെരുന്നാളിനോടനുബന്ധിച്ചുള്ള യൽദോ നോമ്പ് എന്നിവയാണ് കാനോനിക നോമ്പുകൾ. ദൈവമാതാവിന്റെ ജനനപ്പെരുന്നാളിനോടനുബന്ധിച്ച് അനുഷ്ഠിക്കുന്ന എട്ടുനോമ്പ് പരി. സുറിയാനി സഭ കാനോനികമായി അംഗീകരിച്ചിട്ടില്ലങ്കിലും പരി. ദൈവമാതാവിനോടുള്ള ബഹുമാനാർത്ഥം മിക്കവാറും എല്ലാ പള്ളികളിലും ഇന്ന് ഈ നോമ്പ് ആഘോഷപൂർവ്വം കൊണ്ടാടപ്പെടുന്നു.

നോമ്പിൽ ചില ഭക്ഷണപദാർത്ഥങ്ങൾ വെടിയണമെന്ന് സഭ നിഷ്കർഷിക്കുന്നത് ഭക്ഷണം തിന്മയായതുകൊണ്ടല്ല ശരീരത്തെ പുഷ്ടിപ്പെടുത്തുന്ന ഭക്ഷണപദാർത്ഥങ്ങൾ വെടിയുന്നതോടുകൂടി ഒരു പരിധിവരെ ഇന്ദ്രിയജയം പ്രാപിക്കാൻ സാധിക്കും എന്നുമാത്രമല്ല, ശരീരം ക്ഷീണിക്കുമ്പോൾ ആത്മാവ് ശക്തിപ്പെടും എന്ന തത്വവും ഇതിന്റെ പിന്നിലുണ്ട്. “ഞാൻ മറ്റുള്ളവരോടു സുവിശേഷം പ്രസംഗിച്ചിട്ട് കൊള്ളരുതാത്തവനായി തീരാതിരിക്കേണ്ടതിന് എന്റെ ശരീരത്തെ ദണ്ഡിപ്പിച്ച് അടിമയാക്കുന്നു (1.കൊരി. 9:29) എന്നാണ് വി. പൗലോസ് ശ്ലീഹാ നോമ്പിനെക്കുറിച്ച് പറയുന്നത്.

ഉപവസിക്കുക എന്നാൽ ‘കൂടെ വസിക്കുക” എന്നാണർത്ഥം. ലൗകിക ചിന്തയിൽനിന്നും ലോകബന്ധങ്ങളിൽ നിന്നുമൊക്കെ ഒഴിഞ്ഞ് പൂർണ്ണമായി ദൈവത്തിൽ ആയിത്തീരുന്ന ശ്രേഷ്ഠമായ ഒരനുഭവത്തിനുവേണ്ടി ഭക്ഷണം വെടിഞ്ഞ് ആത്മ -ശരീര-മനസ്സുകളെ ദൈവസന്നിധിയിൽ പൂർണ്ണമായി സമർപ്പിക്കുന്ന ഒരനുഭവമാണ് ഉപവാസം. കഴിയുന്നിടത്തോളം ഈ സന്ദർഭങ്ങളിൽ മൗനം പാലിച്ച് ധ്യാനനിരതരായി ഇരിക്കാൻ ശ്രമിക്കണം.





എബി

# ഹാരൾഡ് എവൻസ്

## അന്വേഷണാത്മക പത്രപ്രവർത്തനത്തിലെ ഇതിഹാസം

റെയിൽവേയിലെ ഒരു സാധാരണ എൻജിൻ ഡ്രൈവറുടെ മകൻ ലോകപ്രശസ്തനായ ഒരു പത്രപ്രവർത്തകനാകുക. അതിലൂടെ ആയുഷ്ക്കാലം മുഴുവൻ അനീതിയോടു പട പൊരുതുക. അങ്ങനെ പത്രപ്രവർത്തനത്തിലെ ഒരു ഇതിഹാസമായി മാറിയ അതുല്യപ്രതിഭയാണ് ഹാരൾഡ് എവൻസ്. അന്വേഷണാത്മക പത്രപ്രവർത്തനത്തിന്റെ മുഖമുദ്രയായിരുന്നു അദ്ദേഹം എന്നു തന്നെ പറയാം. നിർഭയം എങ്ങനെ എഴുതാമെന്നും പത്രപ്രവർത്തനം നടത്താമെന്നും എവൻസ് ലോകത്തിന് ഉജ്ജ്വല മാതൃക കാട്ടിക്കൊടുത്തു.



1928 ജൂൺ 28ന് ബ്രിട്ടനിലെ ഗ്രേറ്റർ മാഞ്ചസ്റ്ററിലാണ് എവൻസ് ജനിച്ചത്. വെയ്ൽസ് സ്വദേശികളായ ഫ്രെഡറിക് – മേരി ദമ്പതികളുടെ ആൺമക്കളിൽ മൂത്തയാളായിരുന്നു എവൻസ്. പിതാവ് റെയിൽവേയിൽ എൻജിൻ ഡ്രൈവറായിരുന്നു. അമ്മ വീടിനോട് ചേർന്ന് ഒരു പലചരക്കുകട നടത്തിയിരുന്നു. അവർ വൈകിട്ട് അത്താഴം കഴിക്കുമ്പോൾ ലോകകാര്യങ്ങൾ പലതും പതിവായി ചർച്ച ചെയ്തു വന്നു.

16–ാം വയസ്സിൽ പത്രപ്രവർത്തനം തുടങ്ങിയതിനു പിന്നിലുള്ള അദ്ധ്വാനത്തെക്കുറിച്ച് എവൻസ് പിൽക്കാലത്ത് എഴുതിയിട്ടുണ്ട്. കോളേജുപഠനവും സൈനിക സേവനവും കഴിഞ്ഞാണ് എവൻസ് പത്രപ്രവർത്തന രംഗത്തേക്ക് കടന്നുവന്നത്.

1981 ൽ എവൻസ് ടീനാ ബ്രൗണിനെ വിവാഹം ചെയ്തു. ടീനാ ബ്രൗൺ പത്രപ്രവർത്തന രംഗത്തായിരുന്നു. ഒരു മാഗസിൻ എഡിറ്റർ കൂടിയായിരുന്നു അവർ. എവൻസ് മറ്റൊരു കല്യാണം കൂടി കഴിച്ചിരുന്നു. രണ്ടിലും കൂടി അഞ്ചു കുട്ടികൾ ഉണ്ടായി.

1960 അവസാനം സൺഡേ ടൈംസിലൂടെ പുറത്തുവന്നത് ഞെട്ടിപ്പിക്കുന്ന വാർത്തകളായിരുന്നു. ഗർഭകാല ഛർദ്ദിക്ക് ശമനത്തിനായി കഴിക്കുന്ന മരുന്നിൽ കുട്ടികൾക്ക് ഗുരുതരമായ വൈകല്യങ്ങൾ കണ്ടുവന്നിരുന്നു. അവർക്ക് മരുന്നു കമ്പനിയിൽ നിന്ന് നഷ്ടപരിഹാരത്തിനായി എവൻസ് വാർത്തകൾ ശേഖരിച്ച് മരുന്നു കമ്പനിക്കെതിരെ പൊരുതി. അത് എവൻസിന് അനുകൂലമായ പൊതുജനാഭിപ്രായത്തിനിടയാക്കി.

റഷ്യൻ ചാരക്കേസ് D.C 10 വിമാനാപകടത്തെക്കുറിച്ചുള്ള റിപ്പോർട്ടുകളും എവൻസിനെ ലോകപ്രശസ്തനാക്കി.

1967 ൽ എവൻസ് സൺഡേ ടൈംസിൽ ചേർന്നു. എഡിറ്ററായി. 1981 ൽ മാധ്യമ ചക്രവർത്തി റൂപർട്ട് മർഡോക്കുമായുള്ള അഭിപ്രായ വ്യത്യാസങ്ങളെ തുടർന്ന് രാജിവച്ചു.

പിന്നീട് അമേരിക്കയിലേക്കു താമസം മാറ്റി. അവിടെ റാൻഡം ഹൗസ് പ്രസാധക സ്ഥാപനത്തിന്റെ പ്രസിഡന്റും പബ്ലീഷറുമായി.

എവൻസ് അന്വേഷണാത്മക പത്രപ്രവർത്തനത്തെ അടുത്തറിഞ്ഞത് 1956–1957 കാലത്തെ യു.എസ് സന്ദർശന വേളയിലായിരുന്നു. യു.എസിൽ കുടിയേറിയ ശേഷം യു.എസ്. ന്യൂസ് ആൻഡ് വേൾഡ് റിപ്പോർട്ടർ എഡിറ്റോറിയൽ ഡയറക്ടറായി. കോൻഡെനാസ്റ്റ് ട്രാവലർ മാഗസിൻ സ്ഥാപിച്ചു.

റാൻഡംഹൗസ് പ്രസിഡന്റും പബ്ലീഷറുമായി എവൻസ് അമേരിക്കൻ പ്രസാധക ലോകത്ത് തുടക്കമിട്ട വിപ്ലവത്തിന് സമാനതകളില്ല. 'പ്രൈമറി കളേഴ്സ്' പോലെയുള്ള നോവലുകളും മാർലൻ ബ്രാൻഡോയുടെ ആത്മകഥയും പുറത്തിറക്കി. കൂടാതെ പത്രപ്രവർത്തന രംഗത്തെ പ്രശസ്തരും പ്രഗത്ഭരുമായ വ്യക്തികളുടെ ഓർമ്മക്കുറിപ്പുകൾ പ്രസിദ്ധീകരിച്ച് പുതിയ വായനാനുഭവം തന്നെ സമ്മാനിച്ചു.

ചിത്രവിന്യാസം, രൂപകല്പന, ഉള്ളടക്കം തുടങ്ങി പത്രപ്രവർത്തനവുമായി ബന്ധപ്പെട്ട ഒട്ടേറെ ആധികാരികഗ്രന്ഥങ്ങളും അദ്ദേഹം എഴുതി. മനോരമയുടെ 'The week' ഇംഗ്ലീഷ് വാരികയിൽ 'സ്ലംഫ്ളേഷൻ' എന്ന പംക്തി കൈകാര്യം ചെയ്തിരുന്നത് ഹാരൾഡ് എവൻസാണ്. ഗുഡ്ടൈംസ് ബാഡ് ടൈംസ് ദി അമേരിക്കൻ സെഞ്ചറി, ദേ മേഡ് അമേരിക്ക, മൈ പേപ്പർ ചേസ് ട്രൂ സ്റ്റോറി ഓഫ് വാനിഷ്ഡ് ടൈംസ് മുതലായവയാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ.

പത്രപ്രവർത്തനത്തിലെ സമഗ്രസംഭാവനകൾക്ക് 2004 ൽ പ്രഭുപദവി നൽകി ബ്രിട്ടൻ എവൻസിനെ ആദരിച്ചു. ശുദ്ധമായ ഭാഷ, ലളിതമായ വിവരണം, കുറിക്കുകൊള്ളുന്ന ചോദ്യങ്ങൾ ഇവയൊക്കെയായിരുന്നു എവൻസിന്റെ പ്രത്യേകതകൾ. സത്യം പറയുന്നതിൽ കോടതി കയറേണ്ടി വന്നാൽപോലും പിന്മാറാത്ത പോരാട്ടവീര്യം അദ്ദേഹം കാത്തുസൂക്ഷിച്ചു. നിർഭയം എങ്ങനെ വാർത്തകൾ തയ്യാറാക്കാമെന്നുള്ളതിന്റെ ഉജ്വല മാതൃകയായിരുന്നു എവൻസിന്റെ അന്വേഷണാത്മക റിപ്പോർട്ടുകൾ.

മലയാള മനോരമയുമായുള്ള അദ്ദേഹത്തിന്റെ ബന്ധം പ്രസിദ്ധമാണ്. മനോരമയുടെ ഉറ്റബന്ധുവും മാർഗ്ഗദർശിയുമായിരുന്നു എവൻസ്. 2007 ൽ സംഘർഷകാലത്തെ പത്രസ്വാതന്ത്ര്യം എന്ന വിഷയത്തിൽ അദ്ദേഹം നടത്തിയ കെ. സി. മാമ്മൻ മാപ്പിള സ്മാരക പ്രഭാഷണം എക്കാലവും പ്രസക്തമായ ചിന്തകൾ പങ്കുവയ്ക്കുന്നതാണ്.

2020 സെപ്തംബർ 23 ന് ന്യൂയോർക്കിൽവച്ച് അദ്ദേഹം അന്തരിച്ചു. 92–ാമത്തെ വയസ്സിൽ ഹൃദയാഘാതം മൂലമായിരുന്നു മരണം. അങ്ങനെ അന്വേഷണാത്മക പത്രപ്രവർത്തനത്തിന്റെ മുഖമുദ്രയായിരുന്ന ആ ഇതിഹാസജീവിതം അരങ്ങൊഴിഞ്ഞു.

# സ്ലീബായെ വന്ദിക്കുന്നത് വിഗ്രഹാരാധനയോ?

ഉണ്ണി ഏബ്രഹാം കൊറ്റുചാലിൽ, ഇരവിപേരൂർ

സ്ലീബാ (കുരിശ്) മൂന്ന് ലോകത്തിൽ ഉള്ള ഒന്നിന്റെയും രൂപമോ സാദൃശ്യമോ പ്രതിമയോ അല്ലാത്തതിനാൽ അതിനെ വന്ദിക്കുന്നത് വിഗ്രഹാരാധനയോ ഒന്നും രണ്ടും കല്പനയുടെ (പുറ. 20:4–5) ലംഘനമോ ആകുന്നില്ല. കുരിശ് ബലിപീഠം ആകുന്നുവെന്നും, അത് പൂജ്യവസ്തു ആണെന്നും അത് വന്ദിക്കപ്പെടേണ്ടതും ആദരിക്കപ്പെടേണ്ടതുമാണെന്ന് അർത്ഥശങ്കക്കിടയില്ലാത്തവിധം കർത്താവ് തന്നെ വ്യക്തമാക്കിയിരിക്കുന്നു. (മത്തായി 23:16–22). അതിനാൽ നാം ദുഃഖവെള്ളിയുടെ സ്ലീബാ നമസ്ക്കാരത്തിൽ ഇപ്രകാരം ചൊല്ലുന്നു

"ആത്മാക്കളെ രക്ഷിച്ചൊരു
നിൻസ്ലീബായെ - നമിച്ചെങ്ങൾ
ചോരനൊപ്പം - ചൊല്ലുന്നു
മിശിഹാ– യോർക്കേണമെ ഞങ്ങളെ"

കർത്താവിൻ ക്രൂശ്മരണം ഒരു ബലിയായിരുന്നു. (എബ്രാ.9:26, 10:12)

ബലികളെ നീക്കീടും തിരുബലി ധന്യം
പുണ്യം നൽകും - ബലിയേ - സ്തോത്രം" (ദുഃഖവെള്ളി)

പഴയനിയമത്തിൽ പലയിടത്തും കുരിശിന്റെ നിഴൽ കാണാം. ആദ്യഫലപെരുന്നാളിൽ ലേവ്യാപുരോഹിതൻ 'കറ്റ' ഉയർത്തി നീരാജനവും ഉദർച്ചാർപ്പണവും ചെയ്യുമ്പോൾ അന്തരീക്ഷത്തിൽ ഒരു കുരിശ് രൂപാന്തരപ്പെടുന്നു (Vertical and Horizondal) (ലേവ്യ 23:9–11). സുറിയാനി സഭയിലെ വി.കുർബ്ബാനയിൽ പുരോഹിതൻ വിശ്വാസ സമൂഹത്തെ ആശിർവദിക്കുമ്പോൾ ഈ ക്രമം കാണാം. അവിടെയും ഒരു കുരിശാണ് അന്തരീക്ഷത്തിൽ രൂപപ്പെടുന്നത്. അത് വെള്ളത്തിൽ കുമിളപോലെ വലുതായി സകല വിശ്വാസികളുടെ മേലും അനുഗ്രഹങ്ങൾ വർഷിക്കുന്നു. സംഹാരദൂതനിൽ നിന്ന് രക്ഷപ്രാപിക്കുന്നതിന് പെസഹാകുഞ്ഞാടിന്റെ രക്തം കട്ടിളപടിമേലും കുറുപടിമേലും ചേർത്ത് വരക്കുമ്പോഴും അവിടെയും ഒരു കുരിശാണ് രൂപപ്പെടുന്നത് (പുറ.12:22–23). സഭയിലെ ഭവന ശുദ്ധീകരണത്തിൽ (കൂദാശയിൽ) ഈ ക്രമംകാണാവുന്നതാണ്. കർത്താവ് നിക്കോദിമോസിനോട് "മോശ മരുഭൂമിയിൽ പിച്ചളസർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനേയും ഉയർത്തേണ്ടതാകുന്നു" (യോഹ. 3:14). മോശ മരുഭൂമിയിൽ ഉയർത്തിയത് ഒരു മരക്കുരിശായിരുന്നുവെന്ന് വേദപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. എന്തെന്നാൽ ഒറ്റത്തൂണിൽ പിച്ചള സർപ്പത്തെ തൂക്കിയിടുകയോ കെട്ടിവയ്ക്കുകയോ ചെയ്താൽ പാളയത്തിന്റെ എല്ലാ കോണുകളിൽ നിന്ന് നോക്കിയാൽ കാണാൻ സാധിക്കയില്ല. ദാവീദ് പറയുന്നു "നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു" (സങ്കീ.23:4). ഇടയപാലനത്തിന്റെ നീണ്ട വടിയും ശിക്ഷണത്തിന്റെ ചെറിയകോലും യഥായോഗ്യം വച്ചാൽ അതൊരു കുരിശായിത്തീരുന്നു. ഇസ്രായേൽ ജനത്തെ ശപിച്ച് പരാജയപ്പെടുത്താൻ ബാലാർക്ക് കൊണ്ടുവന്ന 'ബിലെയാം' (സംഖ്യ.22:6) നാലുഭാഗത്തുള്ള മലകളിൽ നിന്ന് നോക്കുമ്പോഴും ഇസ്രായേൽപാളയം കുരിശ് രൂപത്തിലാണ് കാണുന്നത്. അതിനാൽ ശപിക്കാൻ വന്ന ബിലെയാം അനുഗ്രഹിച്ച് പിൻവാങ്ങുന്നതായി സംഖ്യ.22,23,24 അദ്ധ്യായങ്ങളിൽ കാണം. 'Camp of Israel' എന്ന് Goggle search ചെയ്താൽ കുരിശാണ് കാണുന്നത്.കർത്താവിന്റെ ശിഷ്യന്മാരുടെയും കാലത്ത് കുരിശിനെ ക്രിസ്ത്യാനികൾ വെറുപ്പോടെ വീക്ഷിച്ചിരുന്നു (കർത്താവിനെയും ശിഷ്യന്മാരെ വധിക്കാനുപയോഗിച്ചതിനാൽ). എന്നാൽ നാലാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ 'റോമാസാമ്രാജ്യം' ക്ഷയോന്മുഖമായിരുന്ന കാലത്ത് 'കോൺസ്റ്റാന്റിയൻ' ചക്രവർത്തി തങ്ങളെക്കാൾ വളരെ ശക്തരായ ഒരു സംഖ്യസൈന്യത്തെ നേരിടേണ്ടി വന്നപ്പോൾ ആകാശത്ത് കുരിശടയാളം ദർശിക്കുകയും 'ഇതിനാൽ നീ ജയിക്കും' എന്ന അശരീരിയും കേൾക്കുവാനിടയായി. ചക്രവർത്തി തന്റെ സൈന്യത്തിന്റെ യൂണിഫോമിൽ കുരിശടയാളം വരച്ച് യുദ്ധത്തിൽ പോകുകയും യുദ്ധത്തിൽ അത്ഭുതവിജയം നേടുകയും ചെയ്തു. ചക്രവർത്തിയുടെ മാതാവായ ഹെലൻ യെറുശലേമിൽ നിന്ന് വളരെ ക്ലേശങ്ങൾ സഹിച്ച് കർത്താവിന്റെ കുരിശ് കണ്ടെടുക്കയും അതിൽ സ്പർശിച്ചതു മൃതൻ ഉയർത്തെഴുന്നേൽക്കുകയും ചെയ്തു. ചക്രവർത്തി കുരിശിനെ വന്ദിക്കുകയും ചെയ്തു എന്നാണ് പാരമ്പര്യം.

"ഓ–സ്ലീബായെ കാണിക്കണമേ നിൻ മാഹാത്മ്യം
ഹാ–മൃതനായോൻ സ്ലീബായെ സ്പർശിച്ചെഴുന്നേറ്റു'

എ.ഡി. 313 ലെ മിലാൻ ഉടമ്പടി (ഇറ്റലി) യോടുകൂടി റോമാ സാമ്ര്യാജ്യത്തിൽ ക്രിസ്തുമതപീഢനം അവസാനിക്കുകയും ചക്രവർത്തി ക്രിസ്തുമതം സ്വീകരിക്കുകയും റോമാ സാമ്ര്യാജ്യത്തിന്റെ ഔദ്യോഗിക മതമായി ക്രിസ്തുമതം പ്രഖ്യാപിക്കുകയും ചെയ്തു. ഹെലനി രാജ്ഞി കർത്താവിന്റെ കുരിശ് കണ്ടെടുത്ത ദിനമായ സെപ്തംബർ 14 സുറിയാനിസഭ സ്ലീബാപെരുന്നാളായി ആഘോഷിച്ചു വരുന്നു. അതിനുശേഷമാണ് കുരിശ്

"ശുഭചിഹ്നം താൻ സ്ലീബാ
വിജയകൊടിതൻ സ്ലീബാ
നമ്മെ രക്ഷിച്ചീടും സ്ലീബാ" (വിവാഹ കൂദാശ)

ഒക്കെയായിത്തീർന്നത്. സ്ലീബാ ജീവന്റെയും രക്ഷയുടെയും അടയാളമാണ്. മനുഷ്യപുത്രന്റെ അടയാളമാണ് (മത്തായി 24:30), ജീവനുള്ള പുതുവഴിയാണ് (യെശ.35:8). മെത്രാപ്പോലീത്താമാരുടെ അംശവടിയിൽ സർപ്പത്തിന്റെ മുകളിൽ കുരിശ് കാണുമ്പോൾ സാത്താനെ ജയിച്ച മിശിഹായെ (കൊലോ.2:14) ആണ് സ്മരിക്കുന്നത്. അതിനാൽ

പിശാച് കുരിശുകണ്ടപോലെ എന്ന ഒരു പ്രയോഗം തന്നെ യുണ്ടായി. യാക്കോബ് ജോസഫിന്റെ മക്കളെ അനുഗ്രഹി ക്കുമ്പോൾ ഇടത് കൈയ്യുടെ മുകളിൽ വലത് കൈപി ണഞ്ഞ് കുരിശുരൂപത്തിൽ വച്ച് അനുഗ്രഹിക്കുന്നതായി കാണാം (ഉല്പ.48:17-20). ക്നാനായക്കാരുടെ വിവാഹത്തിൽ മാതാവ് ദമ്പതികളെ വാഴ്വ് കൊടുത്ത് അനുഗ്രഹിക്കുന്നതും ഈ വിധത്തിലാണ്. കുരിശ് അനുരഞ്ജനത്തിന്റെയും സമാ ധാനത്തിന്റെയും സാഹോദര്യത്തിന്റെയും പൂർണ്ണ സ്നേഹ ത്തിന്റെയും (1 യോഹ.3:16) സന്ദേശമാണ് നൽകുന്നത് (കൊ ലോ.3:14). എന്നാൽ ഇന്ന് അനേകർ കുരിശിന്റെ ശത്രുക്ക ളായി പരിണമിച്ചിരിക്കുന്നു (ഫിലി.3:18). കുരിശിനെ വെറു ക്കുന്നവർ എങ്ങനെ ക്രിസ്ത്യാനി എന്ന പേരിൽ യോഗ്യരാ കും. യെശയ്യാപ്രവാചകൻ കണ്ടതും (യെശ.6:1), യോഹ ന്നാൻ ശ്ലീഹ ദർശനത്തിൽ കണ്ടതുമായ ദൈവസിംഹാ സനം (വെളി.4:2-8) കുരിശുരൂപമായിരുന്നു. 22 അക്ഷരങ്ങൾ ഉള്ള എബ്രായ ഭാഷയിലെ പുരാതന ചിത്ര ലിപിയിൽ, ആണി, ക്രൂശിതനായ ഒരു മനുഷ്യൻ, കുരിശ് എന്നീ അക്ഷ രങ്ങൾ കാണാം. പീലാത്തോസ് അബദ്ധവശാലെങ്കിലും ഒരു അനശ്വര സത്യത്തിന്റെ മേലെഴുത്തുകാരനായി 'IESUS NAZARENUS REX IUDAEORUM' (നസ്രായനായ യേശു യഹൂദന്മാരുടെ രാജാവ്). ഇത് എബ്രായഭാഷയിലെ ചിത്രലിപിയിൽ വായിച്ച യഹൂദപ്രമാണിമാർക്ക് പരിഭ്രമം ഉണ്ടായി. അതിനാലാണ് പീലാത്തോസിനോട് മേലെഴുത്ത് തിരുത്തുവാൻ ആവശ്യപ്പെട്ടത് (യോഹ.19:19). യുദ്ധഭൂമിയിൽ മുറിവേറ്റ് അശരണരായി മരണത്തോട് മല്ലിടുന്നവരെ തേടി യെത്തുന്നത് കുരിശടയാളം ഉള്ള കൊടിയാണ് (Red Cross.)

**എന്താണ് കുരിശിന്റെ പ്രത്യേകത.**

അത് അജ്ഞാനിയെ ജ്ഞാനിയാക്കുന്നു (മത്തായി 27:54). ക്രൂശീകരണത്തിന് നേതൃത്വം വഹിച്ച റോമൻ ശതാ ധിപൻ കുരിശിൽ സംഭവിച്ച അത്ഭുതങ്ങൾ കണ്ടു പറഞ്ഞു ഇവൻ സാക്ഷാൽ ദൈവപുത്രനായിരുന്നു. കുരിശ് ലോക ത്തിന് വെളിച്ചം നൽകുന്നു (യോഹ.8:12). നല്ല ഉദ്ദേശത്തോ ടുകൂടി കുരിശ് ഉയർത്തപ്പെട്ടിടുന്നടത്ത് പള്ളികളും പള്ളി ക്കുടങ്ങളും ഉണ്ടാകുന്നു. അത് ജ്ഞാനം അഥവാ അറിവ് വർദ്ധിപ്പിക്കുന്നു (1 കൊരി.1:22). അത് ലോകത്തിന്റെ തന്നെ വെളിച്ചമായിത്തീരുന്നു. ബന്ധിതനെ മോചിപ്പിക്കുന്നു.(മ ത്താ.27:16-18, ലൂക്കോ. 4:18-19). കാരാഗ്രഹത്തിൽ അടക്ക പ്പെട്ടിരുന്ന കുപ്രസിദ്ധ തടവുകാരൻ ബറബ്ബാസ് മോചിക്ക പ്പെടുന്നു. ശത്രുക്കളെ മിത്രങ്ങൾ ആക്കിത്തീർക്കുന്നു (ലൂ ക്കോ.23:1-12). ഹേരോദേസും പീലാത്തോസും ശത്രുക്ക ളായിരുന്നു അവർ മിത്രങ്ങളായിതീരുന്നു. രഹസ്യശിഷ്യനെ പരസ്യശിഷ്യനാക്കുന്നു (യോഹ. 19:38-42). യഹൂദന്മാരുടെ ഉപദേഷ്ഠാവായിരുന്ന നിക്കോദിമോസും (യോഹ.3:1-2). അരി മത്വക്കാരൻ യോസഫ് എന്ന മന്ത്രിയുടെയും (ലൂക്കോ.23:50) ഭയം മാറ്റി കർത്താവിന്റെ കബറടക്കത്തിൽ പരസ്യമായി നേതൃത്വം നൽകുന്നു. അപ്രസിദ്ധനെ പ്രസിദ്ധനാക്കുന്നു (ലൂക്കോ. 23:26). കുറേന്ന്യക്കാരൻ ശീമോൻ കറുത്തവനും അടിമയുമായിരുന്നു. അവൻ കർത്താവിന്റെ കുരിശെടുത്ത് പിൻപറ്റിയതിനാൽ (ലൂക്കോ.14:27) അവൻ ഇന്നും സ്മരി ക്കപ്പെടുന്നു.

''നിന്നിൽ വിശ്വാസം പൂണ്ട്
പറുദീസാ നൽകപ്പെട്ട
ചോരനൊടൊത്ത് സ്തുതിപാടാൻ
ഞങ്ങൾക്കർഹതയേകേണമേ.''

കർത്താവിൽ പ്രസിദ്ധൻ' എന്ന് പൗലോസ് ശ്ലീഹ ശീമോനെ സംബോധന ചെയ്യുന്നു. പാപിയെ പറുദീസായിൽ എത്തിക്കുന്നു (ലൂക്കോ.23:43). കർത്താവിനെ കുരിശിൽ ഏറ്റു പറഞ്ഞ വലതുഭാഗത്തെ കള്ളൻ അപ്രതീക്ഷിതമായി പറു ദീസാ പൂകുന്നു. കരയുന്നവന് അമ്മയെ ലഭിക്കുന്നു (യോ ഹ. 19:25-27). കുരിശിന്റെ ചുവട്ടിൽ കരഞ്ഞുകൊണ്ട് നിന്ന പ്രിയശിഷ്യൻ യോഹന്നാന് സുറിയാനിക്കാരന്റെ അമൂല്യ സമ്പത്തായ അമ്മയെ തന്നെ ലഭിക്കുന്നു. പൗലോസ് ശ്ലീഹാ മനുഷ്യപുത്രന്റെ അടയാളമായ കുരിശ് (മത്തായി 24:30) ശരീ രത്തിൽ ധരിച്ചിരുന്നു (ഗലാ.6:17). യഹൂദപാരമ്പര്യം അനു സരിച്ച് മൂലക്കല്ല് കുരിശുരൂപമാണ് (സങ്കീ.118:20, യെശ. 28:16, എഫെ.2:20). അടയാളം വരയ്ക്കുക (ഉല്പ.4:15), നെറ്റിയിൽ മുദ്രയിടുക (വെളി.7:5). ഇവിടെയെല്ലാം കുരിശാണ് വരക്കു ന്നത് (കത്തോലിക്കാ സഭയിൽ കുരിശ് വരക്കുന്നത് നെറ്റി യിലാണ്). പൗലോസ് ശ്ലീഹാ പറയുന്നു. എനിക്ക് കർത്താ വിന്റെ കുരിശിലല്ലാതെ പ്രശംസിപ്പാനിടവരരുത് (ഗലാ.6:14). കുരിശ് കർത്താവിന്റെ കഷ്ടതയുടെ പ്രതീകമാണ് (എ ബ്രാ.12:2). അത് തികഞ്ഞ സ്നേഹത്തെ നിർഭയത്തെ വെളി പ്പെടുത്തുന്നു (റോമ. 5:8). അത് നശിച്ചുപോകുന്നവർക്ക് ഭോഷത്വവും രക്ഷിക്കപ്പെടുന്നവർക്ക് ദൈവശക്തിയുമാണ് (കോരി.1:18). കർത്താവിന്റെ ക്രൂശ് വ്യർത്ഥമാക്കരുതെന്ന് പൗലോസ് ശ്ലീഹായും നമ്മെ ഓർമ്മിപ്പിക്കുന്നു (1 കൊരി.1:17). സുറിയാനിക്കാരന്റെ കുരിശ് ശൂന്യമാണ് (ENPTY CROSS) ചിലർക്ക് ഇന്നും കർത്താവ് ക്രൂശിൽ തൂങ്ങിക്കിടക്കുന്നു, ഉയർത്തെഴുന്നേറ്റ് സ്വർഗ്ഗാരോഹണം ചെയ്തിട്ടില്ല. നാം കുരിശ് വരക്കുമ്പോൾ മുകളിൽ നിന്ന് താഴോട്ട് ഒരു I (ഐ) രൂപാന്തരപ്പെടുന്നു. ഇടത്തുനിന്ന് വല ത്തോട്ട് വരക്കുമ്പോൾ I (ഞാൻ) എന്ന ഭാവത്തെ ഈഗോയെ ഛേദിച്ച് കളയുന്നു/ഖണ്ഡിച്ചു കളയുന്നു.

കർത്താവ് 9-ാം മണിനേരത്ത് കുരിശിൽ കിടന്നുകൊണ്ട് എന്റെ ദൈവമേ, എന്റെ ദൈവമേ നീ എന്നെ ഉപേക്ഷിച്ച തെന്ത് എന്നർത്ഥമുള്ള 'ഏലോഹി ഏലോഹി ലമ്മ ശബ്ബ ക്താനി' എന്ന് ഉറച്ച് അട്ടഹസിച്ചു പറയുന്നതായി കാണാം (മർക്കോസ് 15:34). ഇതിനെ ചിലർ പിതാവ് പുത്രനെ കുരി ശിൽ കൈവിട്ടുകളഞ്ഞുവെന്ന് ദുർവ്യാഖ്യാനം നടത്തുന്ന തായി കാണാം. എന്നാൽ യഹൂദറബ്ബിമാർ (ഗുരു) സങ്കീർത്തനത്തിന്റെ ആദ്യഭാഗം ഉരുവിടുമ്പോൾ താഴെ ബാക്കിഭാഗം ചൊല്ലിപ്പൂർത്തീകരിക്കുന്ന പതിവ് യഹൂദപാര മ്പര്യമാണ്. (സുറിയാനിസഭ ഈ രീതി യഹൂദപാരമ്പര്യ ത്തിൽ നിന്നും സ്വീകരിച്ചതിനാൽ) ഇവിടെ യഥാർത്ഥ ഗുരുവും (യോഹ.20:16-17), മഹാപുരോഹിതനുമായ കർത്താവ് (എബ്രാ.6:20). തന്റെ പീഢാനുഭവത്തെയും ക്രൂശ് മരണത്തെയും പ്രവചനദൃഷ്ടിയിൽ കണ്ട് ദാവീദ് രേഖപ്പെ ടുത്തിയിരിക്കുന്ന 22-ാം സങ്കീർത്തനത്തിന്റെ ആദ്യഭാഗം ഉരു വിടുകയത്രേ ചെയ്യുന്നത്. ഇത് ഒരു ഓർമ്മപ്പെടുത്തലാണ്. പിതാവ് പുത്രനെ കൈവിടുമെങ്കിൽ എങ്ങനെ തന്റെ ആത്മാ വിനെ പിതാവിങ്കൽ ഭരമേല്പിക്കും (ലൂക്കോ. 23:46). പിതാവ് പുത്രനെ കൈവിടുമെന്ന് പറയുന്നത് അജ്ഞതയാണ് (യെ ശ. 53:4). പുത്രൻ ഒരു നിമിഷംപോലും ത്രിത്വ കൂട്ടായ്മ യിൽ നിന്ന് വേർപിരിയുന്നില്ല.

# തീർത്ഥാടനത്തിന്റെ ലക്ഷ്യം

ഫാ. ഡാർലി എടപ്പങ്ങാട്ടിൽ, മുളന്തുരുത്തി

പരിശുദ്ധന്മാരുടെ ജീവിതം തീർത്ഥാടനമാണ്. അങ്ങനെയുള്ള ജീവിതങ്ങളെ കണ്ടെത്താനുള്ള ശ്രമവും തീർത്ഥാടനമായി മാറുന്നു. ഈശ്വരവിശ്വാസിയുടെ ജീവിതവും ദൈവത്തിങ്കലേക്കുള്ള പ്രയാണവുമായി ഇത് പരിണമിക്കുന്നുണ്ട്. പ്രാണവായുവിനായി പിടയുമ്പോഴുള്ള ഉത്കണ്ഠയും ഇവിടെ ഉണ്ടാകുന്നു. ഇത് ആത്മാവിന്റെ പിടച്ചിലാണ്. ഈ പിടച്ചിലാണ് പരി.ഓമ്മല്ലൂർ ബാവായുടെ ഓർമ്മപ്പെരുന്നാളിലും ദൃശ്യമാകുന്നത്. ലോകയാത്രയിൽ പിടച്ചിലോടെ കുതിച്ചുപായുന്നവർ തങ്ങളുടെ മധ്യസ്ഥനാകുന്ന പുണ്യവാനെ അന്തർനേത്രം കൊണ്ട് ദർശിച്ച് ശക്തി പ്രാപിക്കുന്ന തീർത്ഥാടനമാണ് ഓമല്ലൂർപെരുന്നാൾ.

നമ്മുടെ മുറികളിലെ നാല് ചുവരുകളിൽ നിന്നും വാഹനങ്ങളിൽ നിന്നും ഫോണുകളിൽ നിന്നുമൊക്കെ ഒന്നിറങ്ങി ഒരുമിച്ച് നടന്നിട്ട് കാലമെത്രയായിട്ടുണ്ടാകും. അവിടെയാണ് ഓമല്ലൂർ ബാവായുടെ പെരുന്നാളിന്റെ ശ്രേഷ്ഠത.

വേർതിരിവും വിവേചനവുമില്ലാതെ എല്ലാവരെയും ഇവിടെ കാണാം. മനുഷ്യർ ഒരുമിച്ച് നടക്കുന്ന മനോഹരമായ കാഴ്ചയാണ് ഓമല്ലൂർ പെരുന്നാൾ. ഓമല്ലൂർ ബാവായുടെ ഓർമ്മകൾക്ക് മനുഷ്യരെ ഒരുമിപ്പിക്കുന്ന ഭാവമുണ്ട്. മനുഷ്യർ അകലുന്ന ദുരന്തമുഖത്ത് നിന്നുള്ള മടങ്ങിപ്പോക്കിന്റെ താളമാണ് തീർത്ഥാടന പദയാത്രകൾ ഹൃദയത്തിലുണർത്തുന്നത്. കരുണയുടെ ആൾരൂപമായ ഓമല്ലൂർ ബാവായുടെ ഓർമ്മകളിലേക്ക് നടന്നടുക്കുന്ന ജനക്കൂട്ടം ഒരുമയുടെ പ്രതീക്ഷയാണ്. ശ്രദ്ധാപൂർവ്വം നോക്കിയാൽ അവർക്കിടയിൽ വ്യത്യസ്ത വിശ്വാസം പുലർത്തുന്നവരുണ്ട്. നിറഭേദങ്ങളുണ്ട്. അസമത്വങ്ങളുണ്ട്. ആതുരരും രോഗികളുമുണ്ട്. പണ്ഡിതരും പാമരരുമുണ്ട്. ആണും പെണ്ണുമുണ്ട്. ആബാലവൃദ്ധരുണ്ട്. അസമത്വങ്ങൾക്കിടയിലും അവരൊരുമിച്ചാണ് ചുവട് വയ്ക്കുന്നത്. ഒരുമിച്ച് നടക്കാനുള്ള കരുത്ത് മനുഷ്യനിൽ നിന്ന് അശേഷം ചോർന്നുപോയിട്ടില്ല എന്നതാണ് ഓമല്ലൂർ തീർത്ഥാടനം പഠിപ്പിക്കുന്നത്.

തീർത്ഥം എന്ന പദത്തിന് കടവെന്നും അർത്ഥമുണ്ട്. കടവുകടന്ന് പുണ്യം പാനം ചെയ്യണമെന്നതാണ് തീർത്ഥാടകന്റെ ലക്ഷ്യം. ഇസ്രായേൽ വാഗ്ദത്തദേശമായ കനാനിൽ എത്തുന്നതിനു മുമ്പ് ചെങ്കടൽ കടന്ന സംഭവം പുറപ്പാട് പുസ്തകം 14–ാം അദ്ധ്യായത്തിൽ പറയുന്നു. ഭാരതീയ ആത്മീയ പശ്ചാത്തലത്തിലും നദി കടന്ന് അക്കരെയയെത്തി പുണ്യം പാനം ചെയ്യുന്ന തീർത്ഥാടനമുണ്ട്. ലോകജീവിതമാകുന്ന ജലപ്രവാഹത്തിൽ ഒട്ടേറെ പ്രതിസന്ധികൾ മുറിച്ച് കടന്ന് ശാന്തിയുടെയും സമാധാനത്തിന്റെയും തുറമുഖത്തെത്തുന്നതാണ് കടവ് കടന്നുള്ള തീർത്ഥാടനം. ലോകസമാധാനം നീന്തിക്കടന്ന് സമാധാനതുറമുഖം ഉറപ്പാക്കുകയെന്ന പൗരസ്ത്യക്രൈസ്തവദർശനം പരി.ഓമല്ലൂർ ബാവ ഉറപ്പിച്ചെങ്കിൽ പിൻഗാമികൾക്കും ഇതൊരു സാധ്യതയാണെന്ന ബോധ്യത്തിന്റെ ആഘോഷമാണിത്. മഹാനായ വ്യക്തിയുടെ ആറു ലക്ഷണങ്ങൾ 'നീതിസാരം' എന്ന ഗ്രന്ഥത്തിൽ വിവരിക്കുന്നത് ഇപ്രകാരമാണ്: ദാനം, സത്യം, ക്ഷമ, ശ്രദ്ധ, അസൂയയില്ലായ്മ, ധൃതി. പരി.ഓമല്ലൂർ ബാവായിൽ ഇവ നിറഞ്ഞുനിൽക്കുന്നു. പരി.ബാവാ ഇതാർജ്ജിച്ചത് നിരന്തരമായ തപസ്സിലൂടെയാണ്.

അവൻ വെളിച്ചമായിരുന്നില്ല, വെളിച്ചത്തിന് സാക്ഷ്യം വഹിക്കുന്നവൻ ആയിരുന്നു. സ്നാപകയോഹന്നാനെക്കുറിച്ചുള്ള സാക്ഷ്യമാണിത്. പരി.ഓമല്ലൂർ ബാവായെക്കുറിച്ചും ഈ സാക്ഷ്യം അനുയോജ്യമാണ്. പരിശുദ്ധന്റെ കബറിങ്കൽ പ്രാർത്ഥിച്ചിറങ്ങുന്നവരുടെ ഹൃദയങ്ങളിൽ നിറയുന്ന വെളിച്ചം ക്രിസ്തുസാന്നിദ്ധ്യത്തിന്റെ പൂർത്തീകരണമായി അനുഭവപ്പെടാം. ഒരുമിച്ചുനടക്കാനും ഒരുമിച്ചു ജീവിക്കാനും നാം പഠിച്ചുതുടങ്ങുന്നത് ഈ അനുഭവത്തിൽ നിന്നാണ്. ദൈവത്തിലേക്കും മനുഷ്യരിലേക്കും നിരന്തരം നടന്ന ഓമല്ലൂർ ബാവ സ്വജീവിതം കൊണ്ട് ഇങ്ങനെ ചിലതും പഠിപ്പിക്കുന്നുണ്ട്. മഞ്ഞനിക്കര തീർത്ഥാടനം കേവലം ഓമല്ലൂരിലേക്കുള്ള നടപ്പ് മാത്രമല്ല, മറിച്ച് പരിശുദ്ധനായ തിരുമേനി നടന്നതുപോലെ നടക്കാനുള്ള ശ്രമമാണ്.

എന്റെ പിതാവ് യാക്കൂബ് കോർ എപ്പിസ്ക്കോപ്പായ്ക്ക് വൈദികപട്ടം നൽകി അനുഗ്രഹിച്ചത് പരി.ബാവായുടെ തൃക്കരങ്ങളാലായിരുന്നുവെന്നത് സന്ദർഭവശാൽ സ്മൃതിപഥത്തിൽ തെളിയുന്നു.

ആ പരിശുദ്ധന്റെ പ്രാർത്ഥന നമുക്ക് കാവലും കോട്ടയും ആകട്ടെ.

●

**House Plots for Sale**

Dream Valley, Saippukavala
Chingavanam
1 KM from M.C. Road
Tel. 9744881237

# വചനത്തിലെ നിധി കണ്ടെത്തുവാൻ

**ജെയിനമ്മ മർക്കോസ്**
നടുവിലേപറമ്പിൽ, കുഴിമറ്റം

കാരുണ്യവാനേ, കാൽവറി നാഥാ
പാപവഴികൾ, വിട്ടുകൊണ്ട്
അങ്ങേയുടെ പാതെ ചരിച്ചിടുവാൻ
എന്നിലെ ഉൾക്കണ്ണ് തുറന്നു തരൂ!
വചന ദാഹത്തോടെ ഓടിവന്ന്
കർത്തന്റെ പാദത്തിൽ ചേർന്നിരുന്നാൽ
ജ്ഞാനവും വെളിപാടും തന്നുകൊണ്ട്
പൂർണ്ണമായി ദൈവത്തെ അറിഞ്ഞിടുമേ
ഭൂഷണത്തിൽ നിന്ന് നാവിനേയും
അവിഹിത വീക്ഷണത്തിൽ നിന്ന് കൺകളേയും
വ്യർത്ഥശ്രവണത്തിൽ നിന്ന് ചെവികളേയും
ഈശനേ, ശുദ്ധീകരിച്ചു സൗഖ്യമാക്കൂ!
ജ്ഞാനത്തിലും പ്രായത്തിലും വളരാൻ
ദൈവത്തിലും മനുഷ്യരിലും ധന്യരാകാൻ
ദൈവമേ, വൻകൃപ എന്നിലൊഴുക്കി
ഈ, മൺകൂടാരത്തെ ധന്യമാക്കൂ!
ഇന്നത്തെ ലോകമേ, ഒന്നു നിൽക്കൂ
പ്രായത്തിൽ മാത്രം വളർന്നാൽ പോരാ
ജ്ഞാനത്തിൽ വളരാനായി
കർത്തന്റെ കല്പന പാലിച്ചീടൂ
സോദരനെ, വെറുക്കുന്നവൻ ഇരുട്ടിലാണ്
ക്ഷണികമാം ജീവിതം ധന്യമാക്കാൻ
സോദരനെ ചേർത്തു പിടിച്ചുകൊണ്ട്
കർത്തന്റെ ദിശയിൽ യാത്ര ചെയ്യൂ
സ്വവർഗ്ഗരതി, സ്വയംഭോഗം, വ്യഭിചാരം
പ്രോണോഗ്രാഫി എന്നീ ദുഷ്ടന്റെ
കെണിയിൽ അകപ്പെടാതെ
ദൈവത്തിന്റെ സ്വരം കേട്ടിടുക
അല്ലയോ മക്കളെ അറിഞ്ഞിടുക
തിന്മയ്ക്ക് നേരെ കണ്ണു അടയ്ക്കൂ!
ഹൃദയ ശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ
അവർ, ദൈവത്തെ കാണുമല്ലോ
ദൈവം ഒരുക്കുന്ന വഴി തടയാൻ
ബലഹീനപാത്രത്തെ തേടിപ്പിടിച്ചു ദുഷ്ടൻ
അമിതമായ ദുഃഖവും നിരാശയും കൊടുത്തു
ജീവിതം ദുഃഖത്തിലാക്കിടുന്നു.
മൂന്നിലൊന്നു മാലാഖമാർ, പിശാചുക്കളായി
ദൈവമക്കൾക്ക് ചുറ്റും മൂന്നിൽ രണ്ട്
മാലാഖമാരുണ്ട് തിട്ടം
തന്മൂലം മക്കളെ സന്തോഷിക്കു!
മാലാഖന്മാർ ചുറ്റും കാവലുണ്ട്
വചനത്തിലെ നിധിയെ കണ്ടെത്തുവാൻ
കർത്തനോടൊത്തു യാത്ര ചെയ്യൂ
ഏതൊരു കാര്യം തുടങ്ങും മുമ്പേ
കർത്തനോടു കാര്യം പറഞ്ഞിടുക
അലസമായി ജീവിതം നയിച്ചിടാതെ
സോദരനെ, ചേർത്തു പിടിച്ചു കൊണ്ട്
സൽപ്രവൃത്തികൾ ചെയ്തിടുവാൻ
ദൈവമേ, നിൻകൃപ എന്നിലൊഴുക്കൂ!
ദൈവം, തന്ന ശ്വാസം എടുത്താൽ
പിന്നെ നന്നാകാൻ സാധ്യമല്ല
വചനത്തിൽ നിധിയാം സ്വർഗ്ഗരാജ്യം
പ്രാപിക്കാൻ നമുക്കു ഒരുങ്ങിടാമേ

# Nazareth Asramam, Othera

## List of Donations for the Period from 12/12/2025 to 12/01/2026

**Donation**


| | |
|---|---|
| 1. Joseph Al, Ambalapattu Thiruvanvandoor Chengannur | Rs. 6000 |
| 2. St. Stephens Church Bristol, U.K Sunday School Students | Rs. 6000 |
| 3. Thomas Chacko, Paruthiyath | Rs. 15000 |
| 4. Lukose Joseph, Edavazhickal, Kottayam | Rs. 10000 |
| 5. Noel Reji , Pulikavil, Eraviperoor | Rs. 6560 |

**T. K Kurian,Thekkattil**
Secretary
Mob : 9544695097

**To make your contributions :**
**Account Details**

M/s Nazareth Asramam Othera
A/c No: 17290100018264
Bank : Federal Bank Ltd.
Branch : Othera

# ഗോൾഡ് മെഡൽ നേടി



46th Kerala State Karate Championship Kumite (Fighting) Gold Medal നേടിയ ജീവൻ ജിനീവിന് അഭിനന്ദനങ്ങൾ. മാർ ഇഗ്നാത്തിയോസ് ക്നാനായ പള്ളി കുറിച്ചി ഇടവകയിൽ ആലഞ്ചേരിയിൽ ജിനീവ് കെ.കെ. യുടെയും ജിന്റു ജിനീവിന്റെയും മകനാണ്.




## വരനെ ആവശ്യമുണ്ട്

**M. 735**

Knanaya parents invite proposal for their daughter, 25/ 152cms, greencard holder, works as Registered Nurse in USA. Seeking alliance from professionally qualified, God fearing, Knanaya boys, preferably from USA.
Contact +91 9495067764

**M. 736**

Knanaya parents invite proposals for their daughter (25yrs /148 cm) pursuing her Master from University of Birmingham (UK) and currently employed in UK as registered Nurse seeking alliances from parents of professionally qualified and God fearing boys. WhatsApp: +97455285547

**M. 737**

B.Sc Nursing കഴിഞ്ഞ് ഇപ്പോൾ UK ൽ NHSൽ Registered Nurse ആയി ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (25/160 cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph: 9961283122, 9747588801

**M. 738**

Seeking alliance from God fearing knanaya girl who is willing to relocate to USA for Knanaya boy (35/5'11"/ very fair) raised in US, working for a reputed health insurance company Mob: 9544790521, 8921082228

**M. 739**

B.Sc Physician Assistant പാസ്സായി Caritas Hospital ൽ ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (26/152 cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph: 7356680562, 9496632235

**M. 740**

Knanaya parents invite proposals for their daughter (25 /171 cm) pursuing M.Tech at NIT (2nd year), Seeking proposal from parents of God fearing and professionally qualified boys. (Preferably working in India/ Kerala) Ph: 9447563733, + 64220871175 (New Zealand)

**M. 741**

സൗദി മിനിസ്ട്രിയിൽ B.Sc Nurse ആയി ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (26/160 cm) അനുയോജ്യരായ വിദ്യാഭ്യാസയോഗ്യതയുള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph: 9562432365, 9207624885

**M. 742**

B.Sc Nursing കേരളത്തിൽ നിന്നും പാസ്സായി ഇപ്പോൾ U.S.A (Houston) ൽ Registered Nurse ആയി ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (26/5'4") ദൈവഭയവും പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ളതുമായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Whats App: +1 346-744-9086, + 1 832-682-6412

**M. 743**

B.Tech Computer Science കഴിഞ്ഞു Cochi Infopark ൽ ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (26/153 cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph: 9947119682, 8592871702

**M. 744**

Knanaya parents invite proposal for daughter (25/ 165 cm) who completed MCA and working as software Enginneer in Kochi. Seeking alliance from parents of God fearing and professionally qualified working boys.
Contact No: 7619345222 (Whatsapp)

**M. 745**

B.Tech (Computer Science) കഴിഞ്ഞ് ഇപ്പോൾ Singapore ൽ ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (26/155 cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph: 9388803534, 9497414551

**M. 746**

Knanaya parents invite proposal for daughter (25/ 165 cm) who completed MCA and working as software engineer in Kochi. Seeking alliance from parents of God fearing and professionally qualified working boys.
Contact no: 7619345222 (Whatsapp)

**M. 747**

Knanaya parents invite proposals for their son B.Tech(ECE) 29 years..166 cm height who is working as a senior software Engineer with a reputed software company in Trivandrum. Well educated brides in IT/finance/ medical fields preferred. Contact: 9446986887

**M. 748**

Knanaya parents invite proposal for their daughter (26/ 154 cm), brought up outside Kerala, MSc Applied Statistics and presently employed as Sr. Associate - Pharma Analytics with a US based company in Baroda. We can be reached at +918141411416/+919426872265

**M. 749**

Knanaya parents settled in the U.S. invite proposals for their daughter (25 years/150 cm), B.Sc. Nursing graduate, currently working as a nurse in a reputed hospital in the U.S. Seeking alliance from parents of God-fearing and professionally qualified boys.Preference given to nurses.
Ph. 9539620976, +1 9599992960

## വധുവിനെ ആവശ്യമുണ്ട്

**M. 750**

Masters കഴിഞ്ഞ് UK ൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (28/175 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (UK ൽ ഉള്ള വർക്ക് മുൻഗണന).
Ph: 9747099331, 9947738147

**M. 751**

Knanaya parents invites proposal for their son (30/173cm) (ACCA) working in an audit firm in UK, Seeking suitable alliance. Mob:9496211442

**M. 752**

നാട്ടിൽ B.Tech കഴിഞ്ഞ് UK യിൽ M.Tech എടുത്ത് ഇപ്പോൾ UK യിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (30/172 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (UK ൽ ഉള്ള നേഴ്സുമാർക്ക് മുൻഗണന) Ph: 9744277515

**M. 753**

MBA കഴിഞ്ഞ് കൊച്ചിയിൽ പാരഗൺ ഗ്രൂപ്പിൽ അക്കൗണ്ടന്റായി ജോലി ചെയ്യുന്ന ക്നാനായ യുവാവ് (31/163 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph: 9744710409, 9778206702

**M. 754**

Knanaya parents invite marriage proposals for their son (28,166 cm), MS graduate, Industrial Engineer with the Federal Government, U.S. Green Card holder, and well settled in the USA. Seeking alliances from parents of God-fearing, well-qualified girls from Knanaya families, preferably working in engineering or medical fields. "Contact: +91 8129658947, +1 609 786 0584.

**M. 755**

Kuwait MOH ൽ Staff Nurse ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവ് (32/165 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (കുവൈറ്റിൽ ഉള്ള നേഴ്സുമാർക്ക് മുൻഗണന)
Ph: 9562498289

**M. 756**

B.Sc MIT കഴിഞ്ഞ് ഷാർജയിലെ പ്രമുഖ ഹോസ്പിറ്റലിൽ റേഡിയോഗ്രാഫറായി ജോലി ചെയ്യുന്ന ക്നാനായ യുവാവ് (28/163 cm) അനുയോജ്യരായ ദൈവ ഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph: 7293555549, 9747497738

**M. 757**

B.Sc Hotel Management കഴിഞ്ഞ് ജർമ്മനിയിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (26/166 cm) ജർമ്മനിയിൽ ജോലിയുള്ളതോ, പഠിച്ചുകൊണ്ടിരിക്കുന്നതോ ആയ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (നേഴ്സുമാർക്ക് മുൻഗണന) Ph: 8891356909, 9497227762

**M. 758**

MBA കഴിഞ്ഞ് അക്കൗണ്ടന്റായി ജോലി ചെയ്യുന്ന ക്നാനായ യുവാവ് (29/168 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph: 9947091851, 8848716310

**M. 759**

Australia യിൽ Occupational Therapist ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവ് (25/173 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Whats App No. + 61450271508

**M. 760**

UK യിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (27/5'7") അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. UK യിൽ ഉള്ളവർക്ക് മുൻഗണന. ഇൻഡ്യയിൽ ജോലി ചെയ്യുന്ന നേഴ്സുമാരെയും പരിഗണിക്കും.
Ph: 0044 7961086161, 0044 7859933812

**M. 761**

B.Tech Mechanial Engineering കഴിഞ്ഞ് ഖത്തറിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (27/178 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph: 9961754614, 9544206196

**M. 762**

Knanaya parents invite proposals for their son (30/176 cm) born and brought up in South Africa, working as a doctor in SA. Seeking suitable alliances from parents of God fearing and professionally qualified working girls born and brought up abroad. Preferably from SA.
Contact: +27832702854, +27786971976

**M. 763**

M.Com (Sap) പാസ്സായി Kottayam D.C. books (Corporate Office) ൽ Accounts Associate ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവ് (31/172 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph: 9847353932, 9744715489

**M. 764**

M.B.A. പാസ്സായി U.K. ൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (27/165 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph: 9400080308, 8078778660

**M. 765**

Knanaya parents invite proposals for their son B.Tech (ECE) 29 years.166 cm height who is working as a senior software Engineer with a reputed software com-

pany in Trivandrum. Well educated brides in IT/finance/ medical fields preferred. Contact 9446986887

**ക്നാനായ ഡോക്ടർ സഹോദരങ്ങൾക്ക്**

**M. 766**

UK Citizens ആയ ക്നാനായ കുടുംബത്തിലെ ഡോക്ടർമാരായ യുവാവിനും (25) സഹോദരിക്കും (23) ക്നാനായ സമുദായത്തിലുള്ള വധുവിനെയും വരനെയും ആവശ്യമുണ്ട്. UK ൽ MBBS പഠിച്ച് ഒരേ NHS Hospital ൽ Doctors ആയി ജോലി ചെയ്യുന്നു. UK യിൽ ഉള്ള Doctors / qualified Professional നും മുൻഗണന. Contact No. 00447447556983 (Whats App) Mob: +91 9961423223

## പുനർവിവാഹം

**വധുവിനെ ആവശ്യമുണ്ട്**

**M. 767**

തന്റേതല്ലാത്ത കാരണത്താൽ വിവാഹബന്ധം നിയമപരമായി വേർപെടുത്തിയതും ബാദ്ധ്യതകളില്ലാത്ത അമേരിക്കൻ ഫാർമസിസ്റ്റായി (Pharm D) യു. എസ്. സിറ്റിസണുമായ ക്നാനായ യുവതിയ്ക്ക് (31/155 cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: +1 (860) 9787262, +1 (860) 8330945

**M. 768**

Knanaya parents invite proposals for their daughter (29/165 cm) Legally divorced, no liabilites. Completed M.Com, B.Ed, and M.Ed. Working as a Higher Secondary Plus Two Teacher (contract) in a Centeral Governement Institution. Seeking alliances from parents of well-educated, professionally qualified, and God fearing boys.

Ph: 9400720672, 9446997720

**M. 769**

നിയമപരമായും സഭാപരമായും വിവാഹബന്ധം വേർപെടുത്തിയതും രണ്ടു കുട്ടികൾ ഉള്ളതും നാട്ടിൽ ഇലക്ട്രീഷനായി ജോലി ചെയ്യുന്നതുമായ ക്നാനായ യുവാവിന് (49/5'9") അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: 9446983249, 9061130747

## ശുഭചിന്തകൾ

**പിന്നിൽ നിന്ന് കുത്തുന്നവരോട് നന്ദി പറയുക. നമ്മൾ അവരുടെ മുന്നിൽ തന്നെയാണെന്ന് വീണ്ടും ഓർമ്മിപ്പിച്ചതിന്.**

**ജീവിതത്തിൽ എന്തു സംഭവിക്കുന്നു എന്നുള്ളതല്ല പ്രധാനം, ആ സംഭവങ്ങളോട് നിങ്ങൾ എങ്ങനെ പ്രതികരിക്കുന്നു എന്നതാണ് പ്രധാനം.**



## യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**ഒരു വിശ്വാസി, പാത്താമുട്ടം**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

**ഒരു വിശ്വാസി , റാന്നി**

**കൃപ മാത്യു, യു.എസ്.എ.**

## LAND FOR SALE

100 meters from ST: THOMAS VALIYA PALLI RANNY adjacent to ST:THERESA'S KNANAYA CATHOLIC CHURCH . 18.5 cent square land ideal for residential purpose (10+8.5, possible) not flood affected. Surrounded by knanaya residents. Well water available. Plot is Seperated by boundary wall. Asking price 4 lakh per cent.

**8921256465 (whatsapp).**

## ശുഭചിന്തകൾ

**നിങ്ങൾക്ക് ചെയ്യുവാൻ കഴിയുകയില്ലെന്ന് മറ്റുള്ളവർ പറയുന്ന കാര്യം ചെയ്യുന്നതാണ് ജീവിതത്തിലെ ഏറ്റവും വലിയ സന്തോഷം.**

## PROPERTY FOR SALE

1. 1500 sqft. 3 Bedroom Apartment near Vyttila junction, Ernakulam close to the Metro Station and Interstate Bus Terminal.
2. 17 Cent corner plot in Kottayam Thazhathangadi, Pazhayangadi.

**Contact: 9497706533**
**+44 7729756399 (Whats App)**

**11 – ാം ചരമവാർഷികം**
**04-03-2026**

**08 – ാം ചരമവാർഷികം**
**06-02-2026**

**07 – ാം ചരമവാർഷികം**
**16-01-2026**

**08 – ാം ചരമവാർഷികം**
**18-02-2026**





**ഏബ്രഹാം ചാക്കോ & തങ്കമ്മ ചാക്കോ**
**കൊച്ചുപറമ്പിൽ, കുന്നങ്കരി**

**ഏലിയാമ്മ ചാക്കോ & ഉതുപ്പാൻ ചാക്കോ**
**കാടാത്ത്, പച്ച, എടത്വ**

*ഈ നാട്ടിലെ വാസം ഞങ്ങൾ പൂർത്തിയാക്കി കുറെ ഓർമ്മകളും അതിലേറെ വേദനകളും നിങ്ങൾക്ക് നൽകിക്കൊണ്ട് സ്ഥിരമായ വാസസ്ഥലത്തേയ്ക്ക് ഞങ്ങൾ യാത്ര ആയി. വീണ്ടും നമ്മൾ ഒരുമിച്ച് കാണുന്നതുവരെ നിങ്ങളുടെ പ്രാർത്ഥനയിൽ ഞങ്ങളേയും ഓർക്കേണമേ*

പ്രാർത്ഥനയോടെ മക്കൾ, കൊച്ചുമക്കൾ

**05-ാം ചരമവാർഷികം**
**13-02-2026**



**പി. എം. ഏബ്രഹാം (ബാബു)**
**പാലക്കാട് (കുമരകം), പന്നിമറ്റം**

ഭാര്യ: മോളമ്മ ബാബു
മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ
**സന്തപ്ത കുടുംബാംഗങ്ങൾ**

**41-ാം ചരമവാർഷികം**
**27-02-2026**



**റ്റി.ഐ. ഇട്ടിയവിര (ബേബി)**
**തുണ്ടിയിൽ**
**ഈരയിൽക്കടവ്, കോട്ടയം**

നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**


സ്നേഹ സ്മരണയ്ക്ക്

**30-ാം ചരമവാർഷികം**
**27-02-2026**



**ശോശാമ്മ ഏബ്രഹാം**
**പുളിക്കാവിൽ**
**ഇരവിപേരൂർ**

**34-ാം ചരമവാർഷികം**
**05-03-2026**



**പി.റ്റി. കുര്യൻ**
(അനിയൻകുഞ്ഞ്)
**പഴയപീടികയിൽ**
**കല്ലിശ്ശേരി**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

---

സ്നേഹ സ്മരണയ്ക്ക്

**13-ാം ചരമവാർഷികം**
**28-02-2026**



**സി. എ. മറിയാമ്മ**
**(Rtd. Teacher)**
**പുളിക്കാവിൽ**
**ഇരവിപേരൂർ**

**06-ാം ചരമവാർഷികം**
**27-02-2026**



**തങ്കമ്മ ഫിലിപ്പ്**
**കുറ്റിശ്ശേരിൽ**
**ചിങ്ങവനം**

**സന്തപ്ത കുടുംബാംഗങ്ങൾ**

---

**12-ാം ചരമവാർഷികം**
**14-02-2026**



**സുമ തങ്കച്ചൻ**
**കൊച്ചുപറമ്പിൽ, ചിങ്ങവനം**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

ഭർത്താവ്: തങ്കച്ചൻ
മക്കൾ: സെന്റിൽ മോൻ, സെജിൻ മോൻ
മരുമക്കൾ: ആശ, റ്റിജി,
കൊച്ചുമക്കൾ: അനിഷ്ക, സിയോണ, ഇവ

---

**19th DEATH ANNIVERSARY**
**19-02-2026**



**P. J. A. MOHAN**
**Palliambil**
**Kuttoor, Thiruvalla**

Inserted by:
Sorrowing Family



*In loving memory*

## 10-ാം ചരമവാർഷികം
07-04-2026

## പി. ജെ. ചെറിയാൻ





## 2-ാം ചരമവാർഷികം
5-03-2026


## തങ്കമ്മ ചെറിയാൻ

## പടിയറ, കോഴിമല

മകൻ- മോനച്ചൻ & ആൻസി
കൊച്ചുമക്കൾ- ടോണി, ടീന, ടിനു, ഷാർലറ്റ്, എലജ,

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

Advt - S



2 – ാം ചരമവാർഷികം

14–02–2026

# കെ.എ. ജോസഫ്

(ബേബി)

കുളപ്പള്ളിൽ, തെങ്ങേലി

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

| 40 – ാം ചരമദിനം | 9 – ാം ചരമവാർഷികം | 17 – ാം ചരമവാർഷികം |
|---|---|---|
| 07–02–2026 | 23–02–2026 | 20–04–2026 |
|  |  |  |
| **Shibu K Oommen** | **K. O. Oommen** | **C.P. Kunjamma** |

കന്നാകുഴിയിൽ, വള്ളംകുളം

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## 11th Death Anniversary
25-02-2026

## 23rd Death Anniversary
21-07-2026



**Mariamma Chacko**
Retd. H.M. St. Thomas HSS, Ranny

**Dr. P.T. Philip**
Retd. Joint Director, AHD-Kerala

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

Paranickal, Vaikom, Ranny

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S



## 18 -ാം ചരമവാർഷികം
17-3-2026

## കെ. സി. ജോസഫ്
(അനിയൻകുഞ്ഞ്)
കോയിക്കൽ, അങ്ങാടി, റാന്നി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

കോയിക്കൽ സോമിൽ, അങ്ങാടി, റാന്നി.
കോയിക്കൽ ഫർണിച്ചർ മാർട്ട്, മാമൂക്ക്, റാന്നി
9446708529
കോയിക്കൽ ഫർണിച്ചേഴ്സ്, അങ്ങാടി, റാന്നി
9447395775

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S



## 40 – ാം ചരമദിനം

15 – 02 – 2026

## എം. എ. തോമസ് (തൊമ്മച്ചൻ)

### കൊച്ചുമാലത്തുശ്ശേരിൽ ചിങ്ങവനം

2. തിമോത്തിയോസ് 4:7

"ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തു"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

## 16 – ാം ചരമവാർഷികം

21 – 2 – 2026



Advt - R

## കെ. സി. തോമസ് (തോമാച്ചൻ)

കടവിൽ, കാരാപ്പുഴ, കോട്ടയം

*സന്തപ്ത കുടുംബാംഗങ്ങൾ*

## 17 – ാം ചരമവാർഷികം

4 – 03 – 2026



Advt -R


## ജോസഫ് സഖറിയ

പാലക്കുടിയിൽ, ചിങ്ങവനം

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

**04-ാം ചരമവാർഷികം**
**01-03-2026**




**BINOY POTHEN**
**POWARA**
**VALLAMKULAM**
**THIRUVALLA**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

**09 – ാം ചരമവാർഷികം** **10- 02- 2026**

**03 – ാം ചരമവാർഷികം** **06-03-2026**






**ജോസഫ് തോമസ്**
(തങ്കച്ചൻ)

**പ്രിറ്റി നിതിൻ**

**ചേന്നങ്ങാട്ട്**
**വാകത്താനം**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**


**14 – ാം ചരമവാർഷികം**
**01-02-2026**



**കെ.ജെ. ഏബ്രഹാം** (ജോയി)
**കരിങ്ങാട്ടിൽ**
**കുറ്റൂർ**

**സന്തപ്ത കുടുംബാംഗങ്ങൾ**

**32 – ാം ചരമവാർഷികം**
**31-01-2026**



**K.C. Jacob**
**Kalathil, Kurichy**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

**27 – ാം ചരമവാർഷികം**
**11-03-2026**



**അച്ചുക്കുട്ടി തോമസ്**
**ഇടശ്ശേരിൽ (Elite)**
**പഴവങ്ങാടി, റാന്നി**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

**40th Death Anniversary**
**26-02-2026**



**In Loving memory of**
**K.O. CHACKO**
(Retd. Sales Tax Asst. Commissioner)
**Kavumkal**
**Nellickkamon P.O., Ranny**
**Sorrowing Family**

**05-ാം ചരമവാർഷികം**
**26-02-2026**



**കെ. എ. ഏബ്രഹാം (ബേബി)**
**കൊച്ചേത്ത് പുതുവേലിൽ**
**ഐത്തല, റാന്നി**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

**വേർപാടിന്റെ 25 -ാം വർഷം**
**06-03-2026**



**CHINNAMMA THOMAS**
**PAZHAYAPEEDIKAYIL**
**KALLISSERY**
**Inserted by: Sorrowing Family**

MADONA
MARBLES & GRANITES
M.C.Road, Pakkil P.O., Pallom, , Kottayam- 12
T.K. Road, Kumbanad, Thiruvalla

## 17th Death Anniversary
**28-02-2026**



## Susan Mathew
**Oorakkamannil, Karuvelithara**
**Vallamkulam**

Husband: K.O. Mathew Daughter in law: Babitha Jerin
Children: Jerin, Jubin Grand Daughter: Geona Susan Jerin

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.
**സന്തപ്ത കുടുംബാംഗങ്ങൾ**

## 33 – ാം ചരമവാർഷികം
**14-02-2026**



## ലീലാമ്മ കുര്യൻ
**ഊരാക്കമണ്ണിൽ**
**തോട്ടപ്പുഴ, ഇരവിപേരൂർ**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

## 20–ാം ചരമവാർഷികം
**23-02-2026**



## പാപ്പച്ചൻ

## 07–ാം ചരമവാർഷികം
**13-03-2026**



## ഏലിക്കുട്ടി

**മേലേൽ, റാന്നി**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.
**സന്തപ്ത കുടുംബാംഗങ്ങൾ**

**10-ാം ചരമവാർഷികം**
**01-01-2026**

**18-ാം ചരമവാർഷികം**
**24-02-2026**



**K.K. Philip** **Mariamma Philip**


**Kovoor**
**Angadi, Ranni**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

---

**03 –ാം ചരമവാർഷികം**
**02-01-2026**

**07 –ാം ചരമവാർഷികം**
**09-06-2026**




**കെ. ഒ. ഏബ്രഹാം** **തങ്കമ്മ ഏബ്രഹാം**

**കിടങ്ങേറ്റിപറമ്പിൽ**
**കറ്റോട്**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

---

**10-ാം ചരമവാർഷികം**
**29-02-2026**



**തോമസ് ചാക്കോ (സണ്ണി)**
**കണ്ടത്തിൽ, പുല്ലരിക്കുന്ന്, കോട്ടയം**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

---

**10 –ാം ചരമവാർഷികം**

**03-02-2026** **06-07-2026**




**എൻ.ഐ. ഇട്ടിയവിര** **മറിയാമ്മ ഇട്ടിയവിര**

**നെടുന്തറയിൽ**
**കുറ്റൂർ, തിരുവല്ല**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

## 66 –ാം ചരമവാർഷികം

## 02-02-2026



# മാത്തൻ അബ്രഹാം


**(കലകാരൻ മാളികയിൽ അവറാച്ചൻ മാപ്പിള)**

**പുത്തൻപറമ്പിൽ, ചിങ്ങവനം**

**Grandson: Chacko Thomas and Family**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ

**01-ാം ചരമവാർഷികം**
**15-02-2026**



**മേരിക്കുട്ടി ഉപ്പായി**
**കണ്ണകേരിൽ, കുറിച്ചി**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

**04-ാം ചരമവാർഷികം**
**28-02-2026**



**ABRAHAM C.C. (Monz)**
**Koithra, Pathamuttom**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

**10 – ാം ചരമവാർഷികം**

**16-02-2026** **12-04-2026**





**കെ. യു. മാത്യു**
(കുഞ്ഞൂട്ടിച്ചായൻ)

**കുഞ്ഞമ്മ മാത്യു**

**കളരിക്കമുറിയിൽ**
**ഒഴുവൻപാറ, റാന്നി**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

**47 – ാം ചരമവാർഷികം**
**27-2-2026**

**20 – ാം ചരമവാർഷികം**
**10-02-2026**





**റ്റി. ഐ. സ്കറിയ**
(കറിയാപ്പു)

**ശോശാമ്മ സ്കറിയ**

**തൈക്കുറിഞ്ഞിയിൽ, തോപ്പിൽ**
**തിരുവൻവണ്ടൂർ**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

17th Death Anniversary
08-02-2026



**O.U. JACOB**
(Rtd. Chief Engineer K.S.E.B.)
**ULLATTIL**
**PAKKIL, KOTTAYAM**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

24th Death Anniversary
25-02-2026

22nd Death Anniversary
20-10-2026



**P. U. Joy**

**Kunjunjamma Joy**

**Puthuchirayil**
**Ranni**

**Sorrowing Family**

23-ാം ചരമവാർഷികം
08-02-2026



**പി.സി. ജോസ്**
പവിത്രമംഗലം (കിഴക്കില്ലത്ത്)
റാന്നി

സന്തപ്ത കുടുംബാംഗങ്ങൾ

25th Death Anniversary

35th Death Anniversary



**Mr. K C Thomas**
**&**
**Mariyamma Thomas**
Kuttothara House,
Vilakkuvettom P.O.,
Punalur

19 – ാം ചരമവാർഷികം
19-02-2026




അമ്മിണി ഏബ്രഹാം
നെടുന്തറയിൽ
കുറ്റൂർ
സന്തപ്ത കുടുംബാംഗങ്ങൾ

13 – ാം ചരമവാർഷികം
15-02-2026



റ്റി. ഏബ്രഹാം (തങ്കച്ചൻ)
കുരിയ്ക്കൽ
കല്ലിശ്ശേരി
സന്തപ്ത കുടുംബാംഗങ്ങൾ

40 – ാം ചരമദിനം
06-02-2026




കെ. റ്റി. തോമസ് (ബേബി)
കോയിക്കലോടത്ത്
കുറ്റൂർ
സന്തപ്ത കുടുംബാംഗങ്ങൾ

05 – ാം ചരമവാർഷികം
30-01-2026




കുഞ്ഞുമോൾ ബേബി
കൊക്കരവാലയിൽ
(കുടിലിൽ) വാകത്താനം
സന്തപ്ത കുടുംബാംഗങ്ങൾ

63 – ാം ചരമവാർഷികം
03-03-2026



മറിയാമ്മ പുന്നൂസ്
(കൊച്ചുമറിയാമ്മ)

19 – ാം ചരമവാർഷികം
04-02-2026



പി. എം. പുന്നൂസ്
(ബേബി)


06 – ാം ചരമവാർഷികം
02-02-2026



ഷൈനി മാത്യു
(ഹാൻസി മോൾ)

പെരുമ്പള്ളിപറമ്പിൽ, കോട്ടയം
സന്തപ്ത കുടുംബാംഗങ്ങൾ

02 – ാം ചരമവാർഷികം
06-02-2026



സെക്കറിയ സി. ഏബ്രഹാം
കൊക്കരവാലയിൽ
(ചക്കുംമൂട്ടിൽ) വാകത്താനം
സന്തപ്ത കുടുംബാംഗങ്ങൾ

01 – ാം ചരമവാർഷികം
21-03-2026




ചാച്ചിയമ്മ കുഞ്ഞപ്പൻ
ചിറ്റേടത്ത്
തേരിട്ടമട
സന്തപ്ത കുടുംബാംഗങ്ങൾ

23rd Death Anniversary
25-02-2026




Thankamma Kuruvilla
Onattu, Chalukunnu
Kottayam
Sorrowing Family

01 – ാം ചരമവാർഷികം
27-02-2026




ചാക്കോ തോമസ്
പള്ളിക്കപ്പറമ്പിൽ
കുറിച്ചി
സന്തപ്ത കുടുംബാംഗങ്ങൾ



ഒരിക്കലും
മരിക്കാത്ത
ഓർമ്മകളുമായി
നിത്യതയുടെ തീരത്ത്
വീണ്ടും
കാണാമെന്നുള്ള
പ്രത്യാശയോടെ

40 – ാം
ചരമദിനം
16 – 02 – 2026



## കുരുവിള ജേക്കബ് & ജാൻസി കുരുവിള

### പുതിയാപറമ്പിൽ, ചിങ്ങവനം

ഈ നാട്ടിലെ വാസം ഞങ്ങൾ പൂർത്തിയാക്കി കുറെ ഓർമ്മകളും അതിലേറെ വേദനകളും നിങ്ങൾക്ക് നൽകി കൊണ്ട് സ്ഥിരമായ വാസസ്ഥലത്തേയ്ക്ക് ഞങ്ങൾ യാത്ര ആയി. വീണ്ടും ഒരുമിച്ച് കാണുന്നതുവരെ നിങ്ങളുടെ പ്രാർത്ഥനയിൽ ഞങ്ങളേയും ഓർക്കേണമേ

പ്രാർത്ഥനയോടെ മക്കൾ, കൊച്ചുമക്കൾ

Advt - O

---

26 – ാം ചരമവാർഷികം
29 – 1 – 2026

20 – ാം ചരമവാർഷികം
28 – 2 – 2026



## N. U. Thomas    Chinnamma Thomas

### Neduvoppil, Kurichy

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R

---

8th Death Anniversary
20 - 02 - 2026

2nd Death Anniversary
26 - 02 - 2026





## ഏലിയാമ്മ മാത്യു (ലീലാമ്മ)

## തങ്കമ്മ തോമസ്
(സൺഡേസ്കൂൾ അധ്യാപിക)

### കറയക്കള്ളിൽ, തിരുവൻവണ്ടൂർ

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

Registered No. KL/CHC/29/2024-26
Published on 15 February 2026
License No. KL/CR/CHC/WPP-3/2024-26
Licensed to Post Without Prepayment

KNANAYA DEEPAM
Chingavanam

Posted at RMS Kottayam

PRGI No. KERBIL/2006/19210
Vol. 37, Issue: 2 ₹20

# വിവാഹിതരായി



ക്നാനായ സമുദായ മാനേജിങ് കമ്മിറ്റി അംഗം സജി താന്നിക്കൽ–ന്റെയും എൽസാ സജിയുടെയും മകൻ **സച്ചിൻ സജിയും** ചാലുങ്കൽ റെജിയുടെയും നിഷ റെജിയുടെയും മകൾ **ടാനിയാ റെജിയും** തമ്മിലുള്ള വിവാഹം ജനുവരി മാസം 12–ന് വാകത്താനം പുതുശ്ശേരി പള്ളിയിൽ **ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി**യുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

Advt - O




Advt - O

Printed And Published By **FR. JAICOBKUTTY K.S. KALLOOKULAM**, Owned By The Malankara Syrian Knanaya Archdiocese, Printed At Clemis Press, Clemis Centre, Chingavanam, Kottayam And Published At Clemis Centre, Chingavanam, Kottayam. Editor : **ABRAHAM MATHEW (ROY ACHAN) COR-EPISCOPA MULAMOOTTIL**